വി.എസ്. അച്യുതാനന്ദൻ, മുഖ്യമന്ത്രി

# തുല്യനീതി



# ഉറപ്പാക്കും

**ജനങ്ങളുടെയാകെ പ്രതീക്ഷയായിമാറിയിരിക്കുകയാണ് പുതിയ എൽ.ഡി.എഫ് സർക്കാർ. ക്രമസമാധാനത്തിലും പ്രകൃതിസംരക്ഷണത്തിലും മാത്രമല്ല സംസ്ഥാനത്തിലെ പൊതുവായ എല്ലാ പ്രശ്നങ്ങളിലും ചെയ്യാൻ കഴിയുന്നതൊക്കെ ചെയ്യാൻ മനസ്സുള്ള ഒരു മുഖ്യമന്ത്രിയെയും മന്ത്രിമാരെയുമാണ് കേരളജനതയ്ക്ക് ലഭിച്ചിരിക്കുന്നത്.**

എന്റെ നേതൃത്വത്തിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്ത പുതിയ സംസ്ഥാന ഗവണ്മെന്റിനുവേണ്ടി കേരളത്തിലെ മുഴുവൻ ജനങ്ങളെയും ആദ്യമായി അഭിവാദ്യം ചെയ്തുകൊള്ളുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ദുർഭരണത്തിന് അറുതി വരുത്തി ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ അധികാരത്തിലെത്തിച്ച വോട്ടർമാരോടുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു. ഒപ്പം കക്ഷിരാഷ്ട്രീയ ഭേദമെന്യേ സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യനീതി ഉറപ്പാക്കും എന്ന് പ്രഖ്യാപിക്കാനും ഞാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുന്നു.

കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ വലിയ പ്രതീക്ഷയോടുകൂടിയാണ് പുതിയ സർക്കാരിനെ നോക്കിക്കാണുന്നത്. അധികാരം ഒഴിയുന്ന യു.ഡി.എഫ്. സർക്കാരിന്റെ ദുഷ്ചെയ്തികൾ പുതിയ സർക്കാർ തിരുത്തുമെന്നും കേരളത്തെ ഐശ്വര്യപൂർണമായ ഒരു ഭാവിയിലേയ്ക്ക് കൈപിടിച്ചുയർത്തുമെന്നും ജനങ്ങൾ വിശ്വസിക്കുന്നു. ജനങ്ങൾ അർപ്പിക്കുന്ന വിശ്വാസത്തിനും പ്രതീക്ഷയ്ക്കും ഒത്ത് ഉയരാൻ പരമാവധി ആത്മാർത്ഥതയോടെ പരിശ്രമിക്കുമെന്ന് പുതിയ ഗവൺമെന്റിനുവേണ്ടി ഞാൻ ഉറപ്പുതരുന്നു.

ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ജനങ്ങൾ നോക്കിക്കാണുന്നത് കേരളത്തിന്റെ എല്ലാ സൽപാരമ്പര്യങ്ങളുടെയും പിന്തുടർച്ചാവകാശിയായിട്ടാണ്. കേരളത്തിൽ ഇന്ന് കാണുന്ന എല്ലാ നന്മകളുടെയും അടിസ്ഥാനം കൂട്ടായ ഇടപെടലുകളാണെന്ന് സാമൂഹിക ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. നോബൽ സമ്മാന ജേതാവായ അമർത്യാസെന്നും ഇതേ നിരീക്ഷണം നടത്തിയിട്ടുണ്ട്. കൂട്ടായ ഇടപെടലുകൾ എന്ന് പറയുമ്പോൾ അതിൽ ജനങ്ങൾ നടത്തുന്ന സമര, സമരേതര പ്രവർത്തനങ്ങളും ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളും ഉൾപ്പെടും. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിലെ ജനങ്ങൾ നടത്തിയ വിവിധങ്ങളായ സമരങ്ങളും, 12-ാം നിയമസഭയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പ് തന്നെയും കൂട്ടായ ഇടപെടലിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. ഇത്തരം ജനകീയ മുന്നേറ്റങ്ങളും അവയോടുള്ള അനുഭാവപൂർണമായ സർക്കാർ നടപടികളുമാണ് ആധുനിക കേരളത്തിന്റെ നിർമിതി സാധ്യമാക്കിയത്. കഴിഞ്ഞ ഗവണ്മെന്റിനെതിരെ ഉയർന്നുവന്ന ജനകീയ സമരങ്ങളുടെയും ജനവിധി 2006-ന്റെയും മഹത്തായ സന്ദേശം ഉൾക്കൊള്ളാൻ എന്റെ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്.

കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ദുർഭരണം ഗവൺമെന്റിലുള്ള ജനങ്ങളുടെ വിശ്വാസത്തെ തകർത്തുകളഞ്ഞിരിക്കുകയാണ്. ഗവൺമെന്റ് ജനങ്ങളുടെ ജീവനും സ്വത്തിനും മാനത്തിനും സംരക്ഷണം നൽകുമെന്നും സ്വൈരജീവിതം ഉറപ്പാക്കുമെന്നുമുള്ള വിശ്വാസമാണ് തകർന്നടിഞ്ഞത്. ഗുണ്ടാവിളയാട്ടവും മാഫിയാ സംഘങ്ങളുടെ തേർവാഴ്ചയും തസ്കരവീരന്മാരുടെ സ്വൈരവിഹാരവും അമ്മമാരുടെയും സഹോദരിമാരുടെയും മാനം കവരുന്ന സെക്സ് റാക്കറ്റുകളുടെ നെഗളിപ്പും തീവ്രവർഗീയ ഗ്രൂപ്പുകളുടെ വളർച്ചയും ജനമനസ്സുകളിൽ നടുക്കമുണ്ടാക്കിയ വർഷങ്ങളാണ് കടന്നുപോയത്. സമുദായ മൈത്രിയ്ക്കും സമാധാനത്തിനും കീർത്തികേട്ട കേരളം വർഗീയ സംഘർഷങ്ങളുടെയും കലാപങ്ങളുടെയും നാടാവുന്നതും നമുക്ക് കാണേണ്ടി





വന്നു. എന്റെ ഗവൺമെന്റിന്റെ മുൻഗണനകളിലൊന്ന് ഈ ദുരവസ്ഥയിൽ നിന്ന് കേരളത്തെ മോചിപ്പിക്കുകയാണ്. സ്ത്രീപീഡന റാക്കറ്റുകളെയും മാറാട് കലാപത്തിന് ഉൾപ്പെടെ നേതൃത്വം നൽകിയ തീവ്രവർഗീയ ഗ്രൂപ്പുകളെയും മോഷണ സംഘങ്ങളെയും വിട്ടുവീഴ്ചയില്ലാത്ത നടപടികളിലൂടെ അമർച്ച ചെയ്യും. ഇതിനായി നിയമത്തിലും, കോടതി നടത്തിപ്പിലുമുള്ള പോരായ്മകൾ അടിയന്തരമായി പരിഹരിക്കും.

കേരള സമൂഹത്തിന്റെ നേർപകുതിയോ അതിലധികമോ ആണ് സ്ത്രീകൾ. സ്ത്രീകളുടെ മനസ്സിനെ ഭയത്തിന്റെ മുൾമുനയിൽ നിർത്തുന്നത് ഒരു പരിഷ്കൃത സമൂഹത്തിനും യോജിക്കുന്നതല്ല. സ്ത്രീപീഡന സംഘങ്ങളെ കയ്യാമം വച്ച് ജയിലിലടയ്ക്കും എന്ന എന്റെ തെരഞ്ഞെടുപ്പ് പ്രസംഗങ്ങളിലെ വാഗ്ദാനം ഇപ്പോൾ മുഖ്യമന്ത്രി എന്ന നിലയിൽ ആവർത്തിക്കുകയാണ്. സ്ത്രീപീഡനക്കേസുകളിൽ നീതി നടത്തിപ്പ് ഒട്ടും വൈകാതെ നോക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കും.

ജനങ്ങളുടെ ജീവനും സ്വകാര്യ സ്വത്തിനും സംരക്ഷണം നൽകുന്നതുപോലെ തന്നെ പ്രധാനമാണ് സമൂഹത്തിന്റെ പൊതുസ്വത്ത് സംരക്ഷിക്കുക എന്നതും. ഇക്കാര്യത്തിലും തീർത്തും നിരാശാജനകമായ പ്രകടനമായിരുന്നു മുൻ സർക്കാരിന്റേത്. കാടും കായലും കടൽത്തീരവും മറ്റ് പൊതുസ്ഥലങ്ങളും പൊതുസ്വത്തും കയ്യേറ്റക്കാർ പിടിച്ചെടുക്കുന്നതിന് കേരളം സാക്ഷിയായി. ഇത്തരം അനധികൃത കയ്യേറ്റക്കാരെ കുടിയൊഴിപ്പിച്ച് പൊതുസ്വത്ത് വീണ്ടെടുക്കാൻ അടിയന്തര നടപടി കൈക്കൊള്ളും. ഇക്കാര്യത്തിൽ തികഞ്ഞ ജാഗ്രത പുലർത്തിക്കൊണ്ട് സർക്കാരിനെ സഹായിക്കാൻ പ്രകൃതി സംരക്ഷണ പ്രവർത്തകരോടും സന്നദ്ധസംഘടനകളോടും മാധ്യമ സുഹൃത്തുക്കളോടും ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ കയ്യേറ്റക്കാരുടെ പട്ടികയിൽ ആദിവാസികൾ ഉൾപ്പെടെയുള്ള ദരിദ്രകൃഷിക്കാർ ഉൾപ്പെടുന്നില്ല എന്ന് പ്രത്യേകം പറഞ്ഞുകൊള്ളട്ടെ.

മാധ്യമങ്ങളെ ജനാധിപത്യത്തിന്റെ നാലാമത്തെ നെടുംതൂണായാണ് ആധുനിക സമൂഹം കാണുന്നത്. ഈ സർക്കാർ മാധ്യമസ്വാതന്ത്ര്യം പൂർണമായും ഉറപ്പുവരുത്തും. ജനപക്ഷത്ത് നിന്നുള്ള മാധ്യമങ്ങളുടെ സൃഷ്ടിപരമായ വിമർശനത്തെ മാനിക്കും. അതേസമയം വൻകിട കുത്തകകളുടെ ആധിപത്യം മാധ്യമ രംഗത്ത് ഉണ്ടെന്ന യാഥാർത്ഥ്യവും ജനങ്ങൾ കാണാതിരുന്നുകൂട.

കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിൽ കൊടികുത്തി വാണത് അഴിമതിയാണ്. എന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അഴിമതി വച്ചുപൊറുപ്പിക്കില്ലാ എന്ന് ജനങ്ങൾക്ക് ഈ അവസരത്തിൽ ഉറപ്പുനൽകുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാരും പൊതുപ്രവർത്തകരും വരവിൽക്കൂടുതൽ സമ്പാദിച്ചുണ്ടാക്കുന്ന സ്വത്ത് സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിനും കുറ്റക്കാരെ ശിക്ഷിക്കുന്നതിനും ഇപ്പോഴുള്ള നിയമം അപര്യാപ്തമാണ്. ഇതിലേയ്ക്ക് താമസം വിനാ പുതിയ നിയമനിർമാണം നടത്തുകയും നിയമനടത്തിപ്പ് കർശനമാക്കുകയും ചെയ്യും.

ഒരു സർക്കാരിന്റെ കാര്യക്ഷമതയും സംശുദ്ധിയും മാറ്റുരയ്ക്കുന്നത് സർക്കാർ ഓഫീസുകളുടെ പ്രവർത്തനത്തിലെ മികവിലൂടെയാണ്. ജനങ്ങളുടെ സേവകരാണ് സർക്കാർ ഉദ്യോഗസ്ഥർ. കൃത്യസമയത്തുതന്നെ ആഫീസുകളിൽ ഹാജരാവുകയും ഔദ്യോഗിക കൃത്യനിർവഹണത്തിൽ അർപ്പണബോധത്തോടെ പ്രവർത്തിക്കുകയും ചെയ്യേണ്ടത് ഓരോ ഉദ്യോഗസ്ഥന്റെയും കടമയാണ്. സർക്കാർ ജീവനക്കാരും അധ്യാപകരും പൊതുമേഖലാ സ്ഥാപനങ്ങളിലെ മറ്റ് ജീവനക്കാരും ഇന്ന് നേരിടുന്ന നിരവധി പ്രശ്നങ്ങൾക്ക് കാലതാമസമില്ലാതെ പരിഹാരം കാണാനും ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

സംസ്ഥാനഭരണം കയ്യാളുന്ന മന്ത്രിമാർ ഓരോരുത്തരും ജനങ്ങൾ ഏൽപ്പിച്ചിരിക്കുന്ന അധികാരം ജനക്ഷേമത്തിനായി വിനിയോഗിക്കുമെന്ന് ഞാൻ ഉറപ്പു നൽകുന്നു. ജനങ്ങളുടെ സേവകരായിരിക്കും ഞാനും എന്റെ മന്ത്രിസഭാംഗങ്ങളും. ഭരണരംഗത്തെ സുതാര്യതയിലും ലളിത ജീവിതത്തിലും ഞങ്ങൾ മാതൃകകളായി വർത്തിക്കും. എന്റെ മുൻഗാമിയായ സഖാവ് ഇ. കെ. നായനാർ ഇക്കാര്യത്തിൽ നടത്തിയ പ്രഖ്യാപനം ഞാൻ ഇവിടെ ആവർത്തിക്കുകയാണ്. അഴിമതി നടത്തുന്ന ഒരാളെയും എന്റെ മന്ത്രിസഭയിൽ വച്ചുപൊറുപ്പിക്കില്ലെന്ന് ഈ നാടിനും ജനങ്ങൾക്കും ഉറപ്പു നൽകുകയാണ്.

വികസന നുണകളുടെ പെരുമഴക്കാലം സൃഷ്ടിച്ച മുൻഗവൺമെന്റിന്റെ ഭരണത്തിലാണ് നമ്മുടെ കാർഷിക മേഖല ഏറ്റവും വലിയ തകർച്ച നേരിട്ടതും ആയിരക്കണക്കിന് കൃഷിക്കാർ ആത്മഹത്യ ചെയ്തതും. കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും തോട്ടം തൊഴിലാളികളുടെയും കണ്ണീരൊപ്പാനും കൃഷിയെ അന്തസ്സുള്ള ഉപജീവനമാർഗമാക്കി പുനരുജ്ജീവിപ്പിക്കാനും എന്റെ സർക്കാർ വേണ്ടതെല്ലാം ചെയ്യും. പാക്കേജുകൾ പ്രഖ്യാപിച്ച് നടപ്പിലാക്കാതെ

**ലക്ഷക്കണക്കിന് തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ആശ്രയിക്കുന്ന കയർ, കശുവണ്ടി, കൈത്തറി, മത്സ്യബന്ധനം, ഖാദി, ബീഡി തുടങ്ങിയ പരമ്പരാഗത മേഖലകൾ മുൻ സർക്കാരിന്റെ കാലത്ത് അവഗണനയുടെ പരകോടിയിൽപ്പെട്ട് നശിക്കുകയായിരുന്നു. ഈ പരമ്പരാഗത തൊഴിൽമേഖലകളെ രക്ഷിക്കുക എന്നാൽ സാമൂഹിക നീതി ഉറപ്പാക്കുക എന്നുതന്നെയാണ് അർത്ഥം.**

മുങ്ങുക എന്നതായിരിക്കില്ല ഈ സർക്കാരിന്റെ സമീപനം. സ്ഥിതി ആഴ്ച തോറും പരിശോധിക്കാൻ മന്ത്രിസഭാംഗങ്ങൾ തന്നെ ഉത്തരവാദിത്തം ഏറ്റെടുക്കും. സംസ്ഥാന സർക്കാരിന്റെ അധികാരപരിധിക്ക് പുറത്തുള്ള കാര്യങ്ങളിൽ കേന്ദ്ര സർക്കാരിനെക്കൊണ്ട് കർഷകദ്രോഹ നടപടികൾ പിൻവലിപ്പിക്കാൻ ഏറ്റവും ഫലപ്രദമായ സമ്മർദം ചെലുത്തും. നിരവധി മാസങ്ങളായി മുടങ്ങിക്കിടക്കുന്ന കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക താമസംവിനാ കൊടുത്തു തീർക്കും.

ലക്ഷക്കണക്കിന് തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ആശ്രയിക്കുന്ന കയർ, കശുവണ്ടി, കൈത്തറി, മത്സ്യബന്ധനം, ഖാദി, ബീഡി തുടങ്ങിയ പരമ്പരാഗത മേഖലകൾ മുൻ സർക്കാരിന്റെ കാലത്ത് അവഗണനയുടെ പരകോടിയിൽപ്പെട്ട് നശിക്കുകയായിരുന്നു. ഈ പരമ്പരാഗത തൊഴിൽമേഖലകളെ രക്ഷിക്കുകയെന്നാൽ സാമൂഹിക നീതി ഉറപ്പാക്കുക എന്നുതന്നെയാണ് അർത്ഥം. എന്റെ സർക്കാരിന്റെ മുൻഗണനകളിൽ ഒന്ന് ഈ പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളുടെ ജീവിതത്തിൽ വീണ്ടും വെളിച്ചമെത്തിക്കുക എന്നതാണ്. ആധുനിക വ്യാവസായിക മേഖലയിലും വിവരസാങ്കേതികവിദ്യ, ജൈവസാങ്കേതികവിദ്യ, വിനോദസഞ്ചാരം തുടങ്ങിയ പുതിയ രംഗങ്ങളിലും ഏറെ നിക്ഷേപം ആകർഷിക്കാൻ പറ്റിയ അനുകൂലഘടകങ്ങൾ കേരളത്തിലുണ്ട്. നിക്ഷേപം ആകർഷിക്കുന്നതിന് പശ്ചാത്തല സൗകര്യങ്ങളുടെ വികസനം അടക്കമുള്ള കാര്യങ്ങൾക്ക് അർഹിക്കുന്ന ഗൗരവവും മുൻഗണനയും നൽകും.



നിക്ഷേപകരെ ആകർഷിക്കാൻ അവശ്യം വേണ്ട മറ്റൊരു ഘടകം സുതാര്യവും അഴിമതിരഹിതവുമായ ഭരണമാണ്. മുൻസർക്കാരിന്റെ കാലത്ത് നടത്തിയ ജിമ്മും മറ്റും പരാജയപ്പെട്ടതിന്റെ മുഖ്യകാരണം സുതാര്യതയുടെ അഭാവവും അഴിമതിയുടെ അന്തരീക്ഷവുമാണ്. ഭരണത്തിൽ നിന്നും അഴിമതി തുടച്ചുനീക്കുന്നതോടെ നിയമവിധേയമായി പ്രവർത്തിക്കുന്ന നിക്ഷേപകരെ വൻതോതിൽ ആകർഷിക്കാൻ കഴിയുമെന്ന് എനിക്കുറപ്പുണ്ട്.

ഐടി മേഖലയിൽ ഭാവിയിൽ സൃഷ്ടിക്കാൻ പോകുന്ന തൊഴിലവസരങ്ങളെ കുറിച്ചുള്ള കാതടപ്പിക്കുന്ന അവകാശവാദങ്ങൾകൊണ്ട് മുഖരിതമായിരുന്നു കഴിഞ്ഞ അഞ്ചുവർഷക്കാലം. മോഹിപ്പിക്കുന്ന വാഗ്ദാനങ്ങളിൽ നിന്നും ഐടി രംഗത്ത് പ്രവൃത്തിയിലേയ്ക്കും പ്രയോഗത്തിലേയ്ക്കും കേരളം നീങ്ങാൻ പോവുകയാണ്. സ്മാർട്ട്സിറ്റി പദ്ധതിയിൽ അടുത്ത അഞ്ച് വർഷത്തിനകം 5000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നായിരുന്നല്ലോ വീമ്പുപറഞ്ഞിരുന്നത്. എന്റെ സർക്കാർ അടുത്ത ഒരു വർഷത്തിനുള്ളിൽത്തന്നെ ഈ രംഗത്ത് ഏറ്റവും കുറഞ്ഞത് 5000 പുതിയ തൊഴിലുകൾ സൃഷ്ടിക്കുമെന്ന് പ്രഖ്യാപിക്കുന്നു.

വിദ്യാഭ്യാസ കച്ചവടത്തിനെതിരായി നടന്ന ത്യാഗനിർഭരമായ സമരങ്ങളാണ് ജനങ്ങളെ ഭരണമാറ്റത്തിന് പ്രേരിപ്പിച്ച മുഖ്യകാരണങ്ങളിലൊന്ന്. വിദ്യാഭ്യാസത്തിന്റെ വാണിജ്യവത്കരണം അവസാനിപ്പിക്കുന്നതിനും സാമൂഹികനീതി ഉറപ്പാക്കുന്നതിനും എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കും. വിദ്യാഭ്യാസ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോടൊപ്പം വിജ്ഞാന വിസ്ഫോടനത്തിനും തൊഴിൽകമ്പോളത്തിലെ മാറ്റങ്ങൾക്കും അനുസരിച്ച് വിദ്യാഭ്യാസ സംവിധാനങ്ങളെ നവീകരിക്കുകയും വേണം. സാമൂഹികനീതി എന്ന ഏറ്റവും മുന്തിയ പരിഗണനയിൽ വെള്ളംചേർക്കാതെ ഈ മേഖലകളുടെ വികസനവും നവീകരണവും ഉറപ്പാക്കും. പൊതുവിദ്യാഭ്യാസത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കും. കുതിച്ചുയരുന്ന വിദ്യാഭ്യാസച്ചെലവ് കുറയ്ക്കാൻ നടപടിയെടുക്കും.

സാധാരണ ജനങ്ങളുടെ അത്താണിയായ ധർമാശുപത്രികളെ തകർത്തതിനെതിരായ ജനവിധിയാണ് ഈ സർക്കാരിനെ അധികാരത്തിലെത്തിച്ചത്. സർക്കാർ ആശുപത്രികളെ ജനങ്ങളുടെ ആതുരശുശ്രൂഷാ കേന്ദ്രങ്ങളാക്കി വളർത്തിയെടുക്കും. പൊതുജനാരോഗ്യ രംഗത്ത് ഇന്ന് നിലനിൽക്കുന്ന അരാജകാവസ്ഥയും കെടുകാര്യസ്ഥതയും അവസാനിപ്പിച്ച് ആരോഗ്യ രംഗത്ത് ജനങ്ങൾ ആഗ്രഹിക്കുന്ന ഉണർവും ഉയർച്ചയും നൽകും. ഈ രംഗത്ത് വളർന്നുവരുന്ന സ്വകാര്യമേഖലയുടെ സാമൂഹ്യനിയന്ത്രണത്തോടുകൂടിയുള്ള വളർച്ചയ്ക്ക് കളമൊരുക്കും.

മുൻസർക്കാരിന്റെ കാലത്ത് പുനർനാമകരണം ചെയ്ത് ദുർബലപ്പെടുത്തപ്പെട്ട ജനകീയാസൂത്രണത്തെയും അതുവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പുതിയ ഉണർവിന്റെ പാതയിലേയ്ക്ക് നയിക്കും. കഴിഞ്ഞ പത്ത് വർഷക്കാലത്തെ അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പോരായ്മകൾ തിരുത്തി മുന്നേറും.

പുതിയ സർക്കാരിനുവേണ്ടി ഞങ്ങൾക്ക് പറയുവാനുള്ള എല്ലാ കാര്യങ്ങളും ഹ്രസ്വമായ ഈ പ്രഭാഷണത്തിൽ പറഞ്ഞു തീർക്കാനാവില്ല. വിട്ടുപോയ കാര്യങ്ങൾ കൂട്ടിച്ചേർക്കാൻ ഇനിയും ധാരാളം അവസരങ്ങളുണ്ടാകും. ഞാൻ തൽക്കാലം ചുരുക്കുകയാണ്. അതിന് മുമ്പ് പരമപ്രധാനമായ ധനകാര്യ-ആസൂത്രണ രംഗങ്ങളെ കുറിച്ച് ചില കാര്യങ്ങൾ സൂചിപ്പിക്കേണ്ടതുണ്ട്. ഞങ്ങൾ നടത്തിയ പ്രാഥമിക വിലയിരുത്ത

ലുകൾ കാണിക്കുന്നത് നേരത്തെ കണക്കുകൂട്ടിയിരുന്നതിനെക്കാൾ ആഴമേറിയ ധനകാര്യപ്രതിസന്ധിയെയാണ് സംസ്ഥാന സർക്കാർ നേരിടുന്നത് എന്നാണ്. സർക്കാരിന്റെ ബാധ്യതകൾ കൊടുത്തുതീർക്കാതെ കുന്നുകൂട്ടിയും കിട്ടാവുന്ന എല്ലാ സ്രോതസ്സുകളിൽ നിന്നും കടം വാങ്ങിയും കേന്ദ്രത്തിൽ നിന്ന് കിട്ടേണ്ട തുകകൾ മുൻകൂറായി പറ്റിയും വകമാറ്റി ചെലവഴിച്ചും പദ്ധതിച്ചെലവുകൾ ക്രൂരമായി വെട്ടിക്കുറച്ചുകൊണ്ടുമാണ് മുൻഗവൺമെന്റ് ധനകാര്യ പ്രതിസന്ധി ജനങ്ങളിൽ നിന്ന് മറച്ചുവച്ചത്. സർക്കാരിന്റെ ധനസ്ഥിതി പുനരവലോകനം ചെയ്ത് ജനങ്ങളോട് സത്യം തുറന്നുപറയാനും പരിഹാര നടപടികൾ ആവിഷ്ക്കരിക്കാനും ഞങ്ങൾ ബാധ്യസ്ഥരാണ്.

ധനകാര്യ രംഗത്തെ ഈ വൈഷമ്യങ്ങൾക്കിടയിൽ കാണുന്ന രജതരേഖ സംസ്ഥാനത്തിന്റെ 11-ാം പഞ്ചവത്സര പദ്ധതിക്ക് രൂപം നൽകാനുള്ള നിയോഗം പുതിയ സർക്കാരിന് കൈവന്നിരിക്കുന്നു എന്നതാണ്. അടുത്ത ധനകാര്യവർഷം മുതൽ ആരംഭിക്കുന്ന പുതിയ പദ്ധതി രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കും. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങളെ മുൻനിർത്തിക്കൊണ്ടാവും കേരളത്തിന്റെ 11-ാം പദ്ധതിക്ക് രൂപം നൽകുക.

ഏറ്റവും കൂടുതൽ തൊഴിലില്ലായ്മയുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേരളത്തിലെ യുവാക്കളുടെ തൊഴിൽ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുകയായിരിക്കും പുതിയ പദ്ധതിയുടെ ഏറ്റവും പ്രധാന ലക്ഷ്യങ്ങളിലൊന്ന്. അഖിലേന്ത്യാതലത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാനുഷിക മുഖമില്ലാത്ത തൊഴിൽ രഹിത വളർച്ചയുടെ സ്ഥാനത്ത് വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും സാമൂഹികനീതി ഉറപ്പാക്കുന്നതും ഏറ്റവും പിന്നോക്കം നിൽക്കുന്നവരുടെ കണ്ണീരൊപ്പുന്നതിന് ഏറ്റവും മുന്തിയ പരിഗണന നൽകുന്നതുമായിരിക്കും കേരളത്തിന്റെ പുതിയ പഞ്ചവത്സരപദ്ധതി. എന്റെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത് കേവലം ഉയർന്ന വളർച്ചാനിരക്കുകളല്ല; മറിച്ച്, കേരളത്തിന്റെ പുരോഗതിയും ഐശ്വര്യവുമാണ്. അതിന് വളർച്ചയോടൊപ്പം സ്വാതന്ത്ര്യം, സാഹോദര്യം, സമത്വബോധം തുടങ്ങി കേരള സമൂഹം മുറുകെ പിടിക്കാനാഗ്രഹിക്കുന്ന സാമൂഹ്യമൂല്യങ്ങളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും അനിവാര്യമാണ്. ◘

*(മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ കേരളത്തിലെ ജനങ്ങളെ അഭിസംബോധന ചെയ്ത് ആകാശവാണിയിലും ടെലിവിഷൻ ചാനലുകളിലും 2006 മേയ് 18ന് നടത്തിയ പ്രസംഗം.)*



ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരമേല്ക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളം ഭരിച്ചുമുടിച്ച യു.ഡി.എഫ് സർക്കാരിനെതിരെ ജനങ്ങൾ നൽകിയ ശക്തമായ ജനവിധിയുടെ പിൻബലത്തോടെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി വീണ്ടും മന്ത്രിസഭ രൂപീകരിക്കുന്നത്. പശ്ചിമബംഗാളിലും ഇടതുപക്ഷ മന്ത്രിസഭ അധികാരമേറ്റുകഴിഞ്ഞു. ഏഴാം തവണയാണ് ബംഗാളിൽ ഇടതുപക്ഷ മന്ത്രിസഭ വൻ ഭൂരിപക്ഷത്തിൽ അധികാരമേല്ക്കുന്നത്. ആഗോളതലത്തിൽ ത്തന്നെ അത്യപൂർവമാണ് ഈ സംഭവം. കഴിഞ്ഞ കുറേ പതിറ്റാണ്ടുകൾ നീണ്ടുനിന്ന പ്രവർത്തനത്തിലൂടെ വിവിധ വിഭാഗം ജനങ്ങളുടെ ജീവിതത്തിൽ ഉണ്ടാക്കിയ നേട്ടങ്ങളുടെ അടിത്തറയിൽ നിന്ന് പൊരുതി നേടിയ ഉജ്ജ്വലവിജയവുമായാണ് ബംഗാളിൽ ഇടതുപക്ഷം വീണ്ടും അധികാരത്തിലെത്തുന്നത്. ഭരണസ്ഥിരതയാണ് ബംഗാളിൽ ഇടതുപക്ഷ നേട്ടത്തിന്റെ മുഖമുദ്ര. കേരളത്തിലും ഈ പ്രതീക്ഷയോടെയാണ് ജനങ്ങൾ അധികാരമേറ്റ മന്ത്രിസഭയെ ഉറ്റുനോക്കുന്നത്. ഈ പ്രതീക്ഷ നിലനിർത്തിക്കൊണ്ടുള്ള പ്രവർത്തനമായിരിക്കും ഇടതുപക്ഷ മന്ത്രിസഭ നടത്തുകയെന്ന് ഞാൻ കേരളത്തിലെ ജനങ്ങൾക്ക് ഉറപ്പു നൽകുന്നു.

ഏറെ ആശയും പ്രതീക്ഷയും അർപ്പിച്ചതുമൂലമാണ് കേരളത്തിലെ ജനങ്ങൾ തെരഞ്ഞെടുപ്പിൽ ഇടതു പക്ഷത്തിന് 98 സീറ്റുകളുടെ ഭൂരിപക്ഷം നൽകിയതും 2001-ൽ 100 സീറ്റുകളോടെ അധികാരത്തിലെത്തിയ യു.ഡി.എഫിനെ 42 സീറ്റുകളിൽ ഒതുക്കിയതും. അതുകൊണ്ടുതന്നെ ഇടതു പക്ഷത്തിൽ ജനങ്ങൾ അർപ്പിച്ച ആശയും പ്രതീക്ഷയും സാക്ഷാത്കരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

കേരളത്തിലെ സമസ്ത മേഖലകളെയും മുച്ചൂടും മുടിച്ച യു.ഡി.എഫ് ഭരണത്തെ തൂത്തെറിഞ്ഞുകൊണ്ടാണ് ജനങ്ങൾ ഇടതുപക്ഷത്തെ അധികാരമേല്പിച്ചിരിക്കുന്നത്. കേരള സമ്പദ്ഘടനയുടെ നട്ടെല്ലായ കാർഷികമേഖലയിൽ അഭൂതപൂർവമായി ആത്മഹത്യകൾ പെരുകിയ വർഷങ്ങളായിരുന്നു കഴിഞ്ഞ അഞ്ചുവർഷങ്ങൾ. 1,534 കർഷകർ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിൽ ആത്മഹത്യ ചെയ്തു. ഇപ്പോഴും കാർഷിക ആത്മഹത്യകൾ ദൈനംദിനം തുടരുകയാണ്. കേരളത്തിലെ കാർഷികമേഖലയിൽ നിലനിൽക്കുന്ന ഈ അഭൂതപൂർവമായ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുക എന്നത് ഇടതുപക്ഷ സർക്കാരിന്റെ ഏറ്റവും പ്രധാന മുൻഗണനയായിരിക്കും.

കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിൽ പെൺവാണിഭസംഘങ്ങൾ തല ഉയർത്തിപ്പിടിച്ച് നടക്കുകയായിരുന്നു. കിളിരൂർ-കവിയൂർ പെൺവാണിഭങ്ങളും, കൊട്ടിയം, തോപ്പുംപടി പെൺവാണിഭങ്ങളും ഐസ്ക്രീം പാർലർ പെൺവാണിഭക്കേസിൽ നടക്കുന്ന കൂട്ടക്കൂറുമാറ്റങ്ങളും



ലുകൾ കാണിക്കുന്നത് നേരത്തെ കണക്കുകൂട്ടിയിരുന്നതിനെക്കാൾ ആഴമേറിയ ധനകാര്യപ്രതിസന്ധിയെയാണ് സംസ്ഥാന സർക്കാർ നേരിടുന്നത് എന്നാണ്. സർക്കാരിന്റെ ബാധ്യതകൾ കൊടുത്തുതീർക്കാതെ കുന്നുകൂട്ടിയും കിട്ടാവുന്ന എല്ലാ സ്രോതസ്സുകളിൽ നിന്നും കടം വാങ്ങിയും കേന്ദ്രത്തിൽ നിന്ന് കിട്ടേണ്ട തുകകൾ മുൻകൂറായി പറ്റിയും വകമാറ്റി ചെലവഴിച്ചും പദ്ധതിച്ചെലവുകൾ ക്രൂരമായി വെട്ടിക്കുറച്ചുകൊണ്ടുമാണ് മുൻഗവൺമെന്റ് ധനകാര്യ പ്രതിസന്ധി ജനങ്ങളിൽ നിന്ന് മറച്ചുവച്ചത്. സർക്കാരിന്റെ ധനസ്ഥിതി പുനരവലോകനം ചെയ്ത് ജനങ്ങളോട് സത്യം തുറന്നുപറയാനും പരിഹാര നടപടികൾ ആവിഷ്ക്കരിക്കാനും ഞങ്ങൾ ബാധ്യസ്ഥരാണ്.

ധനകാര്യ രംഗത്തെ ഈ വൈഷമ്യങ്ങൾക്കിടയിൽ കാണുന്ന രജതരേഖ സംസ്ഥാനത്തിന്റെ 11-ാം പഞ്ചവത്സര പദ്ധതിക്ക് രൂപം നൽകാനുള്ള നിയോഗം പുതിയ സർക്കാരിന് കൈവന്നിരിക്കുന്നു എന്നതാണ്. അടുത്ത ധനകാര്യവർഷം മുതൽ ആരംഭിക്കുന്ന പുതിയ പദ്ധതി രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കും. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങളെ മുൻനിർത്തിക്കൊണ്ടാവും കേരളത്തിന്റെ 11-ാം പദ്ധതിക്ക് രൂപം നൽകുക.

ഏറ്റവും കൂടുതൽ തൊഴിലില്ലായ്മയുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. കേരളത്തിലെ യുവാക്കളുടെ തൊഴിൽ സ്വപ്നങ്ങൾ സാക്ഷാത്കരിക്കുകയായിരിക്കും പുതിയ പദ്ധതിയുടെ ഏറ്റവും പ്രധാന ലക്ഷ്യങ്ങളിലൊന്ന്. അഖിലേന്ത്യാതലത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാനുഷിക മുഖമില്ലാത്ത തൊഴിൽ രഹിത വളർച്ചയുടെ സ്ഥാനത്ത് വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും സാമൂഹികനീതി ഉറപ്പാക്കുന്നതും ഏറ്റവും പിന്നോക്കം നിൽക്കുന്നവരുടെ കണ്ണീരൊപ്പുന്നതിന് ഏറ്റവും മുന്തിയ പരിഗണന നൽകുന്നതുമായിരിക്കും കേരളത്തിന്റെ പുതിയ പഞ്ചവത്സരപദ്ധതി. എന്റെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത് കേവലം ഉയർന്ന വളർച്ചാനിരക്കുകളല്ല; മറിച്ച്, കേരളത്തിന്റെ പുരോഗതിയും ഐശ്വര്യവുമാണ്. അതിന് വളർച്ചയോടൊപ്പം സ്വാതന്ത്ര്യം, സാഹോദര്യം, സമത്വബോധം തുടങ്ങി കേരള സമൂഹം മുറുകെ പിടിക്കാനാഗ്രഹിക്കുന്ന സാമൂഹ്യമൂല്യങ്ങളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും അനിവാര്യമാണ്.

*(മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ കേരളത്തിലെ ജനങ്ങളെ അഭിസംബോധന ചെയ്ത് ആകാശവാണിയിലും ടെലിവിഷൻ ചാനലുകളിലും 2006 മേയ് 18ന് നടത്തിയ പ്രസംഗം.)*

ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ അധികാരമേല്ക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളം ഭരിച്ചുമുടിച്ച യു.ഡി.എഫ് സർക്കാരിനെതിരെ ജനങ്ങൾ നൽകിയ ശക്തമായ ജനവിധിയുടെ പിൻബലത്തോടെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി വീണ്ടും മന്ത്രിസഭ രൂപീകരിക്കുന്നത്. പശ്ചിമബംഗാളിലും ഇടതുപക്ഷ മന്ത്രിസഭ അധികാരമേറ്റുകഴിഞ്ഞു. ഏഴാം തവണയാണ് ബംഗാളിൽ ഇടതുപക്ഷ മന്ത്രിസഭ വൻ ഭൂരിപക്ഷത്തിൽ അധികാരമേല്ക്കുന്നത്. ആഗോളതലത്തിൽ ത്തന്നെ അത്യപൂർവമാണ് ഈ സംഭവം. കഴിഞ്ഞ കുറേ പതിറ്റാണ്ടുകൾ നീണ്ടുനിന്ന പ്രവർത്തനത്തിലൂടെ വിവിധ വിഭാഗം ജനങ്ങളുടെ ജീവിതത്തിൽ ഉണ്ടാക്കിയ നേട്ടങ്ങളുടെ അടിത്തറയിൽ നിന്ന് പൊരുതി നേടിയ ഉജ്ജ്വലവിജയവുമായാണ് ബംഗാളിൽ ഇടതുപക്ഷം വീണ്ടും അധികാരത്തിലെത്തുന്നത്. ഭരണസ്ഥിരതയാണ് ബംഗാളിൽ ഇടതുപക്ഷ നേട്ടത്തിന്റെ മുഖമുദ്ര. കേരളത്തിലും ഈ പ്രതീക്ഷയോടെയാണ് ജനങ്ങൾ അധികാരമേറ്റ മന്ത്രിസഭയെ ഉറ്റുനോക്കുന്നത്. ഈ പ്രതീക്ഷ നിലനിർത്തിക്കൊണ്ടുള്ള പ്രവർത്തനമായിരിക്കും ഇടതുപക്ഷ മന്ത്രിസഭ നടത്തുകയെന്ന് ഞാൻ കേരളത്തിലെ ജനങ്ങൾക്ക് ഉറപ്പു നൽകുന്നു.

ഏറെ ആശയും പ്രതീക്ഷയും അർപ്പിച്ചതുമൂലമാണ് കേരളത്തിലെ ജനങ്ങൾ തെരഞ്ഞെടുപ്പിൽ ഇടതു പക്ഷത്തിന് 98 സീറ്റുകളുടെ ഭൂരിപക്ഷം നൽകിയതും 2001-ൽ 100 സീറ്റുകളോടെ അധികാരത്തിലെത്തിയ യു.ഡി.എഫിനെ 42 സീറ്റുകളിൽ ഒതുക്കിയതും. അതുകൊണ്ടുതന്നെ ഇടതു പക്ഷത്തിൽ ജനങ്ങൾ അർപ്പിച്ച ആശയും പ്രതീക്ഷയും സാക്ഷാത്കരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

കേരളത്തിലെ സമസ്ത മേഖലകളെയും മുച്ചൂടും മുടിച്ച യു.ഡി.എഫ് ഭരണത്തെ തൂത്തെറിഞ്ഞുകൊണ്ടാണ് ജനങ്ങൾ ഇടതുപക്ഷത്തെ അധികാരമേല്പിച്ചിരിക്കുന്നത്. കേരള സമ്പദ്ഘടനയുടെ നട്ടെല്ലായ കാർഷികമേഖലയിൽ അഭൂതപൂർവമായി ആത്മഹത്യകൾ പെരുകിയ വർഷങ്ങളായിരുന്നു കഴിഞ്ഞ അഞ്ചുവർഷങ്ങൾ. 1,534 കർഷകർ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിൽ ആത്മഹത്യ ചെയ്തു. ഇപ്പോഴും കാർഷിക ആത്മഹത്യകൾ ദൈനംദിനം തുടരുകയാണ്. കേരളത്തിലെ കാർഷികമേഖലയിൽ നിലനിൽക്കുന്ന ഈ അഭൂതപൂർവമായ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കുക എന്നത് ഇടതുപക്ഷ സർക്കാരിന്റെ ഏറ്റവും പ്രധാന മുൻഗണനയായിരിക്കും.

കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിൽ പെൺവാണിഭസംഘങ്ങൾ തല ഉയർത്തിപ്പിടിച്ച് നടക്കുകയായിരുന്നു. കിളിരൂർ-കവിയൂർ പെൺവാണിഭങ്ങളും, കൊട്ടിയം, തോപ്പുംപടി പെൺവാണിഭങ്ങളും ഐസ്ക്രീം പാർലർ പെൺവാണിഭക്കേസിൽ നടക്കുന്ന കൂട്ടക്കൂറുമാറ്റങ്ങളും



# നേരിനൊപ്പം

ഇതിന്റെ വ്യക്തമായ ഉദാഹരണങ്ങളാണ്. കേരളത്തിലെ അമ്മപെങ്ങന്മാരുടെ മാനാഭിമാനം പ്രമാണിമാരായ പെൺവാണിഭസംഘങ്ങൾ കവർന്നെടുക്കുന്ന ക്രൂരമായ കാഴ്യാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം യു.ഡി.എഫ്. ഭരണത്തിൻകീഴിൽ നമുക്ക് കാണാൻ കഴിഞ്ഞത്. പെൺവാണിഭസംഘങ്ങളെ കണ്ടെത്തി അവർക്ക് കർശനമായ ശിക്ഷ നൽകി ഇതിലൂടെ കേരളത്തിലെ സ്ത്രീകളുടെ മാനാഭിമാനവും ആത്മാഭിമാനവും വീണ്ടെടുക്കാൻ കേരളത്തിലെ ഇടതുപക്ഷ സർക്കാർ എവിടെവരെ പോകാനും തയ്യാറായിരിക്കും.

**ഇടതു പക്ഷത്തിൽ ജനങ്ങൾ അർപ്പിച്ച ആശയും പ്രതീക്ഷയും സാക്ഷാത്കരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.**

യു.ഡി.എഫ് ഭരണകാലത്ത് നേരിട്ടത് സംസ്ഥാനത്തെ വ്യവസായമേഖലയും പരമ്പരാഗതമേഖലയും അഭൂതപൂർവമായ പ്രതിസന്ധിയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും വിറ്റുതുലയ്ക്കുകയും ചെയ്യുന്ന സമീപനമാണ് യു.ഡി.എഫ് സർക്കാർ പുലർത്തിപ്പോന്നത്. ഈ തലതിരിഞ്ഞ നയങ്ങളെല്ലാം ഇടതുപക്ഷ സർക്കാർ തിരുത്തും. വ്യാവസായിക-പരമ്പരാഗത മേഖലകളെ പുനരുദ്ധരിക്കാനും പൊതുമേഖലയെ സംരക്ഷിക്കാനും ഇടതുപക്ഷസർക്കാർ മൂർത്തവും സമയബന്ധിതവുമായ നടപടികൾ ആവിഷ്കരിക്കും.

പതിറ്റാണ്ടുകളുടെ പ്രവർത്തനത്തിലൂടെ വിദ്യാഭ്യാസമേഖലയിൽ നാം പൊരുതി നേടിയ നേട്ടങ്ങൾ മുഴുവൻ തച്ചുതകർത്ത് ഈ മേഖലയെ വിരലിലെണ്ണാവുന്ന കച്ചവടക്കാർക്ക് അടിയറവച്ച ഭരണമാണ് കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ നടന്നത്. വിദ്യാഭ്യാസം പണമുള്ളവർക്ക് മാത്രം ലഭിക്കുന്ന ഒരു ഉത്പന്നമായി യു.ഡി.എഫ്. സർക്കാർ മാറ്റിത്തീർത്തു. ഈ സ്ഥിതി സമൂലമായി പൊളിച്ചെഴുതി വിദ്യാഭ്യാസം സാർവത്രികമാക്കാനും അർഹതയുള്ളവർക്കെല്ലാം ലഭിക്കുമെന്ന് ഉറപ്പാക്കാനും വിദ്യാഭ്യാസം പണമുള്ളവന് മാത്രമേ ലഭിക്കൂ എന്ന സാഹചര്യം മാറ്റിയെടുക്കാനും ഇടതുപക്ഷ സർക്കാർ എല്ലാ ശ്രമങ്ങളും നടത്തുകതന്നെ ചെയ്യും.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിലില്ലായ്മ നേരിടുന്ന സംസ്ഥാനമാണ് കേരളം. 45 ലക്ഷത്തിലധികം തൊഴിലില്ലാത്ത ചെറുപ്പക്കാരുണ്ട് കേരളത്തിൽ. ഈ തൊഴിലില്ലാത്തവരെ തീർത്തും വഞ്ചിച്ച് അധികാരത്തിലെത്തിയ ഉടനെ നിയമനനിരോധനം ഏർപ്പെടുത്തിയ സർക്കാരായിരുന്നു യു.ഡി.എഫിന്റേത്. ഈ സ്ഥിതി മാറ്റാൻ ഇടതുപക്ഷസർക്കാർ എന്തെല്ലാം ചെയ്യാമോ അതെല്ലാം ചെയ്യും. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ നൽകുന്നതിനുള്ള നയപരിപാടികൾ ഇടതുപക്ഷസർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കും.

കേരളത്തിൽ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് പൊതുമുതൽക്കൊള്ള അഭൂതപൂർവമായി വർധിച്ചു. മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും ബന്ധുക്കളുടെ നേതൃത്വത്തിൽപോലും കേരളത്തിൽ പൊതുമുതൽ കയ്യേറ്റം ചെയ്യപ്പെട്ടു. കോവളം പോലുള്ള അന്താരാഷ്ട്ര പ്രശസ്തമായ ടൂറിസ്റ്റ് കേന്ദ്രങ്ങൾപോലും വൻകിട ഹോട്ടൽ കുത്തകകൾ സർക്കാർ ഒത്താശയോടെ കയ്യേറി. വനംകയ്യേറ്റവും യു.ഡി.എഫ്. സർക്കാരിന്റെ കീഴിൽ വൻതോതിൽ വളർന്നു. ഈ പൊതുമുതൽ കയ്യേറ്റവും വനംകയ്യേറ്റവും ഇടതുപക്ഷസർക്കാർ ഉടനടി അവസാനിപ്പിക്കുകയും വൻകിടക്കാർ കയ്യേറിയ പൊതുമുതലും വനവും ഉടൻ തിരിച്ചുപിടിക്കുകയും ചെയ്യും.

ഇടതുപക്ഷസർക്കാരിന്റെ പ്രധാന മുൻഗണനകളാണ് ഇവിടെ വിവരിച്ചത്. ജനോപകാരപ്രദമായ ഒട്ടേറെ നടപടികൾ സർക്കാരിന്റെ അജണ്ടയിലുണ്ട്. അവയെല്ലാം സമയബന്ധിതമായി നടപ്പാക്കാൻ ഇടതുപക്ഷ സർക്കാർ മുൻകൈ എടുക്കുക തന്നെ ചെയ്യും. ഐശ്വര്യ സമ്പൂർണമായ ഒരു കേരളം കെട്ടിപ്പടുക്കുക എന്ന ഇടതുപക്ഷസർക്കാരിന്റെ ലക്ഷ്യം സാക്ഷാത്കരിക്കാൻ എല്ലാ വിഭാഗം ജനങ്ങളുടെയും അകമഴിഞ്ഞ പിന്തുണ ഞാൻ അഭ്യർത്ഥിക്കുന്നു.

കെ.സി. അനിൽകുമാർ

**കാർഷിക കടങ്ങളുടെ മൊറട്ടോറിയം ഒരു വർഷത്തേക്കു കൂടി നീട്ടും. ഇത്തരം കടങ്ങൾ ദീർഘകാല ഗഡുക്കളുള്ള തവണകളാക്കി മാറ്റുന്നത് സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് തീരുമാനിക്കും.**

# ജനാഭിലാഷം യാഥാർത്ഥ്യമാവുന്നു



ജനാഭിലാഷം യാഥാർത്ഥ്യമാക്കുന്ന സർക്കാരാണ് സംസ്ഥാനത്ത് നിലവിൽ വന്നത്. എക്കാലവും ജനഹിതത്തോടൊപ്പം നിൽക്കുമെന്ന് സത്യപ്രതിജ്ഞ ചെയ്തയുടൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പ്രഖ്യാപിച്ചു.

ഒട്ടേറെ ക്ഷേമ ആശ്വാസ പരിപാടികളാണ് സർക്കാരിന്റെ മുന്നിലുള്ളത്. കർഷകർ, വിദ്യാർത്ഥികൾ, ജീവനക്കാർ, പരമ്പരാഗത തൊഴിലാളികൾ, സാധാരണ ജനങ്ങൾ തുടങ്ങി സമൂഹത്തിലെ വിവിധ വിഭാഗക്കാരുടെ ക്ഷേമവും ജീവിതസുരക്ഷയും സർക്കാർ ഉറപ്പാക്കും.

കർഷകരുടെ ആത്മഹത്യ സർക്കാർ അതീവ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. അതിന് ശാശ്വതപരിഹാരം ഉണ്ടാവും.

കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കാർഷിക വായ്പകൾ എഴുതിത്തള്ളുന്നതിനും ആദിവാസി സമരത്തിന്റെ ഭാഗമായി ഭൂമി കൈവശം വച്ചിരിക്കുന്ന അർഹരായ എല്ലാ ആദിവാസികൾക്കും കൈവശാവകാശരേഖ നല്കുന്നതിനും മന്ത്രിസഭയുടെ ആദ്യ യോഗം തന്നെ തീരുമാനമെടുത്തിരിക്കുകയാണ്.

കാർഷിക കടങ്ങളുടെ മൊറട്ടോറിയം ഒരു വർഷത്തേക്കു കൂടി നീട്ടും. ഇത്തരം കടങ്ങൾ ദീർഘകാല ഗഡുക്കളുള്ള തവണകളാക്കി മാറ്റുന്നത് സംബന്ധിച്ച് ധനകാര്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് തീരുമാനിക്കും.

സാമൂഹിക പെൻഷനുകളുടെ ഒരു വർഷ കുടിശ്ശിക ഉടൻ വിതരണം ചെയ്യുകയാണ്. പ്രകടന പത്രികയിൽ പറഞ്ഞ കാര്യങ്ങൾ അതുപോലെ നടപ്പാക്കും. ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതിത്തള്ളുന്നത് പ്രകടനപത്രികയിൽ പ്രഖ്യാപിച്ചതനുസരിച്ചാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടെങ്കിൽ അതിന് പരിഹാരമുണ്ടാക്കും.

ആദിവാസി ഭൂസമരത്തിന്റെ ഭാഗമായി സമരക്കാർക്കെതിരെ രജിസ്റ്റർ ചെയ്ത ഏറെ ഗൗരവമുള്ള കേസുകൾ ഒഴികെ എല്ലാം പിൻവലിക്കും.

ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഓരോ ജില്ലയ്ക്കും 20 ലക്ഷം രൂപയിൽ കുറയാത്ത തുക കളക്ടർമാർക്ക് നൽകും. 14 ജില്ലകളിലും ശുദ്ധജലം എത്തിക്കുന്നതിന്റെ ചുമതല ഓരോ മന്ത്രിമാരെ ഏല്പിച്ചിട്ടുണ്ട്.

വരവിൽ കൂടുതൽ സമ്പാദിച്ച സർക്കാർ ഉദ്യോഗസ്ഥരുടെയും പൊതുപ്രവർത്തകരുടെയും സ്വത്തു കണ്ടുകെട്ടുന്നതിനും കുറ്റക്കാരെ ശിക്ഷി

ക്കുന്നതിനും പുതിയ നിയമം കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പ്രഖ്യാപിച്ചു. അഴിമതി നടത്തുന്ന ആരെയും തന്റെ മന്ത്രിസഭയിൽ വച്ച് പൊറുപ്പിക്കില്ലെന്നും വ്യക്തമാക്കി.

പ്രഥമ മന്ത്രിസഭായോഗത്തിന് ശേഷം അദ്ദേഹം മാധ്യമങ്ങൾക്ക് മുന്നിൽ നടത്തിയ സർക്കാരിന്റെ നയപ്രഖ്യാപനത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. മന്ത്രിസഭയിൽ അഴിമതിക്കാരെ വച്ചു പൊറുപ്പിക്കയില്ലെന്ന ഇ.കെ. നായനാരുടെ നിലപാടാണ് താനും പിന്തുടരുന്നത്. ഭരണരംഗത്തെ സുതാര്യതയിലും ലളിതജീവിതത്തിലും മാതൃകയായി ഓരോ മന്ത്രിയും പ്രവർത്തിക്കും.

സ്ത്രീപീഡന റാക്കറ്റുകളെയും മാറാട് കലാപത്തിന് ഉൾപ്പെടെ നേതൃത്വം നൽകിയ തീവ്ര വർഗീയ ഗ്രൂപ്പുകളെയും മോഷണസംഘങ്ങളെയും വിട്ടുവീഴ്ചയില്ലാത്ത നടപടികളിലൂടെ അമർച്ച ചെയ്യും. ഇതിനായി നിയമത്തിലും കോടതി നടത്തിപ്പിലുമുള്ള പോരായ്മകൾ അടിയന്തരമായി പരിഹരിക്കും. സ്ത്രീപീഡന സംഘങ്ങളെ കയ്യാമം വച്ചു ജയിലിൽ അടയ്ക്കും. ഇത്തരം കേസുകളിൽ നീതി നടത്തിപ്പ് വൈകാതെ നോക്കും. കാടും കായലും കടൽത്തീരവും പൊതുസ്ഥലങ്ങളും കയ്യേറുന്നവരെ കുടിയൊഴിപ്പിച്ച് പൊതുസ്വത്ത് വീണ്ടെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കും. എന്നാൽ, ദരിദ്ര കൃഷിക്കാരെ ഇതിൽ നിന്ന് ഒഴിവാക്കും.

സ്മാർട്ട്സിറ്റി പദ്ധതിയിൽ അടുത്ത അഞ്ചുകൊല്ലം കൊണ്ട് 5000 തൊഴിൽ അവസരം സൃഷ്ടിക്കുമെന്നാണ് കഴിഞ്ഞ സർക്കാർ പറഞ്ഞത്. ഈ സർക്കാർ അടുത്ത ഒരു വർഷത്തിനുള്ളിൽത്തന്നെ ഈ മേഖലയിൽ ഏറ്റവും കുറഞ്ഞത് 5000 പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും. വ്യാവസായിക മേഖലയിലും വിവര സാങ്കേതിക വിദ്യ, ജൈവ സാങ്കേതിക വിദ്യ, വിനോദ സഞ്ചാരം തുടങ്ങിയ രംഗങ്ങളിലും നിക്ഷേപം ആകർഷിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം അടക്കമുള്ള കാര്യങ്ങൾക്ക് മുൻഗണന നൽകും. ഭരണത്തിൽ നിന്ന് അഴിമതി തുടച്ചു നീക്കുന്നതോടെ നിക്ഷേപകരെ വൻതോതിൽ ആകർഷിക്കാൻ സാധിക്കുമെന്ന് ഉറപ്പുണ്ട്.

കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും തോട്ടം തൊഴിലാളികളുടെയും കണ്ണീരൊപ്പും. കൃഷിയെ അന്തസ്സുള്ള ഉപജീവനമാർഗമാക്കി മാറ്റും. ഈ സർക്കാർ പാക്കേജുകൾ പ്രഖ്യാപിച്ച ശേഷം നടപ്പാക്കാതെ മുങ്ങുകയില്ല. മുടങ്ങിക്കിടക്കുന്ന കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക വൈകാതെ കൊടുത്തു തീർക്കും. പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികളുടെ ജീവിതത്തിൽ വീണ്ടും വെളിച്ചമെത്തിക്കും.

**സർക്കാർ അടുത്ത ഒരു വർഷത്തിനുള്ളിൽത്തന്നെ ഐ. ടി. മേഖലയിൽ ഏറ്റവും കുറഞ്ഞത് 5000 പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കും. വ്യാവസായിക മേഖലയിലും വിവര സാങ്കേതിക വിദ്യ, ജൈവ സാങ്കേതിക വിദ്യ, വിനോദ സഞ്ചാരം തുടങ്ങിയ രംഗങ്ങളിലും നിക്ഷേപം ആകർഷിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം അടക്കമുള്ള കാര്യങ്ങൾക്ക് മുൻഗണന നൽകും.**



സർക്കാർ ജീവനക്കാരും അധ്യാപകരും പൊതുമേഖലാ സ്ഥാപനങ്ങളിലെ മറ്റു ജീവനക്കാരും നേരിടുന്ന പ്രശ്നങ്ങൾക്ക് കാലതാമസമില്ലാതെ പരിഹാരം കാണും. പൊതു വിദ്യാഭ്യാസത്തിന്റെ നഷ്ട പ്രതാപം വീണ്ടെടുക്കും. കുതിച്ചുയരുന്ന വിദ്യാഭ്യാസച്ചെലവു കുറയ്ക്കാൻ നടപടി സ്വീകരിക്കും. പൊതുജനാരോഗ്യരംഗത്തെ അരാജകാവസ്ഥയും കെടുകാര്യസ്ഥതയും അവസാനിപ്പിച്ച് ജനങ്ങൾ ആഗ്രഹിക്കുന്ന ഉണർവും ഉയർച്ചയും നൽകും. ആരോഗ്യരംഗത്തെ സ്വകാര്യമേഖലയുടെ സാമൂഹിക നിയന്ത്രണത്തോടുകൂടിയ വളർച്ചയ്ക്ക് കളം ഒരുക്കും.

"ജനകീയാസൂത്രണത്തെയും അതുവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും പുതിയ ഉണർവിന്റെ പാതയിലേക്ക് നയിക്കും. പ്രാഥമിക വിലയിരുത്തൽ അനുസരിച്ച് നേരത്തെ കണക്കാക്കിയതിനെക്കാൾ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയാണ് സംസ്ഥാന സർക്കാർ നേരിടുന്നത്. ബാധ്യതകൾ കൊടുത്തു തീർക്കാതെ കുന്നുകൂട്ടിയും കിട്ടാവുന്ന എല്ലാ സ്രോതസ്സുകളിൽ നിന്നു കടം വാങ്ങിയും കേന്ദ്രത്തിൽ നിന്നു ലഭിക്കേണ്ട തുക മുൻകൂറായി പറ്റിയും പദ്ധതിച്ചെലവുകൾ വെട്ടിക്കുറച്ചുമാണ് കഴിഞ്ഞ സർക്കാർ ധനകാര്യപ്രതിസന്ധി ജനങ്ങളിൽ നിന്ന് മറച്ചു വച്ചത്. സർക്കാരിന്റെ ധനസ്ഥിതി പുനരവലോകനം ചെയ്തു ജനങ്ങളോടു സത്യം തുറന്നു പറയാനും പരിഹാരം കണ്ടെത്താനും തങ്ങൾ ബാധ്യസ്ഥരാണ്" മുഖ്യമന്ത്രി പറഞ്ഞു.

അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്ന പുതിയ പദ്ധതി രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ എത്രയും വേഗം തുടങ്ങും. എൽ.ഡി.എഫ്. പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള ലക്ഷ്യങ്ങൾ മുൻനിർത്തിയായിരിക്കും പതിനൊന്നാം പദ്ധതിക്ക് രൂപം നൽകുക. വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതും സാമൂഹിക നീതി ഉറപ്പാക്കുന്നതും ഏറ്റവും പിന്നോക്കം നിൽക്കുന്നവരുടെ കണ്ണീരൊപ്പുന്നതിന് മുന്തിയ പരിഗണന നൽകുന്നതുമായിരിക്കും കേരളത്തിന്റെ പുതിയ പഞ്ചവത്സരപദ്ധതിയെന്നും മുഖ്യമന്ത്രി അറിയിച്ചു.

# ഇവർ സാരഥികൾ

**മുഖ്യമന്ത്രി**

## വി.എസ്. അച്യുതാനന്ദൻ




ആലപ്പുഴ ജില്ലയിൽ പുന്നപ്രയിൽ ശങ്കരന്റെയും അക്കമ്മയുടെയും മകനായി 1923 ഒക്ടോബർ 20ന് വേലിയ്ക്കകത്ത് ശങ്കരൻ അച്യുതാനന്ദൻ ജനിച്ചു. കഴിഞ്ഞ ആറു ദശകങ്ങളിലേറെയായി നീണ്ടുനിൽക്കുന്ന അദ്ദേഹത്തിന്റെ രാഷ്ട്രീയ ജീവിതത്തിൽ പൊതുജന നന്മയ്ക്കായി നിരവധി കാര്യങ്ങൾ വി.എസ്. ചെയ്തിട്ടുണ്ട്.

1939-ൽ സംസ്ഥാന കോൺഗ്രസിലൂടെയാണ് അദ്ദേഹം രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നത്. കോൺഗ്രസിന്റെ നയങ്ങളോടും രാഷ്ട്രീയ സമീപനത്തിനോടുമുണ്ടായ അഭിപ്രായ വ്യത്യാസം കാരണം 1940-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയിൽ അദ്ദേഹം അംഗമായി. അന്ന് അദ്ദേഹത്തിന് പ്രായം 17 മാത്രം. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് അഞ്ചരവർഷത്തോളം ജയിൽവാസമനുഭവിക്കേണ്ടി വന്നു. നാലര വർഷക്കാലം ഒളിവിൽ കഴിഞ്ഞു. പുന്നപ്രവയലാർ സമരത്തിൽ മുൻനിരയിലായിരുന്നു.

1980 മുതൽ 92 വരെ സി.പി.ഐ (എം) സംസ്ഥാന സെക്രട്ടറിയായിരുന്നു 1985 മുതൽ പോളിറ്റ് ബ്യൂറോ അംഗവുമായിരുന്നു. 1967, 1970, 1991, 2001 എന്നീ വർഷങ്ങളിൽ നിയമസഭാംഗം. 1992 മുതൽ 96 വരെയും 2001 മുതൽ 2006 വരെയും സംസ്ഥാന പ്രതിപക്ഷനേതാവായിരുന്നു. ഈ കാലയളവിൽ സാധാരണക്കാരുടെ ദൈനംദിന ജീവിതപ്രശ്നങ്ങൾ മുതൽ ദേശീയപ്രശ്നങ്ങൾ വരെ എല്ലാ ജനകീയപ്രശ്നങ്ങളിലും ഇടപെട്ടു. കഷ്ടപ്പാടുകളിലൂടെ നടന്നുകയറിയ വി.എസ്. വിജയത്തിന്റെ പടവുകളിലാണ് ഇപ്പോൾ.

ആലപ്പുഴ മെഡിക്കൽ കോളേജ് റിട്ട. ഹെഡ് നേഴ്സ് വസുമതിയാണ് ഭാര്യ. മക്കൾ. ഡോ. വി.വി. ആശ, വി.എ. അരുൺ.

## കോടിയേരി ബാലകൃഷ്ണൻ



**ആഭ്യന്തരമന്ത്രി**

മാഹി എം.ജി. കോളേജ്, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

കല്ലറ തലായി എൽ.പി. സ്കൂൾ റിട്ട. അധ്യാപകൻ കോടിയേരി മൊട്ടുമ്മൽ കുഞ്ഞുണ്ണിക്കുറുപ്പിന്റെയും നാരായണിയമ്മയുടെയും മകൻ.

തിരുവനന്തപുരം ഓഡിയോ റിപ്രോഗ്രാഫിക് സെന്റർ ജീവനക്കാരിയും തലശ്ശേരി മുൻ എം.എൽ.എ. എം.വി. രാജഗോപാലിന്റെ മകളുമായ എസ്.ആർ. വിനോദിനിയാണ് ഭാര്യ. ബിനോയ്, ബിനീഷ് എന്നിവർ മക്കൾ.

## പാലൊളി മുഹമ്മദ്കുട്ടി




**തദ്ദേശഭരണമന്ത്രി**

മലപ്പുറത്തിനടുത്ത് കോഡൂരിൽ ഇടത്തരം കർഷക കുടുംബത്തിൽ ജനിച്ചു. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയതിന് ശേഷം ഹൈദ്രാബാദ് നൈസാമിന്റെ പട്ടാളത്തിൽ ചേർന്നു. നാട്ടിൽ തിരിച്ചെത്തി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ സജീവമായി.

പാലൊളി ഹൈദ്രുവിന്റെയും കാട്ടിക്കുളങ്ങര ഖദീജയുടെയും മകൻ.

ഭാര്യ ഖദീജ, മക്കൾ- ഹൈദരലി, നബീസ, ജമീല, അഷ്റഫ്

## എം.എ. ബേബി



**വിദ്യാഭ്യാസ-സാംസ്കാരിക മന്ത്രി**

കൊല്ലം പ്രാക്കുളം സ്വദേശി. പ്രാക്കുളം എൻ.എസ്.എസ്. ഹൈസ്കൂൾ, കൊല്ലം എസ്.എൻ. കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. 1986ലും 1992ലും രാജ്യസഭാംഗം. ക്യൂബൻ ഐക്യദാർഢ്യ സമിതിയുടെ സ്ഥാപക കൺവീനറായിരുന്നു.

അധ്യാപകനായിരുന്ന കുന്നത്ത് പി.എം. അലക്സാണ്ടറുടെയും ലില്ലിയുടെയും എട്ട് മക്കളിൽ ഇളയവൻ.

കൈരളി ടി.വി.യിൽ ഉദ്യോഗസ്ഥയായ ബെറ്റി ലൂയിസ് ആണ് ഭാര്യ. മകൻ അശോക്.

## പി.കെ. ഗുരുദാസൻ



**തൊഴിൽ-എക്സൈസ് മന്ത്രി**

കൊല്ലം പറവൂർ തെക്കുംഭാഗം ഗവ. ഹൈസ്കൂൾ, എസ്.എൻ.വി. ഹൈസ്കൂൾ, കോട്ടപ്പുറം ഹൈസ്കൂൾ, കൊല്ലം എസ്.എൻ.കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

കൊല്ലത്തിന്റെ പ്രതിനിധിയാണ്. ഏറ്റവും കൂടുതൽ കാലം സി.പി.എം. ജില്ലാസെക്രട്ടറിയായിരുന്നു. സി.ഐ.ടി.യു. സംസ്ഥാന ജനറൽ സെക്രട്ടറിയുമാണ്.

കൊല്ലം പറവൂർ കോങ്ങാൽ സൂചിക്കഴികത്ത് കൃഷ്ണന്റെയും യശോദയുടെയും മകനായി ജനിച്ചു.

ഭാര്യ സി. ലില്ലി. മക്കൾ, സീമ, ദിവ, രൂപ, ഗിരി

## പി.കെ. ശ്രീമതി ടീച്ചർ




### ആരോഗ്യ-സാമൂഹ്യക്ഷേമമന്ത്രി

പഴയങ്ങാടിക്കടുത്ത് നെടുവമ്പ്ര യു.പി.എസ്സിൽ പ്രധാനാധ്യാപിക യായിരിക്കെ സ്വയം വിരമിച്ചു.

അധ്യാപക കുടുംബത്തിൽ നിന്ന് വന്ന പി.കെ. ശ്രീമതി മന്ത്രി സഭയിലെ ഏക വനിതാപ്രതിനിധി യാണ്.

കരകുളം യു.പി. സ്കൂൾ റിട്ട. അധ്യാപകൻ ടി.കേളപ്പൻ നമ്പ്യാരുടെയും റിട്ട. അധ്യാപിക പി.കെ. മീനാക്ഷിയുടെയും മകൾ. മാടായി ഗവ.ഹൈസ്കൂൾ റിട്ട.അധ്യാപകൻ ദാമോദരൻ നമ്പ്യാരാണ് ഭർത്താവ്. മകൻ സുധീർ.

## ഡോ. തോമസ് ഐസക്



### ധനകാര്യമന്ത്രി

സാമ്പത്തിക ശാസ്ത്രത്തിൽ ഡോക്ടറേറ്റ് നേടിയ പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞൻ.

1971-ൽ എസ്.എഫ്.ഐ.യ്ക്ക് വേണ്ടിയുള്ള പ്രവർത്തനത്തിലൂടെ രാഷ്ട്രീയജീവിതം ആരംഭിച്ചു. 1996 മുതൽ 2001 വരെ സംസ്ഥാന ആസൂത്രണ ബോർഡ് അംഗം.

സാറാമ്മമാത്യുവിന്റെയും ടി.പി. മാത്യുവിന്റെയും മകനായി 1952 സെപ്തംബർ 26ന് കോട്ടപ്പുറത്ത് ജനിച്ചു.

ഭാര്യ അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞയായ ആന്ദ്രെ സ്വദേശിനി നദാദുരി. മക്കൾ ഡാറ, ഡോറ.

## എ.കെ. ബാലൻ



### പട്ടികജാതി-വർഗ, വൈദ്യുതിമന്ത്രി

എസ്.ബി.ടി. യിൽ ഓഫീസറായിരുന്നു എ.കെ. ബാലൻ.

നാദാപുരം ചാലപ്പുറം ആശാരി കോണോത്ത് കേളപ്പൻ-കുഞ്ഞി ദമ്പതികളുടെ മകനാണ്.

കർഷകത്തൊഴിലാളി യൂണിയൻ അഖിലേന്ത്യാ സെക്രട്ടറിയും രാജ്യസഭാംഗവുമായിരുന്ന പി.കെ. കുഞ്ഞച്ചന്റെ മകളും പാലക്കാട് ജില്ലാ ആശുപത്രി സൂപ്രണ്ടും ആയ ഡോ. പി.കെ. ജമീലയാണ് ഭാര്യ. നവീൻ, നിഖിൽ എന്നിവർ മക്കൾ.

## എം. വിജയകുമാർ



### നിയമ-സ്പോർട്സ് മന്ത്രി

ആർട്സിൽ ബിരുദം നേടിയ ശേഷം നിയമബിരുദവും നേടി. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ടീയത്തിൽ പ്രവേശിച്ചു.1996-ൽ സ്പീക്കറായിരുന്നു. മൂന്ന് പ്രാവശ്യം നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

പനയ്ക്കോട് മാധവ വിലാസത്തിൽ വി. മാധൻപിള്ളയുടെയും തങ്കമ്മയുടെയും മകനായി നെടുമങ്ങാട് ജനിച്ചു.

ഭാര്യ ഐ. ശ്രീകല ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥയാണ്. മക്കൾ അരവിന്ദ്, അർച്ചന.

## എസ്. ശർമ്മ




### ഫിഷറീസ് മന്ത്രി

1996 ലെ നായനാർ മന്ത്രിസഭയിൽ വൈദ്യുതി-സഹകരണ മന്ത്രിയായിരുന്നു. കൂനൻമാവ് ഐ.ടി.ഐ.യിൽ വിദ്യാഭ്യാസം പൂർത്തിയാക്കി.

വടക്കൻ പറവൂർ ഏഴിക്കര മണപ്പശ്ശേരി ശേഖരിന്റെയും കാവുക്കുട്ടിയുടെയും മൂന്നാമത്തെ മകനാണ് ഇദ്ദേഹം.

ഭാര്യ വൈദ്യുതിബോർഡ് ജീവനക്കാരിയായ ആശ. മക്കൾ രാകേശ്, രേശ്മ

## എളമരം കരീം



### വ്യവസായമന്ത്രി

രാഷ്ട്രീയ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ മുഴുവൻ സമയ പങ്കാളിത്തം. ഫുട്ബോൾ കളിക്കാരനും പരിഭാഷകനുമാണ്. മാവൂർ ഗ്രാസിം ഇൻഡസ്ട്രീസിൽ കരാർ തൊഴിലാളിയായിരുന്നു.

മലപ്പുറം ജില്ലയിലെ വാഴക്കാട്ട് പഞ്ചായത്തിൽ എളമരം എടപ്പ ടി. ഇസ്മായിൽകുട്ടിയുടെയും ആമിനയുടെയും മകനായി എളമരത്ത് ജനനം.

ഭാര്യ റഹ്മത്ത്. മക്കൾ സുമി, നിമി

## ജി. സുധാകരൻ



### സഹകരണ-ദേവസ്വം മന്ത്രി

ഇംഗ്ലീഷ് സാഹിത്യത്തിൽ മാസ്റ്റർബിരുദവും നിയമബിരുദവും നേടി.

ആലപ്പുഴജില്ലയിലെ അമ്പലപ്പുഴയിൽ നിന്ന് നിയമസഭയിലെത്തുന്നു. ജില്ലാ കൗൺസിൽ പ്രസിഡന്റായും കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗമായും പ്രവർത്തിച്ചു.

താമരക്കുളം പഞ്ചായത്ത് വേടര പ്ലാവ് വാർഡിൽ നല്ല വീട്ടിൽ പി. ഗോപാലക്കുറുപ്പിന്റെയും എൽ. പങ്കജാക്ഷിയുടെയും അഞ്ചുമക്കളിൽ രണ്ടാമൻ. ഭാര്യ ഡോ. ജൂബിലി നവപ്രഭ, ആലപ്പുഴ എസ്.ഡി. കോളേജ് അധ്യാപികയാണ്. മകൻ നവനീത്.

## സി. ദിവാകരൻ



### ഭക്ഷ്യസിവിൽ സപ്ലൈസ് മന്ത്രി

കമലേശ്വരം പ്രൈമറി സ്കൂൾ, എസ്.എം.വി. ഹൈസ്കൂൾ, എം.ജി. കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, ഗവ. ട്രെയിനിംഗ് കോളേജ്, കേരള ലാ അക്കാദമി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ബി.എഡ്. ബിരുദധാരി. മൂന്നു വർഷം അധ്യാപകനായിരുന്നു.

തിരുവനന്തപുരം മണക്കാട് ചൊക്കാട്ടശ്ശേരി സി.കെ. ശിവരാമപ്പണിക്കരുടെയും പി.അമ്മുക്കുട്ടിയമ്മയുടെ മകൻ.

ഭാര്യ ടി.വി. ഹേമലത ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പി.ആർ.ഒ. ആണ്. മക്കൾ ഡ്യൂ, ഡോ. ഡാലിയ.

## കെ.പി. രാജേന്ദ്രൻ




### റവന്യൂമന്ത്രി

നാട്ടിക എൻ.എസ്. എസ്. കോളേജ്, തൃശ്ശൂർ ഗവ. കോളേജ്, കേരളവർമ കോളേജ്, തിരുവനന്തപുരം ലോ അക്കാദമി എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

മുൻ മന്ത്രിയും സി.പി.ഐ. നേതാവുമായ കെ.പി. പ്രഭാകറിന്റെ മകൻ.

ഭാര്യ അനി തൃശ്ശൂർ ചേതനാ ട്രസ്റ്റ് കെമിക്കൽസിൽ ക്വാളിറ്റി അഷ്വറൻസ് മാനേജർ. മക്കൾ അഞ്ജന, പാർവതി.

## ബിനോയ് വിശ്വം



### വനംമന്ത്രി

ഗ്രന്ഥകാരൻ, പത്രപ്രവർത്തകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

അംബാസിഡർ ഓഫ് ഫ്രണ്ട്ഷിപ്പ് എമംഗ് വേൾഡ് യൂത്ത്, ബാനർ ഓഫ് യുത്ത് യൂണിറ്റി എന്നീ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

വൈക്കം എം.എൽ.എ. ആയിരുന്ന സി.കെ. വിശ്വനാഥന്റെയും സി.കെ. ഓമനയുടെയും മകൻ.

സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക് മാനേജർ ഷൈലാ ജോർജാണ് ഭാര്യ. മക്കൾ രശ്മി, സൂര്യ.

## മുല്ലക്കര രത്നാകരൻ



### കൃഷിമന്ത്രി

അടയമൺ എൽ.പി.എസ്, വയ്യാറ്റിൻകര യു.പി.എസ്., വർക്കല എസ്. എൻ. കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം.

കൊല്ലം ജില്ലയിലെ ചടയമംഗലത്തിന്റെ പ്രതിനിധിയാണ്.

വിവിധ പ്രക്ഷോഭപരിപാടികളുടെ സംഘാടകൻ.

കൊല്ലം കുമ്മിൾ മുല്ലക്കര കോമളത്ത് പുരുഷോത്തമന്റെയും സുലോചനയുടെയും മകൻ.

ഭാര്യ കടയ്ക്കൽ സി.പി.എച്ച്.എസ് അദ്ധ്യാപിക ഗീത.

## മാത്യു ടി. തോമസ്



### ഗതാഗതമന്ത്രി

തിരുവല്ല ബാറിൽ അഭിഭാഷകനായി പ്രവർത്തിച്ചുവരികയായിരുന്നു. നിയമബിരുദത്തിനൊപ്പം ഗണിതശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നേടിയ മാത്യു ടി. തോമസ് തിരുവല്ല കുറ്റപ്പുഴ തുമ്പുംപാട്ട് റവ. ടി. തോമസിന്റെയും റിട്ട. അധ്യാപിക അന്നമ്മ തോമസിന്റെയും മകനാണ്.

ഭാര്യ ചേന്നങ്കരി വാഴക്കാട്ട് കുടുംബാംഗവും ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ് അധ്യാപികയുമായ അച്ചാമ്മ. മക്കൾ അച്ചു, അമ്മു.

കെ.എം. മോഹൻദാസ്

# പ്രതീക്ഷയുടെ പൊൻപുലരിയായി വീണ്ടും ഇടതുപക്ഷ സർക്കാർ

കിടപ്പാടമോ ആറടി മണ്ണോ സ്വന്തമായില്ലാതെ ജീവിച്ച ജനലക്ഷങ്ങൾക്ക് ഭൂമിയിൽ അവകാശം. പാടങ്ങളിൽ രാവും പകലും പണിതിട്ടും അടിമകളും പട്ടിണിക്കാരുമായിക്കഴിഞ്ഞ കർഷകത്തൊഴിലാളിക്ക് പുതുജീവിതം. കുടികിടപ്പുകാരനും മലയോരങ്ങളിൽ പൊന്നണിയിച്ച മലയോരകർഷകനും ഭൂമിയിൽ സ്ഥിരാവകാശം. സർക്കാർ ചെലവിൽ വിദ്യാഭ്യാസം. തൊഴിലാളികൾക്കും പിന്നോക്ക-ദുർബല ജനവിഭാഗങ്ങൾക്കും ജീവിതസുരക്ഷിതത്വം. അക്ഷരാഭ്യാസമില്ലാതെ അന്ധകാരത്തിലേക്കെറിയപ്പെട്ട ലക്ഷക്കണക്കിനാളുകൾക്ക് സാക്ഷരതയുടെ പുതുവെളിച്ചം. ജനങ്ങളെ കൊള്ളയടിച്ചു കൊഴുത്ത കരിഞ്ചന്തക്കാരെയും പൂഴ്ത്തിവയ്പുകാരെയും തളയ്ക്കാൻ സുശക്തമായ പൊതുവിതരണ സംവിധാനം. എല്ലാവർക്കും സർക്കാർ മേൽനോട്ടത്തിൽ ചികിത്സ, സ്കൂളുകളിൽ പട്ടിണികിടന്ന് തളരേണ്ടി വന്ന ബാല്യങ്ങൾക്ക് ഉച്ചയ്ക്ക് വയറു നിറച്ചാഹാരം. ഉദ്യോഗസ്ഥവൃന്ദവും സ്വാർത്ഥമതികളായ ഭരണാധികാരികളും കയ്യടക്കിവച്ച അധികാരം ജനങ്ങളിലേക്ക് പകർന്ന് ജനപങ്കാളിത്തത്തോടെ നാടിന്റെ വികസനം. ഐക്യകേരള ചരിത്രത്തിലെ സുവർണശോഭയുള്ള നേട്ടങ്ങളുടെ പട്ടിക നീളുന്നു.

സാമൂഹിക-സാംസ്കാരിക ചരിത്രം തിരുത്തിക്കുറിച്ച കാലപ്രവഹത്തിന് മായ്ക്കാനാവാത്ത ഈ നേട്ടങ്ങളെല്ലാം കേരളം ആർജിച്ചത് കമ്മ്യൂണിസ്റ്റ് പാർട്ടിയും പിന്നീട് സി.പി.ഐ.(എം) നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയും സംസ്ഥാനം ഭരിച്ചപ്പോഴാണ്. 1957-ൽ ഇ.എം.എസ്. സർക്കാരിട്ട അടിത്തറയ്ക്ക് മേലാണ് ആധുനിക കേരളം രൂപംകൊണ്ടത്. ലക്ഷക്കണക്കിന് പരമ്പരാഗത വ്യവസായത്തൊഴിലാളികളും പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളും സർക്കാരിന്റെ സംരക്ഷണവും സുരക്ഷിതത്വവും അനുഭവിച്ചറിഞ്ഞത് ഇടതുപക്ഷപാർട്ടികൾ സംസ്ഥാനത്ത് അധികാരമേറ്റപ്പോൾ മാത്രമാണ്. ജീവിത സായാഹ്നത്തിൽ ചെറുതെങ്കിലും സ്വന്തമായൊരു തുക കർഷകത്തൊഴിലാളികൾക്കും അശരണരായ മറ്റു ജനവിഭാഗങ്ങൾക്കും പെൻഷനായിക്കൊടുക്കാൻ തീരുമാനിച്ചതും ഇടതുപക്ഷ സർക്കാർ തന്നെ. പൊലീസിന് മനുഷ്യമുഖം കിട്ടിയതും ഇടതുപക്ഷസർക്കാരുകൾ ഭരണത്തിലുണ്ടായിരുന്നപ്പോൾ മാത്രം. ഐക്യകേരളപ്പിറവിക്ക് അരനൂറ്റാണ്ടു തികയുമ്പോൾ നാടിന്റെ ചരിത്രം തിരുത്താൻ വീണ്ടും ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിലേറുകയാണ്. ജനകോടികളുടെ മനസ്സിൽ പ്രതീക്ഷയുടെ പൊൻപുലരി. അഞ്ചു വർഷം ഭരിച്ച കോൺഗ്രസും, സഖ്യപാർട്ടികളും മുച്ചൂടും മുടിച്ച സംസ്ഥാനത്തിന് ഇനി ഉയിർത്തെഴുന്നേല്പിന്റെ കാലം. പ്രതീക്ഷയോടെ സംസ്ഥാനം കാത്തിരിക്കുകയാണ് സത്ഭരണത്തിന്റെ നാളുകൾ. ജീവിതം നാടിനും ജനങ്ങൾക്കും വേണ്ടിയുള്ള നിരന്തര പോരാട്ടമാക്കി മാറ്റിയ വി.എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമേൽക്കുകയാണ്.

കേരളം രൂപം കൊണ്ട ശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ അധികാരമേറ്റ ഇ.എം.എസ്. ഗവൺമെന്റ് ആധുനിക കേരള സൃഷ്ടിക്ക് അടിത്തറയിട്ടു. ഇ.എം.എസും പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയും ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരും മറ്റുമുൾപ്പെടുന്ന ഗവൺമെന്റ് പിന്തിരിപ്പൻ ശക്തികൾ കൈപ്പിടിയിൽ ഒതുക്കിയിരുന്ന വിദ്യാഭ്യാസ രംഗത്തും ഭൂപരിഷ്കരണ മേഖലയിലും കൊണ്ടുവന്ന നിയമനിർമാണങ്ങൾ മാത്രം മതി കേരളമുള്ളകാലം വരെ ഇ.എം.എസ്. സർക്കാർ ഓർമിക്കപ്പെടാൻ. 1957-ലെ സർക്കാർ ആവിഷ്കരിച്ച പുരോഗമനനടപടികൾ തകർക്കാനും അട്ടിമറിക്കാനും ശ്രമിച്ചവർക്കും ആ ഗവൺമെന്റിട്ട അടിത്തറ നശിപ്പിക്കാനായില്ല. ജനങ്ങളുടെ വിചാരവികാരങ്ങളുമായി ഇഴുകിച്ചേർന്ന പ്രവർത്തനങ്ങളാണ് ഇ.എം.എസ്. സർക്കാർ ആവിഷ്കരിച്ചത്. 1957 ഏപ്രിൽ അഞ്ചിന് അധികാരമേറ്റ ഗവൺമെന്റ് പാട്ടക്കുടിയാന്മാരെ രക്ഷിക്കാനും ഒരു തുണ്ട് ഭൂമിയില്ലാത്ത പാവങ്ങളെ മണ്ണിനുടമകളാക്കാനും തീരുമാ

## പി.ജെ. ജോസഫ്




**പൊതുമരാമത്ത് മന്ത്രി**

എം.എ. ബിരുദധാരി. 2001-ൽ നിയമസഭയിൽ 25 വർഷം തികച്ച ഏകവ്യക്തിത്വം.

ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ നിന്ന് ജയിച്ച ഈ 65കാരൻ മന്ത്രി പദത്തിലെത്തുന്നത് അഞ്ചാംതവണ. 1978-ൽ ആഭ്യന്തരമന്ത്രിയായി. 1982-ൽ റവന്യൂ വിദ്യാഭ്യാസ-എക്സൈസ് മന്ത്രി. 1996-ൽ വിദ്യാഭ്യാസ പൊതുമരാമത്ത് മന്ത്രിയുമായി. പുറപ്പുഴ പാലത്തിനാൽ ജോസഫിന്റെയും അന്നമ്മയുടെയും മകൻ. ഭാര്യ ഡോ. ശാന്ത. അപ്പു, യമുന, ആന്റണി, ജോ എന്നിവർ മക്കൾ.

## എൻ.കെ. പ്രേമചന്ദ്രൻ



**ജലവിഭവമന്ത്രി**

ബി.എസ്.സി, എൽ.എൽ.ബി. ബിരുദധാരി, അഭിഭാഷകൻ. നിയമബിരുദം ഒന്നാം റാങ്കോടെ.

1996-98 കാലങ്ങളിൽ ലോകസഭാംഗവും 2000 മുതൽ രാജ്യസഭാംഗവുമായിരുന്നു.

എൻ.കൃഷ്ണപിള്ളയുടെയും മഹേശ്വരി അമ്മയുടെയും ആറാമത്തെ മകൻ. നാവായിക്കുളമാണ് സ്വദേശം.

ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹോമിയോ മെഡിക്കൽ കോളേജിൽ അധ്യാപികയായ ഡോ. എസ്. ഗീതയാണ് ഭാര്യ. മകൻ കാർത്തിക്.

കെ.എം. മോഹൻദാസ്

# പ്രതീക്ഷയുടെ പൊൻപുലരിയായി വീണ്ടും ഇടതുപക്ഷ സർക്കാർ

കിടപ്പാടമോ ആറടി മണ്ണോ സ്വന്തമായില്ലാതെ ജീവിച്ച ജനലക്ഷങ്ങൾക്ക് ഭൂമിയിൽ അവകാശം. പാടങ്ങളിൽ രാവും പകലും പണിതിട്ടും അടിമകളും പട്ടിണിക്കാരുമായിക്കഴിഞ്ഞ കർഷകത്തൊഴിലാളിക്ക് പുതുജീവിതം. കുടികിടപ്പുകാരനും മലയോരങ്ങളിൽ പൊന്നണിയിച്ച മലയോരകർഷകനും ഭൂമിയിൽ സ്ഥിരാവകാശം. സർക്കാർ ചെലവിൽ വിദ്യാഭ്യാസം. തൊഴിലാളികൾക്കും പിന്നോക്ക-ദുർബല ജനവിഭാഗങ്ങൾക്കും ജീവിതസുരക്ഷിതത്വം. അക്ഷരാഭ്യാസമില്ലാതെ അന്ധകാരത്തിലേക്കെറിയപ്പെട്ട ലക്ഷക്കണക്കിനാളുകൾക്ക് സാക്ഷരതയുടെ പുതുവെളിച്ചം. ജനങ്ങളെ കൊള്ളയടിച്ചു കൊഴുത്ത കരിഞ്ചന്തക്കാരെയും പൂഴ്ത്തിവയ്പുകാരെയും തളയ്ക്കാൻ സുശക്തമായ പൊതുവിതരണ സംവിധാനം. എല്ലാവർക്കും സർക്കാർ മേൽനോട്ടത്തിൽ ചികിത്സ, സ്കൂളുകളിൽ പട്ടിണികിടന്ന് തളരേണ്ടി വന്ന ബാല്യങ്ങൾക്ക് ഉച്ചയ്ക്ക് വയറു നിറച്ചാഹാരം. ഉദ്യോഗസ്ഥ വൃന്ദവും സ്വാർത്ഥമതികളായ ഭരണാധികാരികളും കയ്യടക്കിവച്ച അധികാരം ജനങ്ങളിലേക്ക് പകർന്ന് ജനപങ്കാളിത്തത്തോടെ നാടിന്റെ വികസനം. ഐക്യകേരള ചരിത്രത്തിലെ സുവർണശോഭയുള്ള നേട്ടങ്ങളുടെ പട്ടിക നീളുന്നു.

സാമൂഹിക-സാംസ്കാരിക ചരിത്രം തിരുത്തിക്കുറിച്ച കാലപ്രവഹത്തിന് മായ്ക്കാനാവാത്ത ഈ നേട്ടങ്ങളെല്ലാം കേരളം ആർജിച്ചത് കമ്മ്യൂണിസ്റ്റ് പാർട്ടിയും പിന്നീട് സി.പി.ഐ.(എം) നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിയും സംസ്ഥാനം ഭരിച്ചപ്പോഴാണ്. 1957-ൽ ഇ.എം.എസ്. സർക്കാരിട്ട അടിത്തറയ്ക്ക് മേലാണ് ആധുനിക കേരളം രൂപംകൊണ്ടത്. ലക്ഷക്കണക്കിന് പരമ്പരാഗത വ്യവസായത്തൊഴിലാളികളും പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികളും സർക്കാരിന്റെ സംരക്ഷണവും സുരക്ഷിതത്വവും അനുഭവിച്ചറിഞ്ഞത് ഇടതുപക്ഷപാർട്ടികൾ സംസ്ഥാനത്ത് അധികാരമേറ്റപ്പോൾ മാത്രമാണ്. ജീവിത സായാഹ്നത്തിൽ ചെറുതെങ്കിലും സ്വന്തമായൊരു തുക കർഷകത്തൊഴിലാളികൾക്കും അശരണരായ മറ്റു ജനവിഭാഗങ്ങൾക്കും പെൻഷനായിക്കൊടുക്കാൻ തീരുമാനിച്ചതും ഇടതുപക്ഷ സർക്കാർ തന്നെ. പൊലീസിന് മനുഷ്യമുഖം കിട്ടിയതും ഇടതുപക്ഷസർക്കാരുകൾ ഭരണത്തിലുണ്ടായിരുന്നപ്പോൾ മാത്രം. ഐക്യകേരളപ്പിറവിക്ക് അരനൂറ്റാണ്ടു തികയുമ്പോൾ നാടിന്റെ ചരിത്രം തിരുത്താൻ വീണ്ടും ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിലേറുകയാണ്. ജനകോടികളുടെ മനസ്സിൽ പ്രതീക്ഷയുടെ പൊൻപുലരി. അഞ്ചു വർഷം ഭരിച്ച കോൺഗ്രസും, സഖ്യപാർട്ടികളും മുച്ചൂടും മുടിച്ച സംസ്ഥാനത്തിന് ഇനി ഉയിർത്തെഴുന്നേല്പിന്റെ കാലം. പ്രതീക്ഷയോടെ സംസ്ഥാനം കാത്തിരിക്കുകയാണ് സത്ഭരണത്തിന്റെ നാളുകൾ. ജീവിതം നാടിനും ജനങ്ങൾക്കും വേണ്ടിയുള്ള നിരന്തര പോരാട്ടമാക്കി മാറ്റിയ വി.എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമേൽക്കുകയാണ്.

കേരളം രൂപം കൊണ്ട ശേഷം നടന്ന ആദ്യ തെരഞ്ഞെടുപ്പിൽ അധികാരമേറ്റ ഇ.എം.എസ്. ഗവൺമെന്റ് ആധുനിക കേരള സൃഷ്ടിക്ക് അടിത്തറയിട്ടു. ഇ.എം.എസും പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയും ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരും മറ്റുമുൾപ്പെടുന്ന ഗവൺമെന്റ് പിന്തിരിപ്പൻ ശക്തികൾ കൈപ്പിടിയിൽ ഒതുക്കിയിരുന്ന വിദ്യാഭ്യാസ രംഗത്തും ഭൂപരിഷ്കരണ മേഖലയിലും കൊണ്ടുവന്ന നിയമനിർമാണങ്ങൾ മാത്രം മതി കേരളമുള്ളകാലം വരെ ഇ.എം.എസ്. സർക്കാർ ഓർമിക്കപ്പെടാൻ. 1957-ലെ സർക്കാർ ആവിഷ്കരിച്ച പുരോഗമനനടപടികൾ തകർക്കാനും അട്ടിമറിക്കാനും ശ്രമിച്ചവർക്കും ആ ഗവൺമെന്റിട്ട അടിത്തറ നശിപ്പിക്കാനായില്ല. ജനങ്ങളുടെ വിചാരവികാരങ്ങളുമായി ഇഴുകിച്ചേർന്ന പ്രവർത്തനങ്ങളാണ് ഇ.എം.എസ്. സർക്കാർ ആവിഷ്കരിച്ചത്. 1957 ഏപ്രിൽ അഞ്ചിന് അധികാരമേറ്റ ഗവൺമെന്റ് പാട്ടക്കുടിയാന്മാരെ രക്ഷിക്കാനും ഒരു തുണ്ട് ഭൂമിയില്ലാത്ത പാവങ്ങളെ മണ്ണിനുടമകളാക്കാനും തീരുമാ

### പി.ജെ. ജോസഫ്




**പൊതുമരാമത്ത് മന്ത്രി**

എം.എ. ബിരുദധാരി. 2001-ൽ നിയമസഭയിൽ 25 വർഷം തികച്ച ഏകവ്യക്തിത്വം.

ഇടുക്കി ജില്ലയിലെ തൊടുപുഴയിൽ നിന്ന് ജയിച്ച ഈ 65കാരൻ മന്ത്രി പദത്തിലെത്തുന്നത് അഞ്ചാംതവണ. 1978-ൽ ആഭ്യന്തരമന്ത്രിയായി. 1982-ൽ റവന്യൂ വിദ്യാഭ്യാസ-എക്സൈസ് മന്ത്രി. 1996-ൽ വിദ്യാഭ്യാസ പൊതുമരാമത്ത് മന്ത്രിയുമായി. പുറപ്പുഴ പാലത്തിനാൽ ജോസഫിന്റെയും അന്നമ്മയുടെയും മകൻ. ഭാര്യ ഡോ. ശാന്ത. അപ്പു, യമുന, ആന്റണി, ജോ എന്നിവർ മക്കൾ.

### എൻ.കെ. പ്രേമചന്ദ്രൻ



**ജലവിഭവമന്ത്രി**

ബി.എസ്.സി, എൽ.എൽ.ബി. ബിരുദധാരി, അഭിഭാഷകൻ. നിയമബിരുദം ഒന്നാം റാങ്കോടെ.

1996-98 കാലങ്ങളിൽ ലോകസഭാംഗവും 2000 മുതൽ രാജ്യസഭാംഗവുമായിരുന്നു.

എൻ.കൃഷ്ണപിള്ളയുടെയും മഹേശ്വരി അമ്മയുടെയും ആറാമത്തെ മകൻ. നാവായിക്കുളമാണ് സ്വദേശം.

ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹോമിയോ മെഡിക്കൽ കോളേജിൽ അധ്യാപികയായ ഡോ. എസ്. ഗീതയാണ് ഭാര്യ. മകൻ കാർത്തിക്.

## കെ. രാധാകൃഷ്ണൻ — സ്പീക്കർ



വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ പൊതുരംഗത്ത് വന്ന കെ. രാധാകൃഷ്ണൻ തൃശ്ശൂർ കേരള വർമ കോളേജിൽ നിന്നും ബി.എ. ബിരുദം നേടിയ ശേഷം മുഴുവൻ സമയ രാഷ്ട്രീയപ്രവർത്തകനായി. ഡി.വൈ.എഫ്.ഐ. സംസ്ഥാന കമ്മിറ്റിയംഗമായും പ്രവർത്തിച്ചു. കെ.എസ്.കെ.റ്റി.യു. സംസ്ഥാന കമ്മിറ്റിയംഗം, ആദിവാസി ക്ഷേമസമിതി ജില്ലാ രക്ഷാധികാരി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 1996ലും 2001ലും ചേലക്കരയിൽ നിന്ന് നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. 1996–ൽ മന്ത്രിയായി. 2001–06–ൽ സി.പി.ഐ.(എം) പാർലമെന്ററി പാർട്ടി ചീഫ് വിപ്പായി പ്രവർത്തിച്ചു.

നിച്ചു. ഈ തീരുമാനമാണ് കേരളത്തിന്റെ സാമൂഹിക ചരിത്രം തിരുത്തിയ സമഗ്ര ഭൂപരിഷ്കാര നിയമത്തിന് വഴിയൊരുക്കിയത്. കേരളത്തിന്റെ അഭിമാനമുയർത്തിയ നിയമം 1967–ൽ ഇ.എം.എസ് സർക്കാർ പാസാക്കി. തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തിയതും തൊഴിൽ സമരങ്ങളിൽ പൊലീസ് ഇടപെടരുതെന്ന് നിഷ്കർഷിച്ചതും 57–ലെ ഗവൺമെന്റാണ്. ഭരണനിർവഹണരംഗത്തും ശ്രദ്ധേയമായ മാറ്റത്തിന് ഈ ഗവൺമെന്റ് അടിത്തറയിട്ടു. പ്രതിലോമശക്തികൾ ഒന്നിച്ച് രംഗത്തിറങ്ങി സംഘടിപ്പിച്ച വിമോചന സമരത്തിനൊടുവിൽ കേന്ദ്ര ഗവൺമെന്റ് ഇ.എം.എസ്. സർക്കാരിനെ പിരിച്ചു വിട്ടു.

ജനക്ഷേമം ലക്ഷ്യമാക്കുന്ന ഒരു സർക്കാരിനുവേണ്ടി പിന്നീട് പത്തുകൊല്ലം സംസ്ഥാനത്തിന് കാത്തിരിക്കേണ്ടിവന്നു. 1967–ൽ ഇ.എം.എസിന്റെ നേതൃത്വത്തിൽ അഭൂതപൂർവമായ വിജയം നേടിയാണ് സർക്കാർ അധികാരമേറ്റത്. 133 സീറ്റുകളിൽ 117ഉം അന്ന് മുന്നണി നേടി. കോൺഗ്രസിന് ഒമ്പത് സീറ്റാണ് കിട്ടിയത്. ഭൂപരിഷ്കാര നിയമം പാസാക്കിയതും മലയോര കർഷകരുടെ കൈവശ ഭൂമിക്ക് സ്ഥിരം പട്ടയം കൊടുക്കാൻ തീരുമാനിച്ചതുമാണ് സുപ്രധാന നേട്ടങ്ങൾ. പിന്നീട് 11 വർഷം കഴിഞ്ഞാണ് ഇ.കെ. നായനാരുടെ നേതൃത്വത്തിൽ എൽ.ഡി.എഫ്. കേരളത്തിൽ അധികാരത്തിലെത്തിയത്. വൻ വെല്ലുവിളികളാണ് ഗവൺമെന്റിന് മുന്നിലുണ്ടായിരുന്നത്. എന്നാൽ ജനകീയ പ്രതിബദ്ധതയോടെ പ്രവർത്തിച്ച ഗവൺമെന്റ് വിവിധ മേഖലകളിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചു. 1987ലും 1996ലും അധികാരത്തിലിരുന്ന എൽ.ഡി.എഫ് സർക്കാരുകളും സംസ്ഥാനത്ത് അടിസ്ഥാനപരമായ വൻ നേട്ടങ്ങളാണുണ്ടാക്കിയത്. സുശക്തമായ സാമ്പത്തിക മാനേജ്മെന്റും സാമ്പത്തികരംഗത്തെ വളർച്ചയും ഇക്കാലയളവിലെ പ്രത്യേകതയാണ്. 1996ലെ നായനാർ സർക്കാരിന്റെ കാലത്ത് സാമ്പത്തിക വളർച്ച ദേശീയ ശരാശരിയുടെ മുമ്പിലെത്തി. കാർഷിക–പരമ്പരാഗത വ്യാവസായിക മേഖലകളിൽ പുത്തനുണർവുണ്ടായി. കർഷകത്തൊഴിലാളികളുൾപ്പെടെ ദുർബലവിഭാഗങ്ങൾക്ക് പെൻഷൻ, സ്കൂളുകളിൽ ഉച്ചക്കഞ്ഞി, ശക്തമായ പൊതുവിതരണശൃംഖല, പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണവും പുനരുദ്ധാരണവും, കാർഷികരംഗത്തെ വളർച്ച, കൃഷി പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ, പച്ചക്കറിക്കൃഷിയിൽ സ്വയംപര്യാപ്തത, ശുദ്ധജലവിതരണത്തിനുള്ള നടപടികൾ തുടങ്ങി നായനാരുടെ നേതൃത്വത്തിലുണ്ടായിരുന്ന മൂന്ന് ഗവൺമെന്റുകളുടെ നേട്ടങ്ങൾ എണ്ണിയാലൊടുങ്ങാത്തവയാണ്.

1980ലെ നായനാർ സർക്കാരാണ് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടിയെടുത്തത്. മാവേലി സ്റ്റോറുകൾ ജനലക്ഷങ്ങൾക്കാശ്വാസം പകർന്നു. മാവേലി സ്റ്റോറുകളെ തകർക്കാൻ അന്ന് കോൺഗ്രസ് വാമന സ്റ്റോറുണ്ടാക്കി. മാർക്കറ്റിൽ ഇടപെട്ട് സർക്കാർ വില പിടിച്ചു നിർത്തി. കേന്ദ്ര ഗവൺമെന്റ് റേഷൻ സംവിധാനം തകർത്തുകൊണ്ടിരിക്കെ ജനങ്ങളെ സഹായിക്കാൻ സംസ്ഥാന സർക്കാർ ഉറച്ചുനിന്നു. സംസ്ഥാന സർക്കാർ വർഷം 125 കോടി രൂപയാണ് റേഷൻ സംവിധാനത്തിന് മാത്രം സബ്സിഡി കൊടുത്തത്.

അധികാര വികേന്ദ്രീകരണത്തിന് സ്വീകരിച്ച നടപടികളാണ് എൽ.ഡി.എഫ് സർക്കാരുകളുടെ പ്രവർത്തനത്തിൽ അവിസ്മരണീയം. 1987–ലെ സർക്കാർ ജില്ലാ കൗൺസിലുകൾ രൂപീകരിച്ച് നൂറ് അധികാരങ്ങൾ കൈമാറി. ജില്ലാ കൗൺസിലുകൾ യു.ഡി.എഫ് പിന്നീട് പിരിച്ചുവിട്ടു. 1996ലെ ഗവൺമെന്റ് എക്കാലവും ഓർമിക്കപ്പെടുന്നത് അധികാര വികേന്ദ്രീകരണ പ്രക്രിയ നടപ്പാക്കിയതു വഴിയായിരിക്കും. വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തി. നാടിന്റെ ആവശ്യമറിഞ്ഞുള്ള വികസന പ്രവർത്തനമാണ് നടപ്പാക്കിയത്. പദ്ധതി വിഹിതത്തിന്റെ സിംഹഭാഗവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തു. ഗ്രാമസഭകളും ജനകീയ കൂട്ടായ്മകളും പുതിയൊരു കേരളമാണ് സൃഷ്ടിച്ചത്. ഈ വികസന മാതൃക രാജ്യത്തിനകത്തും പുറത്തും വൻ ശ്രദ്ധ പിടിച്ചു പറ്റി. വിവര സാങ്കേതിക വിദ്യ പോഷിപ്പിക്കുന്നതിലും വിനോദ സഞ്ചാര മേഖല ശക്തിപ്പെടുത്തുന്നതിലും സംസ്ഥാനത്തിന്റെ വിഭവങ്ങളുപയോഗിച്ച് തൊഴിലവസരം സൃഷ്ടിക്കുന്നതിലും എൽ.ഡി.എഫ്. ഗവൺമെന്റുകൾ പ്രത്യേക ശ്രദ്ധ ചെലുത്തി.

വ്യവസായ വികസനത്തിനും കാർഷിക വളർച്ചയ്ക്കും വൈദ്യുതോത്പാദനം വർധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ഒട്ടേറെ നടപടികളെടുത്തതാണ് എൽ.ഡി.എഫ്. ഭരണകാലത്തെ മറ്റൊരു സവിശേഷത. 1996–ൽ നായനാർ അധികാരമേല്ക്കുമ്പോൾ സംസ്ഥാനത്ത് വൈദ്യുതിക്ഷാമം രൂക്ഷമായിരുന്നു.

യു.ഡി.എഫ്. ഗവൺമെന്റ് ലോഡ്ഷെഡിംഗും പവർക്കട്ടും നടപ്പാക്കി. ഇരുട്ടിലായിരുന്ന കേരളത്തെ വെളിച്ചത്തിലേക്കെത്തിച്ചതാണ് എൽ.ഡി.എഫിന്റെ പ്രധാന നേട്ടം. ഒട്ടേറെ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചു. 1086 മെഗാവാട്ട് വൈദ്യുതി പുതുതായി ഉത്പാദിപ്പിച്ച് പവർക്കട്ടും ലോഡ്ഷെഡിംഗും ഒഴിവാക്കി.

(കടപ്പാട്: ദേശാഭിമാനി)

# പുതിയ വിത്തിനങ്ങളും കർഷകരുടെ അവകാശങ്ങളും

**ഡോ. എൽസി സി.ആർ.**
കേരള കാർഷിക സർവകലാശാല

ലോകത്തിൽ ഇന്ന് നിലവിലുള്ള വലിയ ജൈവ വൈവിധ്യ കേന്ദ്രങ്ങളിലൊന്നാണ് ഇന്ത്യ. കേരളത്തിലെ പശ്ചിമഘട്ട പർവതനിരകൾ ഈ ജൈവ വൈവിധ്യ കേന്ദ്രത്തിലെ ഒരു പ്രധാന ഭാഗമാണ്. ഇന്ത്യയിൽ ജന്മമെടുത്തതും, ഇന്ത്യയിലേക്ക് വിരുന്നെത്തിയതുമായ ഒട്ടേറെ വിളകളുണ്ട്. ഈ ഓരോ വിളകളിലും ആയിരക്കണക്കിന് ജനുസ്സുകളും, ഇനങ്ങളുമുണ്ട്; മലകളിലും, കാടുകളിലും വളർന്നിരുന്ന ചെടികളുടെ ഗുണങ്ങൾ കണ്ടെത്തിയതും അവയെ മനുഷ്യരാശിയുടെ വിവിധങ്ങളായ ആവശ്യങ്ങൾക്കായി കൃഷി ചെയ്യാൻ തുടങ്ങിയതും, ആദ്യകാല ഇനങ്ങളെ ഉരുത്തിരിച്ചെടുത്തതുമെല്ലാം കർഷകരാണ്. മാത്രമല്ല കർഷകർ ഈ പാരമ്പര്യ അറിവുകളെ തലമുറകൾ തോറും സംരക്ഷിച്ചും വന്നു. പിന്നീട് എത്രയോ വർഷങ്ങൾക്ക് ശേഷമാണ് ശാസ്ത്രീയമായ സസ്യ പ്രജനനമാർഗങ്ങൾ കാർഷിക ശാസ്ത്രജ്ഞർ അവലംബിച്ചു തുടങ്ങിയത്. ഇപ്പോൾ ജൈവസാങ്കേതിക വിദ്യയുടെ പിൻബലത്താൽ ഏത് ആവശ്യത്തിനും ഉതകുന്ന പുതിയ ഇനങ്ങളെ സൃഷ്ടിക്കുവാൻ ബുദ്ധിമുട്ടില്ല എന്നായിട്ടുണ്ട്. ഈ സാങ്കേതിക മുന്നേറ്റങ്ങളുടെ അടിസ്ഥാനം പണ്ട് കർഷകർ കണ്ടെത്തി സംരക്ഷിച്ചുവന്ന നാടൻ ഇനങ്ങളാണ്. അതിനാലാണ് കർഷകന്, കാർഷിക വിളകളുടെ പുതിയ ഇനങ്ങളിന്മേൽ നിയമപരമായിത്തന്നെ അവകാശം നൽകണമെന്ന് ഇന്ത്യ ആഗ്രഹിച്ചതും അതിനുതകുന്ന നിയമങ്ങൾ നടപ്പിലാക്കിയതും. കൃഷി ഒട്ടേറെ വാണിജ്യവത്കരിക്കപ്പെട്ടിട്ടുള്ള പല രാജ്യങ്ങളും പുതിയ ഇനങ്ങളിന്മേൽ കർഷകനുള്ള അവകാശങ്ങളെ അംഗീകരിക്കുവാൻ തയ്യാറായിട്ടില്ല. ഇന്ത്യയിൽ ഉരുത്തിരിച്ചെടുക്കുന്ന പുതിയ ഇനങ്ങളുടെ അവകാശ സംരക്ഷണത്തിനായി നിർമിച്ചിരിക്കുന്ന പുതിയ ഇനങ്ങളുടെ സംരക്ഷണവും, കർഷകരുടെ അവകാശങ്ങളും (പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റീസ് ആന്റ് ഫാർമേഴ്സ് റൈറ്റ്) എന്ന ആക്ടിൽ കർഷകർക്കും ഗവേഷകർക്കും വിത്തുത്പാദകർക്കും നൽകിയിരിക്കുന്ന അവകാശങ്ങളെപ്പറ്റി വ്യക്തമായി പ്രതിപാദിച്ചിരുന്നു.

പുതിയ ആക്ട് പ്രകാരം, ഒരു ഇനത്തിന്മേലുള്ള അവകാശം സ്ഥാപിച്ചെടുക്കുന്നത് ഇനത്തിന്റെ രജിസ്ട്രേഷനിലൂടെയാണ്. ആരുടെ പേരിലാണോ ഇനം രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നത്, ആ ആൾക്കു മാത്രമേ, വാണിജ്യാവശ്യത്തിനായി അതിന്റെ വിത്തുത്പാദിപ്പിക്കാനും, വില്ക്കാനും അവകാശമുള്ളൂ. അയാൾക്ക് വേണമെങ്കിൽ ആ അവകാശം മറ്റൊരാൾക്ക് കൈമാറാം. പുതിയ ഇനങ്ങൾ ഉരിത്തിരിച്ചെടുക്കുന്ന ഗവേഷകർക്കും സ്ഥാപനങ്ങൾക്കും കർഷകർക്കും അവരുടെ പേരിൽ ഇനങ്ങളെ രജിസ്റ്റർ ചെയ്യാം. പുതിയ ഇനങ്ങളിന്മേലുള്ള അവകാശം ദീർഘകാല വൃക്ഷവിളകളിൽ 18 വർഷത്തേക്കാണ്; നെല്ല്, പയർ, പച്ചക്കറികൾ പോലുള്ള ഹ്രസ്വകാലവിളകളിൽ 15 വർഷത്തേക്കും. ഈ കാലാവധി കഴിഞ്ഞാൽ പുതിയ ഇനങ്ങൾ ജനങ്ങളുടെ പൊതുസ്വത്തായിത്തീരും. എന്നുവച്ചാൽ ആർക്ക് വേണമെങ്കിലും അവയുടെ വിത്തുണ്ടാക്കുകയും വിൽക്കുകയും ചെയ്യാം.

ഇന്ത്യയിലെ നിയമപ്രകാരം, ആരുടെ പേരിൽ രജിസ്റ്റർ ചെയ്യപ്പെട്ടതാണെങ്കിലും ആ ഇനങ്ങൾ എത്രതവണ കൃഷി ചെയ്യാനും വിത്തു സംഭരിക്കാനും മറ്റു കർഷകരുമായി പങ്കുവക്കാനും കൈമാറ്റം ചെയ്യാനും കർഷകന് അവകാശമുണ്ടായിരിക്കും. പണ്ടുമുതലേ കർഷകൻ അനുഭവിച്ചുവന്ന വിത്തിന്മേലുള്ള അവകാശം നിലനിർത്തിയിട്ടുണ്ട് എന്നർത്ഥം. വികസിതരാജ്യങ്ങൾ പലതും കർഷകരുടെ ഈ അവകാശത്തെ ഇല്ലാതാക്കിയിരിക്കുകയാണ്. എന്നാൽ മറ്റൊരാളുടെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത ഇനത്തിന്റെ വിത്ത് ചാക്കുകളിലോ പാക്കറ്റുകളിലോ പേരെഴുതി (branded seed) വില്പനയ്ക്ക് വയ്ക്കുവാൻ കർഷകന് അവകാശമില്ല. മറ്റൊരുതരത്തിൽ പറഞ്ഞാൽ മറ്റൊരാളുടെ അവകാശമായ ഇനത്തിന്റെ വിത്ത്

**വിളകളിലെ പരമ്പരാഗത ഇനങ്ങളെ കർഷകരുടെ ഇനങ്ങളായാണ് കണക്കാക്കുന്നത്. ഒരു കർഷകനോ, കർഷക സമൂഹത്തിനോ, കർഷകകൂട്ടായ്മക്കോ പരമ്പരാഗത ഇനങ്ങളെ അവരുടെ ഇനങ്ങളാക്കി രജിസ്റ്റർ ചെയ്യാം. ഇങ്ങനെ രജിസ്ട്രേഷന് അപേക്ഷിക്കുമ്പോൾ പരമ്പരാഗത ഇനങ്ങളിന്മേൽ അവർക്കുള്ള അവകാശം സ്ഥാപിക്കുന്നതിനാവശ്യമായ തെളിവുകൾ ഉണ്ടായിരിക്കണം.**



ബിസിനസ്സിനായി അഥവാ വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കർഷകന് അവകാശമില്ല എന്നർത്ഥം. രജിസ്റ്റർ ചെയ്യപ്പെട്ട ഇനങ്ങളുടെ വിത്തുത്പാദിപ്പിക്കാനും, വില്ക്കാനും, കയറ്റി അയയ്ക്കാനും വിത്തു കമ്പനികൾക്ക് ലൈസൻസ് ആവശ്യമാണ്.

വിളകളിലെ പരമ്പരാഗത ഇനങ്ങളെ കർഷകരുടെ ഇനങ്ങളായാണ് കണക്കാക്കുന്നത്. ഒരു കർഷകനോ, കർഷക സമൂഹത്തിനോ, കർഷകകൂട്ടായ്മക്കോ പരമ്പരാഗത ഇനങ്ങളെ അവരുടെ ഇനങ്ങളാക്കി രജിസ്റ്റർ ചെയ്യാം. ഇങ്ങിനെ രജിസ്ട്രേഷന് അപേക്ഷിക്കുമ്പോൾ പരമ്പരാഗത ഇനങ്ങളിന്മേൽ അവർക്കുള്ള അവകാശം സ്ഥാപിക്കുന്നതിനാവശ്യമായ തെളിവുകൾ ഉണ്ടായിരിക്കണം. നെല്ലിന്റെ ഉദാഹരണമെടുത്താൽ ഓരോ പ്രദേശത്തും കണ്ടുവരുന്ന പഴയ ഇനങ്ങളെ അതതു പ്രദേശത്തെ കർഷക സമൂഹങ്ങൾക്ക് രജിസ്റ്റർ ചെയ്യാം. അല്ലെങ്കിൽ സംസ്ഥാനത്തിന്റെ പൊതുസ്വത്തായ ഇനങ്ങളായും രജിസ്റ്റർ ചെയ്യാം. ഏതെങ്കിലും പുതിയ ഇനം ഉരുത്തിരിച്ചെടുക്കുന്ന കർഷകന് അതിന്മേൽ പൂർണമായ അവകാശം സ്ഥാപിച്ചെടുക്കുവാൻ അത് അയാളുടെ സ്വന്തം പേരിലും രജിസ്റ്റർ ചെയ്യാം. ഇവിടെ കർഷകന് ഒരു കാർഷികശാസ്ത്രജ്ഞന്റെ അവകാശങ്ങൾ നൽകിയിരിക്കുന്നു.



കർഷക ഇനങ്ങളെയും, പരമ്പരാഗത ഇനങ്ങളെയും ഉപയോഗിച്ച് ശാസ്ത്രജ്ഞരോ, വിത്തുകമ്പനികളോ, സ്ഥാപനങ്ങളോ പുതിയ ഇനങ്ങൾ ഉണ്ടാക്കിയെടുത്ത് അവ രജിസ്റ്റർ ചെയ്ത്, വിത്തുത്പാദനവും കച്ചവടവും നടത്തി ലാഭമുണ്ടാക്കുകയാണെങ്കിൽ ആ ലാഭത്തിന്റെ ഒരു വിഹിതം ലഭിക്കുവാൻ പരമ്പരാഗത ഇനങ്ങളുടെ അവകാശിയായ കർഷകനോ കർഷക സമൂഹത്തിനോ അവകാശമുണ്ട്. പുതിയ ഇനങ്ങളെ ഗവേഷകരോ, വിത്തുകമ്പനികളോ രജിസ്റ്റർ ചെയ്യുമ്പോൾ, അവയിലുപയോഗിച്ചിരിക്കുന്ന മാതൃപിതൃജനുസ്സുകളേതെന്ന് വെളിപ്പെടുത്തണമെന്ന് പുതിയ നിയമം അനുശാസിക്കുന്നു. ആ മാതൃപിതൃജനുസ്സുകളുടെ അവകാശികളായ കർഷകർക്കും സമൂഹത്തിനും ലാഭവിഹിതത്തിന് അവകാശമുന്നയിക്കാൻ സഹായകരമാകാനാണ് ഈ നിബന്ധന ഉൾപ്പെടുത്തിയിരിക്കുന്നത്.

പുതിയ നിയമത്തിൻ കീഴെ രജിസ്റ്റർ ചെയ്ത് വില്പനക്കായി കമ്പോളത്തിലെത്തിക്കുന്ന വിത്തുകൾ, അവയുടെ ഉടമകൾ/ അവകാശികൾ പറയുന്ന വിധത്തിലുള്ള ഗുണവും വിളവും പ്രകടിപ്പിക്കുന്നില്ലെങ്കിൽ അതിന് നഷ്ടപരിഹാരം ലഭിക്കാനും കർഷകന് അവകാശമുണ്ട്. ഇല്ലാത്ത ഗുണങ്ങൾ പെരുപ്പിച്ചു കാണിച്ചു വിത്തുവില്പനയിൽ വർധനവുണ്ടാക്കുന്നവർക്കെതിരെയുള്ള താക്കീതാണിത്. രജിസ്റ്റർ ചെയ്ത നല്ല ഇനങ്ങളുടെ വിത്ത് യഥേഷ്ടം ലഭിക്കുന്നില്ലെങ്കിലോ, കൂടിയ വില ഈടാക്കുന്നുവെങ്കിലോ, അതിനെതിരെ പരാതിപ്പെടാനും കർഷകന് അവകാശമുണ്ട്.

ചുരുക്കിപ്പറഞ്ഞാൽ പുതിയ നിയമത്തിന് കീഴിൽ കർഷകന് ഒട്ടേറെ അവകാശങ്ങളുണ്ട്. പക്ഷേ അവ നേടിയെടുക്കാനും, ചൂഷണത്തിൽ പെടാതിരിക്കാനും ഒട്ടേറെ മുൻകരുതലും പരിശ്രമവും ആവശ്യമാണ്. ഒരുദാഹരണത്തിന് പുതിയ ഇനങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന പരമ്പരാഗത ഇനങ്ങളുടെ പേരിൽ ലാഭവിഹിതത്തിന് കർഷന് അവകാശമുണ്ടെങ്കിലും അത് നേടിയെടുക്കാനായി പുതിയ ഇനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് സശ്രദ്ധം വീക്ഷിക്കുകയും, അവയുടെ മാതൃപിതൃജനുസ്സുകളേതെന്ന് അറിയുകയും വേണം. എങ്കിൽ മാത്രമേ ലാഭവിഹിതത്തിനായി അവകാശമുന്നയിക്കാൻ കർഷകന് കഴിയുകയുള്ളൂ. നിത്യവൃത്തിക്കായി നെട്ടോട്ടമോടുന്ന കർഷകന് അവകാശങ്ങൾക്ക് വേണ്ടി പോരാടാൻ സമയവും, താല്പര്യവും, സാങ്കേതികജ്ഞാനവും കുറവായിരിക്കും. മാത്രമല്ല അതിനുവേണ്ടി വരുന്ന സാമ്പത്തിക ബാധ്യതയും ഒരു പ്രതികൂലഘടകമാണ്. ഇത് ചൂഷണത്തിന്റെ തോത് വർധിപ്പിക്കും. പുതിയ ഇനങ്ങൾ അവകാശപ്പെടുന്ന ഗുണമേന്മ പ്രദർശിപ്പിക്കുന്നില്ലെങ്കിൽ നഷ്ടപരിഹാരം ലഭിക്കാനും നിയമയുദ്ധം തന്നെ നടത്തേണ്ടിവരും. എന്തെന്നാൽ കൃഷിയിലെ പിഴവുമൂലമല്ല വിളവ് കുറഞ്ഞതെന്ന് സ്ഥാപിക്കേണ്ടിവരും. പരമ്പരാഗത ഇനങ്ങളുടെ രജിസ്ട്രേഷനും കർഷകർക്ക് ഒട്ടേറെ സഹായം ആവശ്യമാണ്.

ഇങ്ങനെ നോക്കുമ്പോൾ, പുതിയ നിയമപ്രകാരം, കർഷകരുടെ അവകാശങ്ങൾക്ക് പൂർണമായ സംരക്ഷണം വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും, അവ നേടിയെടുക്കാൻ പഞ്ചായത്ത്, കൃഷിവകുപ്പ്, കാർഷിക സർവകലാശാല തുടങ്ങിയ സ്ഥാപനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും, നിയമവിദഗ്ധരുടെയും നിർലോഭമായ സഹകരണവും, കൈത്താങ്ങും കർഷക സമൂഹത്തിന് ആവശ്യമാണെന്ന് കാണാം.



**ഭാരതത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഗ്രാമങ്ങളിലാണ് വസിക്കുന്നത് എന്നത് പ്രാദേശിക ഭരണസമിതിയുടെ പ്രാധാന്യം ഉയർത്തുന്നു. പ്രാദേശിക ഭരണസ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനവും ധനകാര്യ മാനേജ്മെന്റും വിഭവസമാഹരണവും ശക്തമാക്കേണ്ടത് ഭാരത ജനതയുടെ ഉന്നമനത്തിന് അത്യാന്താപേക്ഷിതമാണ്. ഈ ഉദ്ദേശ്യത്തോടെ നിയോഗിക്കപ്പെട്ടിട്ടുള്ളതാണ് *സംസ്ഥാന ധനകാര്യ കമ്മീഷൻ.***

## ഗ്രാമീണവികസനവും
# സംസ്ഥാന ധനകാര്യകമ്മീഷനും

രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി സ്വയംഭരണാവകാശത്തോടുകൂടിയ പ്രാദേശിക ഭരണസ്ഥാപനങ്ങൾ വളർത്തിയെടുക്കേണ്ടത് ആവശ്യമാണെന്നും ബഹുഭൂരിപക്ഷവും ഗ്രാമങ്ങളിൽ വസിക്കുന്ന ഭാരതജനതയുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ഏറ്റവും ഫലപ്രദമായ രാഷ്ട്രീയ സംവിധാനം പഞ്ചായത്ത് രാജ് സംവിധാനമാണെന്നും നമുക്ക് പറഞ്ഞു തന്നു. ആസൂത്രണപ്രക്രിയയുടെ ആരംഭകാലം മുതൽതന്നെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രാധാന്യം ആസൂത്രണശില്പികളും എടുത്തു പറഞ്ഞിരുന്നു. അതിനാൽ വികേന്ദ്രീകൃതാസൂത്രണം അന്നു മുതൽ തന്നെ നാം വാത്സല്യപൂർവം പരിലാളിച്ച ലക്ഷ്യവുമായി. എന്നാൽ വികേന്ദ്രീകൃതാസൂത്രണ പ്രസ്ഥാനം നടപ്പിൽവരുത്തുവാനുള്ള പ്രാദേശിക സ്ഥാപനങ്ങൾ അക്കാലത്തില്ലായിരുന്നു. 73, 74 ഭരണഘടനാ ഭേദഗതികളോടെയാണ് അധികാരവികേന്ദ്രീകരണത്തിന് വേണ്ടി നടത്തിയ പരിശ്രമങ്ങൾ ഫലവത്താകാൻ തുടങ്ങിയത്. ഭരണഘടനാ ഭേദഗതികളുടെ അന്തഃസത്തയ്ക്ക് അനുസൃതമായി കേരളത്തിൽ നിയമനിർമാണം നടത്തുകയും കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് 1995 ഒക്ടോബർ മാസം 2-ാം തീയതി തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ് പൂർത്തിയാക്കി അധികാരങ്ങൾ കൈമാറുകയും ചെയ്തു. അധികാരവികേന്ദ്രീകരണം ശക്തമാക്കാൻ ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണപ്രക്രിയ ആവശ്യമെന്ന് കണ്ട് ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയാസൂത്രണത്തിലൂടെ സംസ്ഥാനത്ത് നടപ്പിലാക്കി. ഒമ്പതാം പഞ്ചവത്സര പദ്ധതിയിലെ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അധികാര വികേന്ദ്രീകരണവും പ്രാദേശിക ആസൂത്രണവും കൂടുതൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള അവസരമാണ് പത്താം പഞ്ചവത്സരപദ്ധതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്നത്. കൈമാറിക്കിട്ടിയ ഉത്തരവാദിത്തങ്ങളും ചുമതലകളും എത്രത്തോളം കാര്യക്ഷമമായി വിനിയോഗിക്കുന്നു എന്നറിയുവാൻ ഓരോ പ്രാദേശിക സ്ഥാപനങ്ങളും എത്ര മഹത്തരവും സൂക്ഷ്മവുമായാണ് ആ സ്ഥാപനങ്ങളിലെ ധനവിനിയോഗം നടത്തുന്നത് എന്നറിയണം. അത് മനസ്സിലാക്കുവാനും കൂടുതൽ കാര്യക്ഷമമായി തദ്ദേശഭരണസ്ഥാപനങ്ങൾ പ്രവർത്തിക്കാനും അവസരമൊരുക്കുന്ന നിർദേശങ്ങളും ശുപാർശകളും നൽകുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന ഒരു മൂന്നംഗ കമ്മീഷനാണ് സംസ്ഥാന ധനകാര്യ കമ്മീഷൻ.

കേരള സംസ്ഥാന ധനകാര്യകമ്മീഷൻ ഭരണഘടനാ വ്യവസ്ഥകൾ 243-I, 243-Y (Article 243-I, 243-Y) 1994-ലെ പഞ്ചായത്തീരാജ് ആക്ട് സെക്ഷൻ 186, കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 205 മുതലായവയിലെ മാർഗനിർദേശചട്ടങ്ങളാൽ നിയമിക്കപ്പെടുകയും ചെയ്തു. 1994 ഏപ്രിൽ 23-ാം തീയതി ഒന്നാം ധനകാര്യകമ്മീഷനെ ഗവർണർ നിയമിച്ചു. പ്രസ്തുത കമ്മീഷൻ അതിന്റെ അവസാന റിപ്പോർട്ട് (final report) 1996 ഫെബ്രുവരിയിൽ ഗവർണർക്ക് സമർപ്പിച്ചു. രണ്ടാം ധനകാര്യ കമ്മിഷൻ 1999 ജൂൺമാസം 23-ാം തീയതി നിയമിക്കപ്പെടുകയും അതിന്റെ റിപ്പോർട്ടിന്റെ ഒന്നാം ഭാഗം 2001 ജനുവരി മാസത്തിൽ സമർപ്പിക്കുകയും ചെയ്തു. മൂന്നാം സംസ്ഥാന ധനകാര്യകമ്മീഷൻ 20..09..2004-ലെ ധനകാര്യവകുപ്പിന്റെ 30308/എസ്.എസ്/2004/ഫിൻ (SRO No. 1037/2004) എന്ന വിജ്ഞാപനത്തിലൂടെ നിലവിൽ വന്നിരിക്കുകയാണ്. പ്രസ്തുത കമ്മീഷന്റെ ചെയർമാനായി റിട്ടയേർഡ് ചീഫ് സെക്രട്ടറിയായ ശ്രീ. കെ.വി. രവീന്ദ്രൻനായരെയും അംഗങ്ങളായി ശ്രീ.വി.എസ്. ശെന്തിൽ (സെക്രട്ടറി ഫൈനാൻസ്, എക്സ്പെൻഡിച്ചർ), ശ്രീ. പി. കമാൽകുട്ടി (സെക്രട്ടറി, എൽ.എസ്.ജി. ഡിപ്പാർട്ട്മെന്റ്) എന്നിവരെയും നിയമിച്ചരിക്കുകയാണ്. മേൽസൂചിപ്പിച്ച ഉത്തരവിൻ പ്രകാരം ഒരു വർഷക്കാലമാണ് ഇവർക്ക് നൽകിയിരിക്കുന്നത്.

കേരള ധനകാര്യകമ്മീഷന്റെ ടേംസ് ഓഫ് റഫൻസ്:

a) പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ധനസ്ഥിതി പ്രത്യവലോകനം ചെയ്യുകയും അനുയോജ്യമായ ശുപാർശകളും നിർദേശങ്ങളുമടങ്ങുന്ന നിയന്ത്രണ തത്ത്വങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുക.

i. സംസ്ഥാനം ചുമത്തുന്ന നികുതികൾ, ഡ്യൂട്ടികൾ, ടോളുകൾ, ഫീസ് എന്നിവയുടെ നെറ്റുതുക ഭരണഘടനാ പാർട്ട് IX, IX-A എന്നിവ അടിസ്ഥാ



നമാക്കി സംസ്ഥാനം, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്ക് വിതരണം നടത്തുന്നതിനും പഞ്ചായത്തുകളുടെ എല്ലാ തട്ടുകളിലേക്കും, മുനിസിപ്പാലിറ്റികളിലേക്കും വരവിന്റെ ക്രമാനുസൃത പങ്ക് വിഭജനം നടത്തുന്നതിനുമുള്ള തത്ത്വം നിശ്ചയിക്കുകയും ചെയ്യുക.

ii. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഏൽപ്പിച്ചിട്ടുള്ളതോ കൈവശമുള്ളതോ ആയ നികുതികൾ, ഡ്യൂട്ടികൾ, ടോളുകൾ, ഫീസ് എന്നിവ നിർണയം ചെയ്യുക.

iii. സംസ്ഥാന സഞ്ചിതനിധിയിൽ നിന്ന് പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കുമുള്ള സഹായധന (grants-in-aid) നിർണയം ചെയ്യുക.

b) പഞ്ചായത്ത് മുനിസിപ്പൽ സ്ഥാപനങ്ങളുടെ ധനസ്ഥിതി മെച്ചപ്പെടുത്തുവാനുള്ള മാർഗങ്ങൾ.

i. പ്രാദേശിക സ്ഥാപനങ്ങളുടെ ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് ഉയർത്താനുള്ള സാധ്യതകളും അതോടൊപ്പം പ്രാദേശിക സ്ഥാപനങ്ങൾക്ക് അത്തരത്തിലുള്ള വിഭവസമാഹരണത്തിന് ചട്ടക്കൂട് നിർദേശിക്കുകയും അവയെ ആശ്രയിച്ചു മുന്നോട്ടു നീങ്ങാനും, ഉയർത്താനും വേണ്ടി വന്നാൽ പരിധി നിർണയിക്കുന്നതിനുമുള്ള മാനദണ്ഡം നിശ്ചയിക്കുക.

ii. സംസ്ഥാനത്തിന്റെയും പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളുടെയും ധനസ്ഥിതിയുടെ അടിസ്ഥാനത്തിൽ പ്രാദേശിക സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ട ആസ്തികളും സ്ഥാപനങ്ങളും മെയിന്റെയിൻ ചെയ്യാനുള്ള ചെലവുകൾ വീതിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് മാനദണ്ഡം നിശ്ചയിക്കുക.

iii. വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്കും ലാഭകരമായ ചെലവാക്കലുകൾക്കും പ്രത്യേക പരിഗണന നൽകി മഹത്തായ ധനകാര്യ മാനേജുമെന്റിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.

iv. പഞ്ചായത്ത് മുനിസിപ്പാലിറ്റികളും, സർക്കാർ ഏജൻസികളും തമ്മിൽ കൊടുക്കാനുള്ളതും കിട്ടാനുള്ളതും സെറ്റിൽ ചെയ്യുക.

v. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് സുഗമമായ ധനവരവിനും ശരിയാംവണ്ണം കണക്കുകൾ സൂക്ഷിക്കുന്നതിനും മാർഗനിർദേശങ്ങൾ രൂപപ്പെടുത്തുക.

vi. വരവുചെലവു മതിപ്പുകണക്കുകൾ (Budgeting), കണക്കു സൂക്ഷിക്കൽ (Accounting), കണക്കു പരിശോധന (Auditing) എന്നിവയ്ക്ക് അവലംബിക്കേണ്ട സമ്പ്രദായങ്ങളും പ്രവർത്തനരീതിയും തയ്യാറാക്കുക.

vii. വർധിച്ച വിഭവസമാഹരണത്തിനും, വിഭവങ്ങളുടെ ഏറ്റവും മഹത്തരമായ ഉപയോഗത്തിനും പ്രോത്സാഹനം നൽകുക.

viii. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ധനകാര്യനടത്തിപ്പുകൾ (Fiscal performances) ശരിയായി മോണിട്ടർ ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങൾക്ക് രൂപംകൊടുത്തു പ്രാവർത്തികമാക്കുക.



ix. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദിഷ്ഠ ധനകാര്യചുമതലകൾ (Specific fiscal responsibility) നൽകുക.

x. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർക്കുള്ള ശമ്പളവും ബത്തകളും നൽകുന്നതിനുള്ള ബഡ്ജറ്റ് കൈമാറുകയും അതിനുള്ള നടപടി ക്രമങ്ങൾ ഉണ്ടാക്കുകയും ചെയ്യുക.

(അധികമായി രണ്ടാമത് പുറപ്പെടുവിച്ച വിജ്ഞാപനം)

മൂന്നാം ധനകാര്യകമ്മീഷൻ രൂപീകരിച്ചുകൊണ്ട് കേരളാ ഗവർണർ പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ള ടേംസ് ഓഫ് റഫറൻസിലെ കാര്യങ്ങളെപ്പറ്റി വിശദമായ പഠനം നടത്തുവാനാണ് ആദ്യഘട്ടത്തിൽ കമ്മീഷൻ ശ്രമിക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഇപ്പോഴത്തെ ധനസ്ഥിതിയെപ്പറ്റി കമ്മീഷനു അറിയേണ്ടതുണ്ട്. അതോടൊപ്പം 2010-11 വരെയുള്ള വർഷങ്ങളിലെ വരുമാനത്തിന്റെ സാധ്യതകളും ചെലവിനങ്ങളുടെ ന്യായമായ ആവശ്യങ്ങളും എത്രയെന്ന് അറിയുകയും വേണം. ആ രീതിയിലുള്ള പഠനത്തിനുവേണ്ടിയുള്ള വിവരശേഖരണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂരിപ്പിച്ചു മൂന്നാം സംസ്ഥാന ധനകാര്യകമ്മിഷൻ സെക്രട്ടറിക്ക് നൽകേണ്ടുന്ന അഞ്ചു പ്രൊഫോർമകളാണുള്ളത്. പ്രൊഫോർമകളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഇനങ്ങൾക്കുമുള്ള കണക്കുകൾ അതതു സ്ഥാപനങ്ങൾ തയ്യാറാക്കി നിശ്ചിത കാലാവധിയ്ക്കുള്ളിൽ തന്നെ ധനകാര്യ കമ്മിഷന് സമർപ്പിക്കേണ്ടതാണ്. (പ്രൊഫോർമയും അത് പൂരിപ്പിക്കാനുള്ള മാർഗനിർദേശങ്ങളും കമ്മിഷന്റെ ഔദ്യോഗിക വെബ്സൈറ്റായ

വിനോദ്, പട്ടാണിപ്പാറ

# ജി. ശങ്കരപ്പിള്ള



**(1930–1989)**

ചിറയിൻകീഴിൽ നാലുതട്ടുവിള വീട്ടിൽ വി. ഗോപാലപ്പിള്ളയുടെയും കെ. കമലാക്ഷിയുടെയും മകനായി 1930 ജൂൺ 22ന് ശങ്കരപ്പിള്ള ജനിച്ചു. എം.എ. ഒന്നാം ക്ലാസ്സോടെ പാസ്സായ അദ്ദേഹം നാടോടിപ്പാട്ടുകളെപ്പറ്റി 3 വർഷം ഗവേഷണം നടത്തി. 4 വർഷം ഗാന്ധിഗ്രാം ലക്ചററായും 3 വർഷം ലക്സിക്കൻ ഓഫീസിലും ജോലി ചെയ്തു. തുടർന്ന് ശാസ്താം കോട്ട ദേവസ്വം കോളേജ് പ്രൊഫസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 'പ്രസാധന' എന്ന അമേച്വർ നാടകട്രൂപ്പ് സ്ഥാപിച്ച അദ്ദേഹം പല അമേച്വർ നാടകസംഘങ്ങളിലും പ്രവർത്തിച്ചിരുന്നു. 1975 മുതൽ കേരള സംഗീത നാടക അക്കാദമിയംഗം, ചെയർമാൻ, സംഗീത നാടക അക്കാദമിയുടെ നാടകക്കളരി ഡയറക്ടർ, കോഴിക്കോട് സർവകലാശാലയുടെ നാടകപഠന വിദ്യാലയത്തിന്റെ മേധാവി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1963-ൽ 'റെയിൽപാളങ്ങൾ' എന്ന നാടകത്തിന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

പ്രധാനകൃതികൾ: സങ്കല്പസൗരഭം (23 കവിതകളുടെ സമാഹാരം), തോറ്റം പാട്ട്, സ്നേഹദൂതൻ, വിവാഹം സ്വർഗത്തിൽ നടക്കുന്നു, സബർമതി ദൂരെയാണ്, ധർമക്ഷേത്രേ കുരുക്ഷേത്രേ, മൃഗതൃഷ്ണ, വിലങ്ങും വീണയും, കളിത്തട്ട്, ഇടാൻ മറന്ന മഴ, എരിഞ്ഞടങ്ങുന്ന പകൽ, അമ്മാവൻ ആള് വീരനാ, ശരശയനം, പൊയ്മുഖങ്ങൾ, അഭയാർത്ഥികൾ, പൂജാമുറി, കഴുകന്മാർ, പുഷ്പകിരീടം, 5 ഏകാങ്കങ്ങൾ, ഓലപ്പാമ്പ്, പേ പിടിച്ച ലോകം, രക്ഷാപുരുഷൻ, ഭരതവാക്യം, തിരുമ്പിവന്താൻ തമ്പി, മലയാള നാടക സാഹിത്യചരിത്രം എന്നിവയാണ്. 1989 ജനുവരി 1ന് ജി. ശങ്കരപ്പിള്ള അന്തരിച്ചു.

www.kerala.gov.in/sfe.htm മുഖേനയും ലഭിക്കുന്നതാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിലെ വരവുകളുടെയും ചെലവുകളുടെയും യഥാർത്ഥ കണക്കുകളും, 2004-05 വർഷത്തെ കണക്കുകൾ രണ്ടു കോളങ്ങളിലായി, അതായത് ഇക്കൊല്ലം ഇതിനോടകം പാസാക്കിയിട്ടുള്ള ബഡ്ജറ്റിൽ നിന്നുള്ള കണക്കുകളും (BE) ബഡ്ജറ്റിനുശേഷം വന്നതോ വരാനിരിക്കുന്നതോ ആയ മാറ്റങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ പുതിയ ബഡ്ജറ്റിലെ കണക്കുകളും (CE) 2005-06 മുതൽ 2010-11 വരെയുള്ള വരവുകളുടെയും ചെലവുകളുടെയും യുക്തിസഹമായ മതിപ്പു കണക്കു (Projections) കളുമാണ് നൽകേണ്ടത്. 2003-04 വർഷത്തെ കണക്കുകളെ അടിസ്ഥാനപ്പെടുത്തിവേണം മതിപ്പു കണക്കുകൾ തയ്യാറാക്കേണ്ടത്. അടിസ്ഥാന വർഷക്കണക്കുകളിന്മേലുള്ള ശതമാനക്കണക്കുകളല്ല, മറിച്ച് വരവിനായാലും ചെലവിനായാലും ഓരോ വർഷത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുക്കുകയും, വരവിനങ്ങളിലെ മതിപ്പുകണക്കുകളിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ കഴിവും പ്രാപ്തിയും പൂർണമായും ഉൾക്കൊണ്ടും കൊണ്ടായിരിക്കണം മതിപ്പു കണക്കുകൾ സമർപ്പിക്കേണ്ടത്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഇപ്പോഴത്തെ ധനസ്ഥിതിയും വരും വർഷങ്ങളിലെ വരുമാനത്തിന്റെ സാധ്യതകളും ചെലവിനങ്ങളുടെ ന്യായമായ ആവശ്യങ്ങളും ശരിയായ രീതിയിൽ പഠനം നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വിവരശേഖരണത്തിനായി അഞ്ചു പ്രൊഫോർമകളാണ് ധനകാര്യകമ്മീഷൻ പ്രാദേശികസ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്നത്. ഇതിൽ ഒന്നാമത്തേത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വർഷാരംഭ നീക്കിയിരിപ്പും (Opening balance) ധനസ്ഥിതിയെപ്പറ്റി (Performa of financial matters) രണ്ടുമുതൽ അഞ്ചുവരെയുള്ള പ്രൊഫോർമകളിലെ നെറ്റ്തുകകൾ ചേർന്ന തനതു വർഷത്തെ നെറ്റ് പൊസിഷനും വർഷാന്ത്യ നീക്കിയിരിപ്പും (Closing balance) ചേർന്ന ധനസ്ഥിതിയെപ്പറ്റിയുള്ള സംഗ്രഹമാണ്.

ഭരണഘടനയുടെ 73ഉം 74ഉം ഭേദഗതികൾക്ക് മുമ്പുണ്ടായിരുന്നതും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സ്വന്തമായ വരവുകളുടെയും അതിൽ നിന്നും വഹിക്കുന്ന ചെലവുകളുടെയും വിശദാംശങ്ങളാണ് രണ്ടാമത്തെ പ്രൊഫോർമയിൽ നൽകേണ്ടത്.

ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ വകുപ്പുകൾക്കും സർവീസുകൾക്കും സർക്കാരിൽ നിന്ന് ലഭിച്ചിട്ടുള്ള പദ്ധതിയേതര ഗ്രാന്റും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നുള്ള വരവും ഈ സ്ഥാപനങ്ങൾക്കും, സേവനങ്ങൾക്കുമുണ്ടായിട്ടുള്ള ചെലവുകളും മാത്രം നൽകുന്ന പ്രൊഫോർമയാണ് മൂന്നാമത്തേത്.

2, 3 പ്രൊഫോർമകളിൽ പ്ലാൻ ഫണ്ടിലെ ഒരു തുകയും യാതൊരു കാരണവശാലും ഉൾപ്പെടുത്താൻ പാടുള്ളതല്ല. നാലാമത്തെ പ്രൊഫോർമയിൽ പ്ലാൻഫണ്ടിൽ നിന്നും ലഭിച്ചിട്ടുള്ള തുകകൾ മാത്രമാണ് കാണിക്കേണ്ടത്.

പതിനൊന്നാം കേന്ദ്രധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം ലഭിച്ചിട്ടുള്ള തുകയുടെയും അതിൽ നിന്നും വരുത്തിയിട്ടുള്ള ചെലവുകളുടെയും കണക്കുകളാണ് അഞ്ചാമത്തെ പ്രൊഫോർമയിൽ കാണിക്കേണ്ടത്.

ഒന്നാം സംസ്ഥാന ധനകാര്യകമ്മീഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും അധിക അളവിൽ ധനം കൈമാറിക്കിട്ടണമെന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പല നല്ല നിർദേശങ്ങളും നൽകുകയുണ്ടായി. ഒന്നാം ധനകാര്യക്കമ്മീഷൻ ശുപാർശ ചെയ്ത കാര്യങ്ങൾ എത്രയും വേഗം നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകത രണ്ടാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ ഊന്നിപ്പറഞ്ഞിരുന്നു. വിശദമായ പഠനത്തിനുശേഷമുള്ള മൂന്നാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടു വരുന്നതോടുകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മഹാത്മജി വിഭാവനം ചെയ്തിരുന്നതുപോലെ, പഞ്ചായത്തുരാജ് സംവിധാനത്തിലൂടെ കേരളത്തിലെ ജനങ്ങൾക്ക് പ്രത്യേകിച്ചും ഗ്രാമീണജനതയ്ക്ക് ഉപകാരപ്രദമായ പല നല്ല കാര്യങ്ങളും ആവിഷ്കരിച്ചു നടപ്പിലാക്കാൻ കഴിയും എന്നു പ്രത്യാശിക്കാവുന്നതാണ്.

വിനോദ്, പട്ടാണിപ്പാറ

# ജി. ശങ്കരപ്പിള്ള



**(1930–1989)**

ചിറയിൻകീഴിൽ നാലുതട്ടുവിള വീട്ടിൽ വി. ഗോപാലപ്പിള്ളയുടെയും കെ. കമലാക്ഷിയുടെയും മകനായി 1930 ജൂൺ 22ന് ശങ്കരപ്പിള്ള ജനിച്ചു. എം.എ. ഒന്നാം ക്ലാസ്സോടെ പാസ്സായ അദ്ദേഹം നാടോടിപ്പാട്ടുകളെപ്പറ്റി 3 വർഷം ഗവേഷണം നടത്തി. 4 വർഷം ഗാന്ധിഗ്രാം ലക്ചററായും 3 വർഷം ലക്സിക്കൻ ഓഫീസിലും ജോലി ചെയ്തു. തുടർന്ന് ശാസ്താം കോട്ട ദേവസ്വം കോളേജ് പ്രൊഫസറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 'പ്രസാധന' എന്ന അമേച്വർ നാടകട്രൂപ്പ് സ്ഥാപിച്ച അദ്ദേഹം പല അമേച്വർ നാടകസംഘങ്ങളിലും പ്രവർത്തിച്ചിരുന്നു. 1975 മുതൽ കേരള സംഗീത നാടക അക്കാദമിയംഗം, ചെയർമാൻ, സംഗീത നാടക അക്കാദമിയുടെ നാടകക്കളരി ഡയറക്ടർ, കോഴിക്കോട് സർവകലാശാലയുടെ നാടകപഠന വിദ്യാലയത്തിന്റെ മേധാവി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1963-ൽ 'റെയിൽപാളങ്ങൾ' എന്ന നാടകത്തിന് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

പ്രധാനകൃതികൾ: സങ്കല്പസൗരഭം (23 കവിതകളുടെ സമാഹാരം), തോറ്റം പാട്ട്, സ്നേഹദൂതൻ, വിവാഹം സ്വർഗത്തിൽ നടക്കുന്നു, സബർമതി ദൂരെയാണ്, ധർമക്ഷേത്രേ കുരുക്ഷേത്രേ, മൃഗതൃഷ്ണ, വിലങ്ങും വീണയും, കളിത്തട്ട്, ഇടാൻ മറന്ന മഴ, എരിഞ്ഞടങ്ങുന്ന പകൽ, അമ്മാവൻ ആള് വീരനാ, ശരശയനം, പൊയ്മുഖങ്ങൾ, അഭയാർത്ഥികൾ, പൂജാമുറി, കഴുകന്മാർ, പുഷ്പകിരീടം, 5 ഏകാങ്കങ്ങൾ, ഓലപ്പാമ്പ്, പേ പിടിച്ച ലോകം, രക്ഷാപുരുഷൻ, ഭരതവാക്യം, തിരുമ്പിവന്താൻ തമ്പി, മലയാള നാടക സാഹിത്യചരിത്രം എന്നിവയാണ്. 1989 ജനുവരി 1ന് ജി. ശങ്കരപ്പിള്ള അന്തരിച്ചു.

www.kerala.gov.in/sfe.htm മുഖേനയും ലഭിക്കുന്നതാണ്.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിലെ വരവുകളുടെയും ചെലവുകളുടെയും യഥാർത്ഥ കണക്കുകളും, 2004-05 വർഷത്തെ കണക്കുകൾ രണ്ടു കോളങ്ങളിലായി, അതായത് ഇക്കൊല്ലം ഇതിനോടകം പാസാക്കിയിട്ടുള്ള ബഡ്ജറ്റിൽ നിന്നുള്ള കണക്കുകളും (BE) ബഡ്ജറ്റിനുശേഷം വന്നതോ വരാനിരിക്കുന്നതോ ആയ മാറ്റങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ പുതിയ ബഡ്ജറ്റിലെ കണക്കുകളും (CE) 2005-06 മുതൽ 2010-11 വരെയുള്ള വരവുകളുടെയും ചെലവുകളുടെയും യുക്തിസഹമായ മതിപ്പു കണക്കു (Projections) കളുമാണ് നൽകേണ്ടത്. 2003-04 വർഷത്തെ കണക്കുകളെ അടിസ്ഥാനപ്പെടുത്തിവേണം മതിപ്പു കണക്കുകൾ തയ്യാറാക്കേണ്ടത്. അടിസ്ഥാന വർഷക്കണക്കുകളിന്മേലുള്ള ശതമാനക്കണക്കുകളല്ല, മറിച്ച് വരവിനായാലും ചെലവിനായാലും ഓരോ വർഷത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുക്കുകയും, വരവിനങ്ങളിലെ മതിപ്പുകണക്കുകളിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ കഴിവും പ്രാപ്തിയും പൂർണമായും ഉൾക്കൊണ്ടും കൊണ്ടായിരിക്കണം മതിപ്പു കണക്കുകൾ സമർപ്പിക്കേണ്ടത്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഇപ്പോഴത്തെ ധനസ്ഥിതിയും വരും വർഷങ്ങളിലെ വരുമാനത്തിന്റെ സാധ്യതകളും ചെലവിനങ്ങളുടെ ന്യായമായ ആവശ്യങ്ങളും ശരിയായ രീതിയിൽ പഠനം നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വിവരശേഖരണത്തിനായി അഞ്ചു പ്രൊഫോർമകളാണ് ധനകാര്യകമ്മീഷൻ പ്രാദേശികസ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്നത്. ഇതിൽ ഒന്നാമത്തേത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വർഷാരംഭ നീക്കിയിരിപ്പും (Opening balance) ധനസ്ഥിതിയെപ്പറ്റി (Performa of financial matters) രണ്ടുമുതൽ അഞ്ചുവരെയുള്ള പ്രൊഫോർമകളിലെ നെറ്റ്തുകകൾ ചേർന്ന തനതു വർഷത്തെ നെറ്റ് പൊസിഷനും വർഷാന്ത്യ നീക്കിയിരിപ്പും (Closing balance) ചേർന്ന ധനസ്ഥിതിയെപ്പറ്റിയുള്ള സംഗ്രഹമാണ്.

ഭരണഘടനയുടെ 73ഉം 74ഉം ഭേദഗതികൾക്ക് മുമ്പുണ്ടായിരുന്നതും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സ്വന്തമായ വരവുകളുടെയും അതിൽ നിന്നും വഹിക്കുന്ന ചെലവുകളുടെയും വിശദാംശങ്ങളാണ് രണ്ടാമത്തെ പ്രൊഫോർമയിൽ നൽകേണ്ടത്.

ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ വകുപ്പുകൾക്കും സർവീസുകൾക്കും സർക്കാരിൽ നിന്ന് ലഭിച്ചിട്ടുള്ള പദ്ധതിയേതര ഗ്രാന്റും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ നിന്നുള്ള വരവും ഈ സ്ഥാപനങ്ങൾക്കും, സേവനങ്ങൾക്കുമുണ്ടായിട്ടുള്ള ചെലവുകളും മാത്രം നൽകുന്ന പ്രൊഫോർമയാണ് മൂന്നാമത്തേത്.

2, 3 പ്രൊഫോർമകളിൽ പ്ലാൻ ഫണ്ടിലെ ഒരു തുകയും യാതൊരു കാരണവശാലും ഉൾപ്പെടുത്താൻ പാടുള്ളതല്ല. നാലാമത്തെ പ്രൊഫോർമയിൽ പ്ലാൻഫണ്ടിൽ നിന്നും ലഭിച്ചിട്ടുള്ള തുകകൾ മാത്രമാണ് കാണിക്കേണ്ടത്.

പതിനൊന്നാം കേന്ദ്രധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം ലഭിച്ചിട്ടുള്ള തുകയുടെയും അതിൽ നിന്നും വരുത്തിയിട്ടുള്ള ചെലവുകളുടെയും കണക്കുകളാണ് അഞ്ചാമത്തെ പ്രൊഫോർമയിൽ കാണിക്കേണ്ടത്.

ഒന്നാം സംസ്ഥാന ധനകാര്യകമ്മീഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും അധിക അളവിൽ ധനം കൈമാറിക്കിട്ടണമെന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പല നല്ല നിർദേശങ്ങളും നൽകുകയുണ്ടായി. ഒന്നാം ധനകാര്യക്കമ്മീഷൻ ശുപാർശ ചെയ്ത കാര്യങ്ങൾ എത്രയും വേഗം നടപ്പിൽ വരുത്തേണ്ടതിന്റെ ആവശ്യകത രണ്ടാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ ഊന്നിപ്പറഞ്ഞിരുന്നു. വിശദമായ പഠനത്തിനുശേഷമുള്ള മൂന്നാം ധനകാര്യകമ്മീഷന്റെ റിപ്പോർട്ടു വരുന്നതോടുകൂടി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് മഹാത്മജി വിഭാവനം ചെയ്തിരുന്നതുപോലെ, പഞ്ചായത്തു രാജ് സംവിധാനത്തിലൂടെ കേരളത്തിലെ ജനങ്ങൾക്ക് പ്രത്യേകിച്ചും ഗ്രാമീണജനതയ്ക്ക് ഉപകാരപ്രദമായ പല നല്ല കാര്യങ്ങളും ആവിഷ്കരിച്ചു നടപ്പിലാക്കാൻ കഴിയും എന്നു പ്രത്യാശിക്കാവുന്നതാണ്.

എം.പി. രാംകുമാർ

# തൊഴിലാളി സുരക്ഷാ ഇൻഷ്വറൻസ്

## ഇൻഷ്വർ ചെയ്യുക തൊഴിൽ സുരക്ഷിതമാക്കുക.

വിവിധതരത്തിലുള്ള തൊഴിലാളി സുരക്ഷാ ക്രമീകരണങ്ങൾ ഇന്ന് എല്ലാവിധ തൊഴിൽ സ്ഥാപനങ്ങളിലും നിലവിലുണ്ടെങ്കിലും തൊഴിൽസ്ഥാപനങ്ങളിൽ വച്ചും അല്ലാതെയും വിവിധതരത്തിലുള്ള അപകടങ്ങൾക്ക് തൊഴിലാളികൾ ഇരയാവുന്നുണ്ട്. തൊഴിൽസ്ഥാപനങ്ങളിൽ വച്ചുണ്ടാകുന്ന അപകടങ്ങൾക്ക് തൊഴിലുടമതന്നെ സംരക്ഷണം ഏർപ്പെടുത്തണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. എന്നാൽ അസംഘടിത മേഖലയിലെ തൊഴിലാളികൾ പ്രത്യേകിച്ച് അപകടം നിറഞ്ഞ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർ, ഉദാ: മരപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവർ, സാമില്ലുകളിൽ ജോലി ചെയ്യുന്നവർ, പടക്ക നിർമാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ തുടങ്ങി പല തരത്തിലുള്ള അപകടം നിറഞ്ഞ ജോലി ചെയ്യുന്നവർക്കു വേണ്ടിയാതൊരുവിധ തൊഴിൽ സംരക്ഷണവും ഇന്നില്ല. ഇത്തരത്തിലുള്ളവർക്കു വേണ്ടി മാത്രം വിഭാവനം ചെയ്തിട്ടുള്ള ഒരു നൂതന ഇൻഷ്വറൻസ് പദ്ധതിയാണ് ***തൊഴിലാളി സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി***. അപകട സംരക്ഷണം ലഭ്യമായിട്ടുള്ള തൊഴിലാളിക്ക് നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് തൊഴിൽ സ്ഥലത്ത് വച്ചുണ്ടാകുന്ന അപകടത്തിന് മാത്രമേ പരിരക്ഷ ലഭിക്കുന്നുള്ളു. ഇവർക്ക് യാത്ര ചെയ്യുമ്പോഴുണ്ടാകുന്ന അപകടത്തിന് യാതൊരുവിധ പരിരക്ഷയും ലഭ്യമല്ല. ഇങ്ങനെയുള്ളവർ കൂടി ഈ ഇൻഷ്വറൻസ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹരാവുന്ന രീതിയിലാണ് ഈ പദ്ധതിയുടെ വ്യവസ്ഥകൾ. ഈ പദ്ധതി പ്രകാരം തൊഴിൽസ്ഥലത്തോ, റോഡിലോ റെയിലിലോ യാത്ര ചെയ്യുമ്പോഴോ ഉണ്ടാകുന്ന അപകടം മൂലം ആശുപത്രിയിൽ പ്രവേശിപ്പിച്ചാൽ അവിടെയുണ്ടാകുന്ന ചെലവുകൾ ആശുപത്രിയിൽ നിന്നും കിട്ടുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ വരെ തിരികെ ലഭിക്കുന്നതാണ്. സാധാരണഗതിയിൽ ഒരു ദിവസത്തിൽ കൂടുതൽ ആശുപത്രിയിൽ ചികിത്സ നേടിയാൽ മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹരാവുകയുള്ളു. എന്നാൽ ഈ നൂതന ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകടം മൂലം ആശുപത്രിയിലോ ആശുപത്രിയിലെ ഔട്ട് പേഷ്യന്റ് വിഭാഗത്തിലോ ആശുപത്രി സൗകര്യമില്ലെങ്കിൽ ക്ലിനിക്കുകളിലോ ചികിത്സ തേടുകയാണെങ്കിൽ അവിടെയുണ്ടാകുന്ന ചെലവുകൾക്ക് രണ്ടായിരത്തിയഞ്ഞൂറ് രൂപ വരെ തിരികെ ലഭിക്കുന്നതാണ്. കൂടാതെ ആശുപത്രിയിൽ കിടത്തി ചികിത്സിയ്ക്കുകയാണെങ്കിൽ ആശുപത്രിയിലുണ്ടാകുന്ന ചെലവുകൾ അതായത് ഡോക്ടർമാരുടെ ഫീസ്, നഴ്സിംഗ് ചാർജ്, മുറി വാടക, എക്സ്റേ എടുക്കുന്നതിനുള്ള തുക, സ്കാൻ ചെയ്യുന്നതിനുള്ള തുക, എല്ലാവിധ മരുന്നുകളും വാങ്ങുന്നതിനുള്ള തുക തുടങ്ങി അവിടെയുണ്ടാകുന്ന എല്ലാ ചെലവുകളും ഉൾപ്പെടെ പരമാവധി ഒരു ലക്ഷം രൂപയാണ് തിരികെ ലഭിക്കുന്നത്. അപകടം മൂലം ആശുപത്രിയിലേയ്ക്ക് കൊണ്ടുവരുന്നതിന് വാഹനം ഉപയോഗിക്കുന്നതിന് 1,000/- രൂപ ലഭിക്കുന്നതാണ്. അപകടം മൂലം സ്ഥിരമായോ ഭാഗികമായോ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ ഇൻഷ്വർ ചെയ്ത തുകയുടെ നൂറ്റിയമ്പത് ശതമാനം വരെ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് ലഭിക്കുന്നതാണ് എന്നത് ഈ പദ്ധതിയുടെ ഒരു പ്രത്യേകതയാണ്. നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതികൾ പ്രകാരം ഇൻഷ്വർ ചെയ്യുന്ന തുക മാത്രമേ ഇൻഷ്വർ ചെയ്യുന്ന വ്യക്തിക്ക് ലഭ്യമാവുകയുള്ളു.

ഒരു ലക്ഷം രൂപ, രണ്ടു ലക്ഷം രൂപ, മൂന്നു ലക്ഷം രൂപ എന്നീ ക്രമത്തിൽ ഇൻഷ്വറൻസ് പോളിസി എടുക്കാവു



**അപകടം മൂലം സ്ഥിരമായോ ഭാഗികമായോ അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ ഇൻഷ്വർ ചെയ്ത തുകയുടെ നൂറ്റിയമ്പത് ശതമാനം വരെ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് ലഭിക്കുന്നതാണ് എന്നത് ഈ പദ്ധതിയുടെ ഒരു പ്രത്യേകതയാണ്.**

ന്നതാണ്. ഒരു ലക്ഷം രൂപയ്ക്ക് ഇൻഷ്വറൻസ് സംരക്ഷണം തേടുന്നവർക്ക് തൊഴിൽസ്ഥാപനത്തിൽ വച്ചോ റോഡിലോ റെയിലിലോ യാത്ര ചെയ്യുമ്പോഴോ ഉണ്ടാകുന്ന അപകടങ്ങൾമൂലം സ്ഥിരമായി അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ ആ വ്യക്തിക്ക് ഒന്നര ലക്ഷം രൂപയും ഭാഗികമായി അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ എഴുപത്തിയയ്യായിരം രൂപയും ആനുകൂല്യമായി ലഭിക്കുന്നതാണ്. രണ്ടു ലക്ഷം രൂപയ്ക്കാണ് ഇൻഷ്വർ ചെയ്യുന്നതെങ്കിൽ സ്ഥിരമായി അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ മൂന്നു ലക്ഷം രൂപയും ഭാഗികമായി അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ ഒരു ലക്ഷത്തിഅമ്പതിനായിരം രൂപയും ലഭിക്കും. മൂന്ന് ലക്ഷം രൂപയ്ക്ക് ഇൻഷ്വർ ചെയ്യുമ്പോൾ സ്ഥിരമായി അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ നാലു ലക്ഷത്തിയമ്പതിനായിരം രൂപയും ഭാഗികമായി അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ രണ്ടു ലക്ഷത്തിയിരുപത്തയ്യായിരം രൂപയും ലഭിക്കുന്നതാണ്. ഒന്നാമത്തെ വിഭാഗത്തിന് 231/- രൂപയും രണ്ടാമത്തെ വിഭാഗത്തിന് 330/- രൂപയും മൂന്നാമത്തെ വിഭാഗത്തിന് 423/- രൂപയും പ്രീമിയം തുകയായി നൽകേണ്ടതാണ്. മുകളിൽ പറഞ്ഞ പ്രീമിയം തുക ഓരോ വ്യക്തിക്കും വേണ്ടി മാത്രമാണ്. എന്നാൽ ഗ്രൂപ്പ് പോളിസിയായിട്ട് എടുക്കുകയാണെങ്കിൽ പ്രീമിയം തുകയിൽ മുപ്പത് ശതമാനത്തോളം ഇളവ് ലഭിക്കുന്നതാണ്. തൊഴിലാളിക്ക് സ്വന്തമായോ തൊഴിലുടമയ്ക്ക് തൊഴിലാളികളുടെ പേരിലോ പോളിസി എടുക്കാവുന്നതാണ്.

മുകളിൽ പറഞ്ഞ എല്ലാ വിഭാഗക്കാർക്കും തൊഴിൽ ചെയ്യുന്ന സ്ഥലത്തുവച്ചോ യാത്ര ചെയ്യുമ്പോഴോ ഉണ്ടാകുന്ന അപകടങ്ങൾമൂലം ആശുപത്രിയിൽ പ്രവേശിപ്പിച്ചാലുണ്ടാകുന്ന ചെലവുകൾ ഒരു ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു. പോളിസി എടുക്കുന്നതിന് മുമ്പുണ്ടായിട്ടുള്ള അംഗവൈകല്യങ്ങൾ ഇൻഷ്വറൻസ് പോളിസിയുടെ ആനുകൂല്യം കിട്ടുന്നതിനുള്ള പരിധിയിൽ വരുന്നതല്ല.

ജോലിസ്ഥലത്ത് വച്ചുണ്ടാകുന്ന അപകടങ്ങൾക്ക് വർക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. റോഡിലോ, റെയിലിലോ വച്ചുണ്ടാകുന്ന അപകടങ്ങൾക്ക് ഇന്ത്യൻ മോട്ടോർ വെഹിക്കിൾ ആക്ട് 1938 പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതാണ്. സ്വന്തമായി ഉണ്ടാക്കുന്ന അപകടങ്ങൾക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

ഈ പോളിസിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി പാലിക്കേണ്ട ചില വ്യവസ്ഥകൾ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് തൊഴിൽ സ്ഥാപനത്തിൽ വച്ചുണ്ടാകുന്ന അപകടവിവരം കാണിച്ച് തൊഴിലുടമ നൽകുന്ന സർട്ടിഫിക്കറ്റ് ഇൻഷുറൻസ് ആനുകൂല്യം കിട്ടുന്നതിന് ഹാജരാക്കേണ്ടതാണ്. റോഡിലോ റെയിലിലോ വച്ചുണ്ടാകുന്ന അപകടങ്ങളാണെങ്കിൽ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതും അവിടെ നിന്ന് കിട്ടുന്ന എഫ്.ഐ.ആറോ, ജി.ഡി. എൻട്രിയോ ഇൻഷുറൻസ് ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കേണ്ടതുമാണ്.

ഇന്ത്യയിലെ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളായ നാഷണൽ ഇൻഷ്വറൻസ്, ന്യൂ ഇന്ത്യ അഷ്വറൻസ്, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ്, ഓറിയന്റൽ ഇൻഷ്വറൻസ് എന്നീ കമ്പനികളിൽ നിന്നും ഈ പോളിസി ലഭിക്കുന്നതാണ്.





എം.എസ്. രാഖേഷ് കൃഷ്ണൻ



# ദേശീയ ഗ്രന്ഥ

പുസ്തകങ്ങളെ എന്നും പൂജിച്ചാദരിക്കുന്ന സംസ്കാരമാണ് ഭാരതീയരുടേത്. നമ്മുടെ വിജ്ഞാനതൃഷ്ണയെ ശമിപ്പിക്കാനുള്ള പ്രധാന ഉപാധി എന്നും പുസ്തകങ്ങളായിരുന്നു. പുസ്തകത്തിനായി നാം ആശ്രയിക്കാറുള്ളതാകട്ടെ ഗ്രന്ഥശാലകളെയും.

ഗ്രന്ഥശാലകൾ ഒരു കാലത്ത് ഓരോ നാടിന്റെയും കലാ സാംസ്കാരിക കേന്ദ്രങ്ങളായിരുന്നു. പുസ്തകം പണം കൊടുത്ത് വാങ്ങിക്കാൻ കഴിവില്ലാത്ത വിജ്ഞാനദാഹികളെ ഗ്രന്ഥശാലകൾ എന്നും ആകർഷിച്ചിരുന്നു. ഒരു നല്ല ഗ്രന്ഥശാല, യഥാർത്ഥ സർവകലാശാല തന്നെയാണ് എന്ന കാർലൈൻ എന്ന ചിന്തകന്റെ അഭിപ്രായം ശരിവയ്ക്കുക തന്നെ വേണം.

ഗ്രന്ഥശാലാ പ്രസ്ഥാനം ഭാരതത്തിൽ ആരംഭിച്ചത് ബുദ്ധമതകാലത്തോടെയാണ്. വിജ്ഞാന പ്രചാരണം ബുദ്ധമത തത്ത്വങ്ങളിൽപ്പെട്ട ഒന്നായിരുന്നു. മുഗൾ ഭരണകാലഘട്ടത്തോടെ ഇതിന് വികാസം പ്രാപിച്ചു. ബാബർ തൊട്ട് ഔറംഗസീബ് വരെയുള്ള എല്ലാ മുഗൾരാജാക്കന്മാരും ഗ്രന്ഥശാലകൾക്ക് വൻപ്രാധാന്യം കല്പിച്ചു.

ബ്രിട്ടീഷ് ഭരണാധിപന്മാരും വിജ്ഞാനമേഖലയിൽ സജീവശ്രദ്ധ പതിപ്പിച്ചിരുന്നു. അവരുടെ കാലത്താണ് ക്രമീകരിച്ച രീതിയിലുള്ള ഗ്രന്ഥശാലകൾ ആരംഭിച്ചത്.

ബ്രിട്ടീഷുകാരുടെ പ്രവർത്തനങ്ങളുടെ ഭാഗമായാണ് കൽക്കട്ട പബ്ലിക് ലൈബ്രറി 1836-ൽ സ്ഥാപിതമാകുന്നത്. ഈ വർഷം 170-ാം പിറന്നാൾ ആഘോഷിക്കുന്ന ഈ ഗ്രന്ഥശാല ഇന്ന് ഇന്ത്യയുടെ ദേശീയഗ്രന്ഥശാലയാണ്.

സ്റ്റോക്ക് ലേയ്ക്കർ എന്ന ഇംഗ്ലീഷുകാരന്റെ ശ്രമഫലമായാണ് കൽക്കട്ട പബ്ലിക് ലൈബ്രറി സ്ഥാപിതമാകുന്നത്. ഇംഗ്ലീഷ്മാൻ എന്ന പത്രത്തിന്റെ പത്രാധിപരായിരുന്നു അദ്ദേഹം. ഇതിനാവശ്യമായ സ്ഥലത്തിനായി കുറേ അലഞ്ഞു. അവസാനം സ്ട്രോങ്ങ് എന്ന ഡോക്ടറുടെ വീടിന്റെ താഴത്തെ



ന്നതാണ്. ഒരു ലക്ഷം രൂപയ്ക്ക് ഇൻഷ്വറൻസ് സംരക്ഷണം തേടുന്നവർക്ക് തൊഴിൽസ്ഥാപനത്തിൽ വച്ചോ റോഡിലോ റെയിലിലോ യാത്ര ചെയ്യുമ്പോഴോ ഉണ്ടാകുന്ന അപകടങ്ങൾമൂലം സ്ഥിരമായി അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ ആ വ്യക്തിക്ക് ഒന്നര ലക്ഷം രൂപയും ഭാഗികമായി അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ എഴുപത്തിയയ്യായിരം രൂപയും ആനുകൂല്യമായി ലഭിക്കുന്നതാണ്. രണ്ടു ലക്ഷം രൂപയ്ക്കാണ് ഇൻഷ്വർ ചെയ്യുന്നതെങ്കിൽ സ്ഥിരമായി അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ മൂന്നു ലക്ഷം രൂപയും ഭാഗികമായി അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ ഒരു ലക്ഷത്തിഅമ്പതിനായിരം രൂപയും ലഭിക്കും. മൂന്ന് ലക്ഷം രൂപയ്ക്ക് ഇൻഷ്വർ ചെയ്യുമ്പോൾ സ്ഥിരമായി അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ നാലു ലക്ഷത്തിയമ്പതിനായിരം രൂപയും ഭാഗികമായി അംഗവൈകല്യം സംഭവിക്കുകയാണെങ്കിൽ രണ്ടു ലക്ഷത്തിയിരുപത്തയ്യായിരം രൂപയും ലഭിക്കുന്നതാണ്. ഒന്നാമത്തെ വിഭാഗത്തിന് 231/- രൂപയും രണ്ടാമത്തെ വിഭാഗത്തിന് 330/- രൂപയും മൂന്നാമത്തെ വിഭാഗത്തിന് 423/- രൂപയും പ്രീമിയം തുകയായി നൽകേണ്ടതാണ്. മുകളിൽ പറഞ്ഞ പ്രീമിയം തുക ഓരോ വ്യക്തിക്കും വേണ്ടി മാത്രമാണ്. എന്നാൽ ഗ്രൂപ്പ് പോളിസിയായിട്ട് എടുക്കുകയാണെങ്കിൽ പ്രീമിയം തുകയിൽ മുപ്പത് ശതമാനത്തോളം ഇളവ് ലഭിക്കുന്നതാണ്. തൊഴിലാളിക്ക് സ്വന്തമായോ തൊഴിലുടമയ്ക്ക് തൊഴിലാളികളുടെ പേരിലോ പോളിസി എടുക്കാവുന്നതാണ്.

മുകളിൽ പറഞ്ഞ എല്ലാ വിഭാഗക്കാർക്കും തൊഴിൽ ചെയ്യുന്ന സ്ഥലത്തുവച്ചോ യാത്ര ചെയ്യുമ്പോഴോ ഉണ്ടാകുന്ന അപകടങ്ങൾമൂലം ആശുപത്രിയിൽ പ്രവേശിപ്പിച്ചാലുണ്ടാകുന്ന ചെലവുകൾ ഒരു ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു. പോളിസി എടുക്കുന്നതിന് മുമ്പുണ്ടായിട്ടുള്ള അംഗവൈകല്യങ്ങൾ ഇൻഷ്വറൻസ് പോളിസിയുടെ ആനുകൂല്യം കിട്ടുന്നതിനുള്ള പരിധിയിൽ വരുന്നതല്ല.

ജോലിസ്ഥലത്ത് വച്ചുണ്ടാകുന്ന അപകടങ്ങൾക്ക് വർക്മെൻ കോമ്പൻസേഷൻ ആക്ട് പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. റോഡിലോ, റെയിലിലോ വച്ചുണ്ടാകുന്ന അപകടങ്ങൾക്ക് ഇന്ത്യൻ മോട്ടോർ വെഹിക്കിൾ ആക്ട് 1938 പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതാണ്. സ്വന്തമായി ഉണ്ടാക്കുന്ന അപകടങ്ങൾക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

ഈ പോളിസിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി പാലിക്കേണ്ട ചില വ്യവസ്ഥകൾ ഇൻഷ്വർ ചെയ്ത വ്യക്തിക്ക് തൊഴിൽ സ്ഥാപനത്തിൽ വച്ചുണ്ടാകുന്ന അപകടവിവരം കാണിച്ച് തൊഴിലുടമ നൽകുന്ന സർട്ടിഫിക്കറ്റ് ഇൻഷുറൻസ് ആനുകൂല്യം കിട്ടുന്നതിന് ഹാജരാക്കേണ്ടതാണ്. റോഡിലോ റെയിലിലോ വച്ചുണ്ടാകുന്ന അപകടങ്ങളാണെങ്കിൽ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതും അവിടെ നിന്ന് കിട്ടുന്ന എഫ്.ഐ.ആറോ, ജി.ഡി. എൻട്രിയോ ഇൻഷുറൻസ് ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി സമർപ്പിക്കേണ്ടതുമാണ്.

ഇന്ത്യയിലെ പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളായ നാഷണൽ ഇൻഷ്വറൻസ്, ന്യൂ ഇന്ത്യ അഷ്വറൻസ്, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ്, ഓറിയന്റൽ ഇൻഷ്വറൻസ് എന്നീ കമ്പനികളിൽ നിന്നും ഈ പോളിസി ലഭിക്കുന്നതാണ്. ◘





എം.എസ്. രാഖേഷ് കൃഷ്ണൻ



# ദേശീയ ഗ്രന്ഥ

പുസ്തകങ്ങളെ എന്നും പൂജിച്ചാദരിക്കുന്ന സംസ്കാരമാണ് ഭാരതീയരുടേത്. നമ്മുടെ വിജ്ഞാനതൃഷ്ണയെ ശമിപ്പിക്കാനുള്ള പ്രധാന ഉപാധി എന്നും പുസ്തകങ്ങളായിരുന്നു. പുസ്തകത്തിനായി നാം ആശ്രയിക്കാറുള്ളതാകട്ടെ ഗ്രന്ഥശാലകളെയും.

ഗ്രന്ഥശാലകൾ ഒരു കാലത്ത് ഓരോ നാടിന്റെയും കലാ സാംസ്കാരിക കേന്ദ്രങ്ങളായിരുന്നു. പുസ്തകം പണം കൊടുത്ത് വാങ്ങിക്കാൻ കഴിവില്ലാത്ത വിജ്ഞാനദാഹികളെ ഗ്രന്ഥശാലകൾ എന്നും ആകർഷിച്ചിരുന്നു. ഒരു നല്ല ഗ്രന്ഥശാല, യഥാർത്ഥ സർവകലാശാല തന്നെയാണ് എന്ന കാർലൈൻ എന്ന ചിന്തകന്റെ അഭിപ്രായം ശരിവയ്ക്കുക തന്നെ വേണം.

ഗ്രന്ഥശാലാ പ്രസ്ഥാനം ഭാരതത്തിൽ ആരംഭിച്ചത് ബുദ്ധമതകാലത്തോടെയാണ്. വിജ്ഞാന പ്രചാരണം ബുദ്ധമത തത്ത്വങ്ങളിൽപ്പെട്ട ഒന്നായിരുന്നു. മുഗൾ ഭരണകാലഘട്ടത്തോടെ ഇതിന് വികാസം പ്രാപിച്ചു. ബാബർ തൊട്ട് ഔറംഗസീബ് വരെയുള്ള എല്ലാ മുഗൾരാജാക്കന്മാരും ഗ്രന്ഥശാലകൾക്ക് വൻപ്രാധാന്യം കല്പിച്ചു.

ബ്രിട്ടീഷ് ഭരണാധിപന്മാരും വിജ്ഞാനമേഖലയിൽ സജീവശ്രദ്ധ പതിപ്പിച്ചിരുന്നു. അവരുടെ കാലത്താണ് ക്രമീകരിച്ച രീതിയിലുള്ള ഗ്രന്ഥശാലകൾ ആരംഭിച്ചത്.

ബ്രിട്ടീഷുകാരുടെ പ്രവർത്തനങ്ങളുടെ ഭാഗമായാണ് കൽക്കട്ട പബ്ലിക് ലൈബ്രറി 1836-ൽ സ്ഥാപിതമാകുന്നത്. ഈ വർഷം 170-ാം പിറന്നാൾ ആഘോഷിക്കുന്ന ഈ ഗ്രന്ഥശാല ഇന്ന് ഇന്ത്യയുടെ ദേശീയഗ്രന്ഥശാലയാണ്.

സ്റ്റോക്ക് ലേയ്ക്കർ എന്ന ഇംഗ്ലീഷുകാരന്റെ ശ്രമഫലമായാണ് കൽക്കട്ട പബ്ലിക് ലൈബ്രറി സ്ഥാപിതമാകുന്നത്. ഇംഗ്ലീഷ്മാൻ എന്ന പത്രത്തിന്റെ പത്രാധിപരായിരുന്നു അദ്ദേഹം. ഇതിനാവശ്യമായ സ്ഥലത്തിനായി കുറേ അലഞ്ഞു. അവസാനം സ്ട്രോങ്ങ് എന്ന ഡോക്ടറുടെ വീടിന്റെ താഴത്തെ







# ഥശാലയ്ക്ക് 170 വയസ്

നിലയിൽ ഗവർണർ ജനറലിന്റെ അനുമതിയോടെ ഗ്രന്ഥശാല ആരംഭിച്ചു.

ഏകദേശം 5000 പുസ്തകങ്ങളാണ് അന്നുണ്ടായിരുന്നത്. ഫോർട്ട് വില്യം കോളേജിൽ നിന്നാണ് ഇതിലേറിയ പങ്കും ലഭിച്ചത്. സർക്കാർ പുറത്തിറക്കുന്ന ഇംഗ്ലീഷ് പുസ്തകങ്ങൾ ധാരാളമുണ്ടായിരുന്നു. പിന്നീട് 1904-ൽ സെയ്ദ് സദറുദ്ദീൻ അഹമ്മദ് എന്ന ജമീന്ദാർ 1500 പുസ്തകങ്ങളും 850 കയ്യെഴുത്തു പ്രതികളും സംഭാവനയായി നല്കി. ആദ്യകാലത്ത് 300 രൂപ നൽകിയിരുന്ന ആളുകൾക്ക് ഉടമസ്ഥാവകാശത്തിന്റെ ഒരു പങ്ക് (Share) ലഭിച്ചിരുന്നു. ഗ്രന്ഥശാലയിലെ അംഗങ്ങളിലധികവും ഇംഗ്ലീഷുകാർ തന്നെയായിരുന്നു.

ആദ്യവർഷങ്ങളിൽ ഗ്രന്ഥശാലയുടെ പ്രവർത്തനം ദയനീയമായിരുന്നു. അനവധി തവണ ഇതിന്റെ പ്രവർത്തനസ്ഥലം മാറ്റേണ്ടി വന്നു. പലരും ഏറ്റെടുത്തു നടത്തിയെങ്കിലും അതൊന്നും പൂർണമായി ഫലവത്തായില്ല. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം ഗ്രന്ഥശാലയുടെ പ്രവർത്തനത്തെ മന്ദഗതിയിലാക്കി.

കഴ്സൺപ്രഭുവാണ് ഗ്രന്ഥശാലയെ നവീകരിക്കാൻ തയ്യാറായത്. 1899-ൽ അദ്ദേഹം ഇവിടം സന്ദർശിച്ചു. ഇംപീരിയൽ ലൈബ്രറി എന്ന് പുനർനാമകരണം ചെയ്യപ്പെട്ട ഈ ലൈബ്രറി 1903-ൽ അദ്ദേഹം തന്നെ ഉദ്ഘാടനം ചെയ്തു. ഗ്രന്ഥശാലയ്ക്ക് നിയമ സാധുത നല്കിക്കൊണ്ട് അദ്ദേഹം ഇംപീരിയൽ ലൈബ്രറി ആക്ട് നടപ്പിലാക്കി. അതിനുശേഷം മികച്ച രീതിയിൽ ഗ്രന്ഥശാലയുടെ പ്രവർത്തനം നടന്നു.

സ്വാതന്ത്ര്യാനന്തരം ഭാരതത്തിന്റെ ദേശീയ ഗ്രന്ഥശാലയായി ഇതിനെ പ്രഖ്യാപിച്ചു. 1948-ൽ കേന്ദ്രസർക്കാർ ഇതിന് ബലേവിഡിയർ കൊട്ടാരവും അതിന്റെ ഭാഗമായുള്ള സ്ഥലവും വിട്ടുകൊടുത്തു. പന്ത്രണ്ട് ലക്ഷത്തോളം പുസ്തകങ്ങൾ ക്രമീകരിക്കാവുന്ന ഒരു കെട്ടിടവും സർക്കാർ നിർമിച്ചു കൊടുത്തു.

പല പണ്ഡിതരും തങ്ങളുടെ പുസ്തകശേഖരം ഗ്രന്ഥശാലയ്ക്കായി നല്കി. 1954-ലെ ഡെലിവറി ഓഫ് ബുക്സ് ആക്ട് ദേശീയ ഗ്രന്ഥശാലയ്ക്ക് ഏറെ സഹായകമായി. ഈ നിയമപ്രകാരം ഇന്ത്യയിലെ എല്ലാ പ്രസാധകരും തങ്ങൾ പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥത്തിന്റെ ഒരു പ്രതി ദേശീയ ഗ്രന്ഥശാലയ്ക്ക് നൽകണം. ഈ നിയമത്തിന് 1957-ൽ ഭേദഗതി വരുത്തുകയും അത്പ്രകാരം പുസ്തകങ്ങളോടൊപ്പം പത്രമാസികകളെയും ഇതിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്തു.

വിവിധ ഭാരതീയ ഭാഷകളിലേതായി കോടിക്കണക്കിന് പുസ്തകങ്ങൾ ഇന്ന് ദേശീയ ഗ്രന്ഥശാലയിലുണ്ട്. അപൂർവഗ്രന്ഥങ്ങൾക്കായി മറ്റൊരു വിഭാഗവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. സംസ്കൃതം, തമിഴ് എന്നീ ഭാഷകളിലെഴുതിയ താളിയോലകൾ, ഫിർദൗസിയുടെ ഷാനാമയുടെ കയ്യെഴുത്തു പ്രതി, ലാറ്റിൻ ഭാഷയിലെ പ്രാചീനകൃതികൾ എന്നിവ ഈ ശേഖരത്തിലുൾപ്പെട്ടവയാണ്.

ഗവേഷകരെ സംബന്ധിച്ചിടത്തോളം ഒരു പറുദീസയാണ് ഈ ഗ്രന്ഥശാല. പ്രായപൂർത്തിയായ ഏതൊരു ഇന്ത്യൻ പൗരനും ഇവിടുത്തെ സേവനം സൗജന്യമായി ഉപയോഗിക്കാം. കുട്ടികൾക്കായി മറ്റൊരു വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഗവേഷണ പ്രവർത്തനങ്ങളെ സഹായിക്കാനായി പല പദ്ധതികളും ദേശീയ ഗ്രന്ഥശാലയ്ക്കുണ്ട്.

170-ാം വാർഷികം ആഘോഷിക്കുന്ന ദേശീയ ഗ്രന്ഥശാല ഇന്ന് ഏഷ്യയിലെതന്നെ ഏറ്റവും വലിയ ഗ്രന്ഥശാലകളിലൊന്നാണ്. ഭാരതത്തിന്റെ വിജ്ഞാനദാഹത്തിന്റെ ഉത്തമമാതൃകയായി ഇത് ലോകത്തിന് മുന്നിൽ തലയുയർത്തി നിൽക്കുന്നു.



ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ



**ഭാവാവിഷ്കരണത്തിന് യോജിച്ച ശില്പനിർമാണത്തിൽ വൈദഗ്ധ്യം പുലർത്തുന്ന ഒരു കലാപാരമ്പര്യം കേരളത്തിനുണ്ട്. കേരളീയരുടെ സാരാംശങ്ങൾ തിരിച്ചറിയുന്ന പഴയ ഈടുവയ്പുകൾ അത് വിളിച്ചറിയിക്കുന്നു.**

# കരിമ്പാറയിലെ കവിതകൾ

കരിമ്പാറ തുരന്ന് ക്ഷേത്രങ്ങൾ നിർമിക്കുന്ന രീതിയുടെ ഉപജ്ഞാതാവായി കരുതിപ്പോരുന്നത് പല്ലവരാജാവായ മഹേന്ദ്രവർമൻ ഒന്നാമനെയാണ് (എ.ഡി.580-630). ശൈവസിദ്ധനായ അപ്പരാണ് ജൈനമതാവലംബിയായ മഹേന്ദ്രവർമനെ ശൈവമതവിശ്വാസിയാക്കിയത്. ശൈവമതത്തോടുള്ള ഭക്തി മഹേന്ദ്രവർമൻ പ്രകടിപ്പിച്ചത് ഗുഹാക്ഷേത്രങ്ങൾ പണികഴിപ്പിച്ചുകൊണ്ടാണ്. തിരുച്ചിറപ്പള്ളി, മണ്ടകപ്പാട്, പല്ലാവരം, മാമുണ്ടൂർ, ശീയമംഗലം, മഹേന്ദ്രവാഡി, ദളവന്നൂർ എന്നിവിടങ്ങളിൽ അദ്ദേഹം ഗുഹാക്ഷേത്രങ്ങൾ നിർമിച്ചു. ഈ നിർമാണവിദ്യയെ പിന്തുടർന്ന് ഇഷ്ടികയോ, മരമോ, ലോഹമോ, കുമ്മായമോ കൂടാതെയുള്ള ക്ഷേത്രങ്ങൾ ഏഴെട്ടെണ്ണം കേരളത്തിലും ഉണ്ടായി. തെക്ക് തിരുനന്തിക്കര തൊട്ട്, തൃപ്പാപ്പൂർ, മടവൂർപ്പാറ, കോട്ടുക്കൽ, കവിയൂർ, തൃക്കൂർ, ഇരുന്നിലക്കോട്, ഭ്രാന്തൻപാറ വരെ കാണുന്ന ഗുഹാക്ഷേത്രങ്ങളെല്ലാം ശൈവസംബന്ധികളാണ്. ചിതറാലും, കല്ലിലും ഉള്ള ഗുഹാക്ഷേത്രങ്ങൾ ജൈനമതബന്ധമുള്ളവയാണ്, വിഴിഞ്ഞത്തുള്ളത് ഭഗവതിക്ഷേത്രവും. എ.ഡി. ഏഴ്, എട്ട് നൂറ്റാണ്ടുകളോളം പഴക്കം ഈ ഗുഹാക്ഷേത്രങ്ങൾക്ക് ഉണ്ട്.

ഇക്കൂട്ടത്തിൽ പലതുകൊണ്ടും ശ്രദ്ധേയമാണ് ചടയമംഗലത്തിനടുത്ത് കോട്ടുക്കലുള്ള കറ്റിക്കൽ ദേശത്തെ ഗുഹാക്ഷേത്രം. കറ്റിക്കൽ പാടത്തിന്റെ പ്രശാന്തസുന്ദരമായ

പശ്ചാത്തലത്തിലാണ് ഗുഹാക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ദൂരെ നിന്നു നോക്കിയാൽ ചിരട്ട കമഴ്ത്തി വച്ചിരിക്കുന്നതു പോലെ തോന്നിപ്പിക്കുന്ന ഒരു പാറയിൽ രണ്ട് ശ്രീകോവിലുകൾ തുരന്നുണ്ടാക്കി ശിവലിംഗങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്നു. കിഴക്കോട്ടു ദർശനമായിട്ടാണ് ക്ഷേത്രനിർമാണം. നിർമാണ വൈവിധ്യം കൊണ്ട് ഈ രണ്ട് അറകളും വേറിട്ട കാഴ്ച നല്കുന്നു. ഇടത്തേ അറ്റത്തുള്ള അറയ്ക്ക് മുൻഭാഗത്ത് വരാന്തയുണ്ട്. സാധാരണ ഗുഹാക്ഷേത്രങ്ങളിൽ കാണുന്നതുപോലെ ചതുരത്തൂണുകളോടുകൂടിയ വരാന്ത, കീഴും മേലും ചതുരവും മധ്യഭാഗത്ത് ഷഡ്കോണാകൃതിയുമാണ് തൂണുകൾക്കുള്ളത്. അകത്തു പ്രതിഷ്ഠിച്ചിട്ടുള്ള ശിവലിംഗത്തിന് അഭിമുഖമായി വരാന്തയ്ക്ക് വെളിയിൽ നന്ദി വിഗ്രഹം കാണാം. വലത്തേ അറയുടെയും ഇടത്തെ അറയുടെയും നടുവിൽ ഒരു ചെറിയ അറ ചെത്തിയൊരുക്കി അതിന്റെ ഭിത്തിയിൽ ഒരു ഗണപതിരൂപം ചിത്രീകരിച്ചിട്ടുണ്ട്. ശില്പം പൂർണമല്ല. നിർമാണത്തികവ് ഈ ശില്പത്തിന് കൈവന്നിട്ടില്ല. ഇടതും വലതും ശ്രീകോവിലുകളിൽ ശിവലിംഗ പ്രതിഷ്ഠയും നടുവിൽ ഗണപതി റിലീഫും ഉള്ള കോട്ടുക്കൽ ക്ഷേത്രത്തിന് അങ്ങനെ മൂന്നു ദർശന ഭാഗങ്ങളുണ്ട്. ഇടത്തേ ശ്രീകോവിലിന്റെ വരാന്തഭിത്തിയിൽ ഒരു ഗണപതി രൂപവും കൊത്തിയിട്ടുണ്ട്. വലത്തെ ശ്രീകോവിലിന്റെ വലത്തെ ദ്വാരപാലകസ്ഥാനത്തു കാണുന്ന വാനരരൂപത്തിന്റെയും അതിന് അഭിമുഖമായി താഴെ കൊത്തിയിട്ടുള്ള നന്ദി വിഗ്രഹത്തിന്റെയും സാന്നിദ്ധ്യമാണ് കോട്ടുക്കൽ ക്ഷേത്രത്തെ ശ്രദ്ധേയമാക്കുന്ന ഘടകം. രാമായണത്തിലെ നന്ദി-വാനര സംവാദത്തെ അനുസ്മരിപ്പിക്കുന്നതാണ് ഈ ശില്പങ്ങൾ.

## നന്ദി–വാനര സംവാദം

ഒരിക്കൽ രാവണൻ നന്ദികേശ്വരനെ അപമാനിക്കുകയുണ്ടായി. നിന്റെ രാജ്യം ഒരു വാനരനാൽ നശിപ്പിക്കപ്പെടട്ടെയെന്ന് നന്ദി



**കറ്റിക്കൽ പാടത്തിന്റെ പ്രശാന്ത സുന്ദരമായ പശ്ചാത്തലത്തിലാണ് ഗുഹാക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ദൂരെ നിന്നു നോക്കിയാൽ ചിരട്ട കമഴ്ത്തി വച്ചിരിക്കുന്നതു പോലെ തോന്നിപ്പിക്കുന്ന ഒരു പാറയിൽ രണ്ട് ശ്രീകോവിലുകൾ തുരന്നുണ്ടാക്കി ശിവലിംഗങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്നു.**

രാവണനെ ശപിച്ചു. ഹനുമാൻ ലങ്ക നശിപ്പിച്ചു. മുഖാമുഖമായി നന്ദിയെയും വാനരനെയും കൊത്തിയതിൽ നിന്നും ഈ കഥയുടെ അനുസ്മരണമാണ് ശില്പി ഉദ്ദേശിച്ചിട്ടുള്ളതെന്ന് തോന്നുന്നു. ഈ ആശയം ഉൾക്കൊള്ളുന്ന ശില്പങ്ങൾ മറ്റൊരു ഗുഹാക്ഷേത്രത്തിലും ഇല്ല.

വാല്മീകി രാമായണത്തിന്റെ ഉത്തരകാണ്ഡത്തിൽ (സർഗം 16) നന്ദിശാപത്തിന്റെ കഥയുണ്ട്. യാത്രയ്ക്കിടയിൽ പുഷ്പകം നിന്നുപോയപ്പോൾ രാവണൻ കൈലാസ പർവതത്തിനടുത്തുള്ള ഭൂമിയിലിറങ്ങുകയും നന്ദിയുടെ വാനരരൂപം കണ്ടിട്ട് അവനെ പരിഹസിക്കുകയും ചെയ്തു. അപ്പോൾ നിന്റെ കുലത്തിന്റെ നാശത്തിന് വേണ്ടി എന്നെപ്പോലെ ബലമുള്ള വാനരന്മാർ ജനിക്കുമെന്ന് നന്ദി അയാളെ ശപിച്ചു.

തസ്മാൻ മദ്വീര്യസംയുക്താ
തദ്രൂപസമതേജസഃ
ഉത്പത്സ്യന്തി വധാർത്ഥം ഹി
കുലസ്യതവ വാനരാ (ശ്ലോകം : 17)

വാല്മീകി രാമായണത്തിന്റെ ദാക്ഷിണാത്യപാഠത്തിൽ ലങ്കാദഹനവർണനാഘട്ടത്തിലാണ് നന്ദിയുടെ ശാപം പരാമർശിച്ചിട്ടുള്ളത്. മറ്റുപാഠങ്ങളിൽ ലങ്കാദഹനസന്ദർഭത്തിൽ ഈ പരാമർശം കാണാനില്ല. അധ്യാത്മരാമായണം കിളിപ്പാട്ടിൽ ഉത്തരരാമായണത്തിലാണ് നന്ദികേശ്വരശാപകഥ ഉള്ളത്.

എന്നുപറഞ്ഞിരിക്കുന്ന നേരം തത്ര
നന്ദീശ്വരനൊരു വാനരവേഷമായ്

ചെന്നുരചെയ്താനുമാപതിശങ്കരൻ
ചന്ദ്രൻചൂഡൻ പരമേശ്വരനീശ്വരൻ
നീലകണ്ഠൻ നൃത്തമാടും പ്രദേശമി-
താർക്കുമൊരിക്കലും വന്നുകൂടായല്ലോ
എങ്കിൽ തിരിയെ നീ വന്ന വഴിക്കിനി
കാലേ ഗമിച്ചുകൊള്ളേണം യഥോചിതം
ധിക്കാരമുൾക്കൊണ്ടുതന്നെ മരിപ്പതി
നുൽക്കടാഹങ്കാരമോടു വരായ്ക നീ
എന്നതു കേട്ടു ദശാസ്യനുമന്നേര
മെന്നോടു വന്നൊരുവാനരൻ ചൊന്നതു
നന്നുനന്നെന്നപഹാസവും ചെയ്തവ
നൊന്നലറിച്ചിരിച്ചീടിനാനേറ്റവും
നിന്ദിച്ചു ചൊന്നതുകേട്ടും കോപംപൂണ്ടു
നന്ദീശ്വരനുമവനോടു ചൊല്ലിനാൻ
ഇപ്പോൾ വധിക്കുന്നതില്ല ഞാനെന്നുമേ
പത്മോത്ഭവൻ തവ തന്ന വരത്തിനാൽ
വാനരനെന്നു നീ നിന്ദിച്ചകാരണം
വാനരന്മാരാൽ വരും കുലനാശവും
ദേവദ്വിജേന്ദ്രന്മാരെപ്പീഡിപ്പിച്ചിനി
കേവലമായുർവ്വിനാശം വരിക തേ
എന്നു നന്ദീശ്വരശാപമുണ്ടായതു-
മൊന്നുമറിഞ്ഞീല രാക്ഷസരാജനും

(കൈലാസോദ്ധാരണം-ഉത്തരരാമായണം)

മഹേശ്വരന്റെ സാന്നിദ്ധ്യത്തിൽ തന്നെ അനുസ്മരിക്കേണ്ട കഥ എന്ന നിലയ്ക്ക് കോട്ടുക്കൽ ഗുഹാക്ഷേത്രത്തിലെ നന്ദി-വാനരശില്പം തുലോം സ്ഥാനസ്ഥിതമാണ്.



## തൃപ്പാപ്പൂർ ക്ഷേത്രം

ചിരട്ട കമഴ്ത്തിയപോലെ തോന്നിക്കുന്ന ഒരു പാറ തുരന്നു നിർമിച്ചതാണ് കോട്ടുക്കലിലെ ഗുഹാക്ഷേത്രമെന്ന് സൂചിപ്പിച്ചുവല്ലോ. ചിരട്ട കമഴ്ത്തിവച്ചപോലുള്ള ഒരു കൊച്ചുപാറ തൃപ്പാപ്പൂർ ക്ഷേത്രപ്പറമ്പിലുണ്ട്. പാറ തുരന്ന് ചെറിയ രണ്ട് അറകളുണ്ടാക്കി അതിൽ ശിവലിംഗങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്നു. കൺമൂല ശിവൻ, കൺകണ്ട ശിവൻ എന്ന് പ്രതിഷ്ഠകൾക്ക് പേര്. ഈ പാറയുടെ തുടർച്ചയായിക്കാണുന്ന പാറയിൽ വലിയ രണ്ടു മനുഷ്യപാദങ്ങളും രണ്ട് പിഞ്ചുപാദങ്ങളും കൊത്തിയിട്ടുണ്ട്. അതേ പാറയിൽത്തന്നെ കണ്ണിന്റെ ആകൃതിയിലുള്ള ഒരു ചെറിയ വിള്ളലും ദൃശ്യമാണ്. അതിൽ എക്കാലത്തും ജലമുണ്ട്. 'കണ്ണീർതീർത്ഥ'മെന്ന് പ്രാദേശിക സംജ്ഞ. പാറയുടെ ഒരു വശം കൊത്തിക്കളഞ്ഞിട്ടുള്ള സ്ഥിതിയാണ് ഇന്നുള്ളത്. ആകൃതിയിൽ സമാനതയുള്ള പാറയിലാണ് തൃപ്പാപ്പൂരും കോട്ടുക്കലിലും അറകൾ നിർമിച്ചിരിക്കുന്നത്. തൃപ്പാപ്പൂരിൽ ഗുഹാക്ഷേത്രദർശനം തെക്കുപടിഞ്ഞാട്ടും വടക്കുപടിഞ്ഞാട്ടുമാണ്. ഈ പാറക്ഷേത്രത്തിന്റെ ഉത്ഭവത്തിന് ശേഷമാണ് ഇന്നു കാണുന്ന നാലമ്പലത്തിന്റെയും ശ്രീകോവിലിന്റെയും നിർമിതി. ആയ് രാജാക്കന്മാരുടെയും വേണാട്ടു രാജാക്കന്മാരുടെയും ആസ്ഥാനമെന്ന നിലയ്ക്ക് തൃപ്പാപ്പൂരിനുണ്ടായിരുന്ന പ്രാധാന്യം പരിഗണിയ്ക്കുമ്പോൾ ഇവിടത്തെ ഗുഹാക്ഷേത്രത്തിനും പാദങ്ങൾക്കും അധികാരപരിരക്ഷ ലഭിച്ചിട്ടുണ്ടാകാമെന്ന് ഉറപ്പിക്കാം.

## ഗുഹാക്ഷേത്ര ശില്പങ്ങൾ

കേരളത്തിലെ ഗുഹാക്ഷേത്രങ്ങളിൽ ഏതാനും ചിലതിലേ കമനീയ ശില്പങ്ങളുള്ളൂ. തൃപ്പാപ്പൂർ ഗുഹാക്ഷേത്രത്തിന്റെ ഭിത്തിയിൽ ശില്പങ്ങളൊന്നും ഇല്ല. ശില്പങ്ങൾ വരയ്ക്കാനുള്ള സ്ഥലവും ഇല്ലെന്നു പറയാം. എന്നാൽ തിരുവനന്തപുരം ജില്ലയിൽത്തന്നെയുള്ള വിഴിഞ്ഞം, മടവൂർപ്പാറ ഗുഹാക്ഷേത്രങ്ങളിൽ ശില്പങ്ങളുണ്ട്. ശക്തിഭാവം സ്ഫുരിക്കുന്ന ദ്വാരപാലകരും ഗണപതിയും മടവൂർപ്പാറ ഗുഹാക്ഷേത്രത്തിന്റെ ശില്പസമ്പത്തിൽപ്പെടുന്നു. ഗണപതിറിലീഫ് മോഹനമെന്ന് പറയാനാവില്ല. വിഴിഞ്ഞം ഗുഹാക്ഷേത്രത്തിലെ ശില്പങ്ങൾ കലാമേന്മയുള്ളവയാണ്. വാതിലിന്റെ ഇടതുവശത്ത് മഹിഷാസുരമർദിനിയെയും വല





തുവശത്ത് ദ്വാരപാലകരെയും ആണ് റിലീഫിൽ കൊത്തിയിരിക്കുന്നത്. ദ്വാരപാലകരിൽ ഒന്ന് പുരുഷനും മറ്റേത് സ്ത്രീയുമാണ്. പുരുഷരൂപത്തിനും മടവൂർപ്പാറയിലെ ദ്വാരപാലകർക്കും രൂപഭാവങ്ങളിൽ സാദൃശ്യമുണ്ട്. രണ്ടിടത്തെയും ശില്പി ഒരാൾ തന്നെയെന്ന് സംശയിക്കാൻ തക്കവണ്ണം സാദൃശ്യം പ്രകടമാണ്. ഇരുന്നിലക്കോട് ക്ഷേത്രത്തിൽ ലിംഗമല്ല ദക്ഷിണാമൂർത്തിയുടെ രൂപമാണ് പാറയിൽ കൊത്തിയിട്ടുള്ളത്. മുക്കാലും തേഞ്ഞുമാഞ്ഞ ഒരു വിഷ്ണുരൂപവും ഇവിടെയുണ്ട്. ശില്പചാരുതയിൽ മികച്ചു നില്ക്കുന്ന കൊത്തുപണികൾ കൊണ്ട് ധന്യമാണ് കവിയൂർ ഗുഹാക്ഷേത്രം. ഈ ക്ഷേത്രത്തിലെ ദ്വാരപാലകന്മാർ അനുപമമായ ശില്പഭംഗിക്ക് മകുടോദാഹരണമാണ്. കൈകെട്ടിനില്ക്കുന്ന ദ്വാരപാലകന്റെ വിധേയത്വവും കർമനിപുണത സ്ഫുരിക്കുന്ന മുഖഭാവവും ചിത്രീകരിക്കുന്നതിൽ ശില്പി കൈവരിച്ച കയ്യൊതുക്കം നിരുപമവും അനവദ്യവുമാണ്. ചിത്രീകരണത്തിലുള്ള സൂക്ഷ്മതയുടെ കാര്യത്തിൽ ഈ ശില്പത്തോട് കിടപിടിക്കുന്നതാണ് കോട്ടുക്കലിലെ വാനരരൂപം.

## കോട്ടുക്കൽ ശില്പം

ഇടതുകൈ അരക്കെട്ടിൽ വിന്യസിച്ച് വലതുകൈയിൽ ശൂലമേന്തി നില്ക്കുന്ന വാനരരൂപം നിരവദ്യമായ ശില്പനിർമാണ കൗശലത്തിന് എക്കാലത്തും എടുത്ത് ഉദാഹരിക്കാവുന്ന ദൃഷ്ടാന്തമാണ്. പട്ടുകോണകമുടുത്ത് കളിപ്പാട്ടം വലതുകയ്യിൽ പിടിച്ച് ഇടതുകൈ അരക്കെട്ടിലൂന്നി കളിപ്പാട്ടത്തെ കൗതുകപൂർവം വീക്ഷിക്കുന്ന ഒരു ഉണ്ണിക്കുട്ടന്റെ രൂപം ശില്പിയുടെ മനസ്സിൽ ഉണ്ടായിരുന്നെന്നു തോന്നുന്നു. വാനരശിരസിന്റെ രൂപാവിഷ്കരണത്തിൽ കാണിച്ചിട്ടുള്ള സൂക്ഷ്മത പ്രശംസനീയമാണ്. കണ്ണിൽ തുടങ്ങി ചെന്നിയിലൂടെ കീഴ്ത്താടിയിലെത്തുന്ന ഒരു രേഖയിൽ നിന്നാണ് വാനരമുഖത്തിന് അനുയോജ്യമായ വിധത്തിൽ പാറ ഉരച്ചു കുഴിച്ച് വദനഭാഗം സംവിധാനം ചെയ്തിരിക്കുന്നത്. വലതുകൈയിലെ ത്രിശൂലത്തിന്റെ തീക്ഷ്ണത ശില്പത്തിൽ വ്യഞ്ജിപ്പിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. മുഖം കൊണ്ടു മാത്രമേ ശില്പം വാനരനാണെന്ന് തോന്നിക്കുകയുള്ളൂ. വാനരത്വത്തിന്റെ നിയാമക ഘടകങ്ങളിലൊന്നായ വാൽ കോട്ടുക്കൽ വാനരശില്പത്തിലില്ല.



വാനരശില്പത്തിന് അഭിമുഖമായി താഴെ നന്ദിയുടെ വിഗ്രഹം പാറയിൽ നിന്നു തന്നെ കൊത്തിയൊരുക്കിയിരിക്കുന്നു. കൊഴുത്തുരുണ്ട ഒരു മൂരിക്കുട്ടന്റെ രൂപമാണ് ഈ നന്ദിവിഗ്രഹത്തിനുള്ളത്. കഴുത്തിൽ അലങ്കാരമാലകളുണ്ട്. വാല്, കഴുത്ത്, മുഖം, ചെവി, ഉപ്പൂട് (പൂഞ്ഞി) മടക്കി വച്ച കാലുകൾ എന്നിവ ഓരോന്നും മൊത്തഘടനയോട് ഐകരൂപ്യം വരും വിധത്തിൽ തടിപ്പും നീളവും വീതിയും പൊരുത്തപ്പെടുത്തിയാണ് കൊത്തിയെടുത്തിട്ടുള്ളത്. ഇടതുവശത്തെ ശ്രീകോവിലിനു മുമ്പിലുള്ള നന്ദിയെക്കാൾ ചൈതന്യം വലതുവശത്തെ ശ്രീകോവിലിനു മുന്നിൽ വാനരശില്പത്തിന് അഭിമുഖമായി നില്ക്കുന്ന ഈ നന്ദിവിഗ്രഹത്തിനുണ്ട്.

## ഗണപതി

തൃക്കൂർ, കോട്ടുക്കൽ, മടവൂർപ്പാറ ക്ഷേത്രങ്ങളിൽ ഗണപതി രൂപം ഉപദേവനായി പാറച്ചുവരിൽ കൊത്തിയിട്ടുണ്ട്. ഒരിടത്തെയും ഗണപതിശില്പം കമനീയമല്ല. സംഘസാഹിത്യത്തിലെങ്ങും പരാമർശിക്കപ്പെട്ടിട്ടില്ലാത്ത ഗണേശൻ തമിഴകത്തിൽ ആരാധനാ മൂർത്തിയായത് 7-ാം നൂറ്റാണ്ടിനുശേഷമാണ്. ശിവപുത്രനെന്ന നിലയ്ക്കു ഗണേശനെ സംബന്ധിച്ച ആദ്യപരാമർശം തമിഴിൽ കാണുന്നത് എ.ഡി. 7-ാം നൂറ്റാണ്ടിലുണ്ടായ സംബന്ധരുടെ തിരുവഴിവലം പതികത്തിലെ 'പിടിയനനുറുവുമൈ' എന്നു തുടങ്ങുന്ന തേവാരത്തിലാണ്. ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിലാണ് ഗണേശാരാധനയുടെ ഉത്ഭവമെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ആനയുടെ തലയും രാക്ഷസന്റെ കുടവയറും ചേർന്ന ഗണേശൻ ദ്രാവിഡ ദേശത്തുണ്ടായ മൂർത്തിയാകാനാണ് സാധ്യത. കേരളത്തിൽ ഗണേശൻ പ്രത്യക്ഷപ്പെടുന്നത് ഗുഹാക്ഷേത്രങ്ങളിലൂടെയാണ്.

ഒരു കരിമ്പാറ തുരന്ന് രണ്ട് ശ്രീകോവിലുകൾ നിർമിച്ച് ഓരോന്നിലും ശിവലിംഗങ്ങൾ പ്രതിഷ്ഠിച്ചതിന് പിന്നിലെ ചോദന അവ്യാഖ്യേയമായി നില്ക്കുന്നു. നന്ദിയും വാനരനും കാവൽ നില്ക്കുന്ന വലത്തേ ശ്രീകോവിലാണ് ആദ്യമുണ്ടായതെന്നു തോന്നുന്നു. ഈ ശ്രീകോവിലിന്റെ വാതിലിന് ഇടതുവശത്ത് ശില്പങ്ങളില്ല. അവിടെ ഏതെങ്കിലും ശില്പരചന നടന്നതിന്റെ ലക്ഷണങ്ങളും ഇല്ല. ഇടതുവശത്തെ ശ്രീകോവിലും പറച്ചുവരിലെ ഗണപതി

**ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ ഭാഗങ്ങളിലാണ് ഗണേശാരാധനയുടെ ഉത്ഭവമെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ആനയുടെ തലയും രാക്ഷസന്റെ കുടവയറും ചേർന്ന ഗണേശൻ ദ്രാവിഡ ദേശത്തുണ്ടായ മൂർത്തിയാകാനാണ് സാധ്യത. കേരളത്തിൽ ഗണേശൻ പ്രത്യക്ഷപ്പെടുന്നത് ഗുഹാക്ഷേത്രങ്ങളിലൂടെയാണ്.**

രൂപവും പില്ക്കാല രചനകളാണ്. ഏതാണ്ട് പാറയുടെ മധ്യത്തിലായിട്ടാണ് വലതുവശത്തെ ശ്രീകോവിൽ തുരന്നുണ്ടാക്കിയിട്ടുള്ളതെങ്കിൽ ഇടതുവശത്തെ അറയും മധ്യത്തിലുള്ള ഗണപതി റിലീഫും പാറയുടെ ഇടത്തേ അറ്റത്തോളം എത്തി നില്ക്കുന്ന രചനകളായതിനാൽ കേന്ദ്രസ്ഥിതമായ വലത്തേ ശ്രീകോവിലാണ് ആദ്യമുണ്ടായതെന്ന് അനുമാനിക്കാം.

വിചിത്രചിത്തനെന്നു പേരുകൊണ്ട ഒരു പല്ലവരാജാവിന്റെ ഭാവനയിൽ ഉരുവം കൊണ്ട് ദക്ഷിണേന്ത്യയിലാകെ വ്യാപിച്ച ഗുഹാക്ഷേത്രനിർമാണവിദ്യ കേരളക്കരയിലും എത്തിയത് മതവിശ്വാസത്തിന്റെ ഭാഗമായിട്ടാണ്. ഭരണകൂടങ്ങളുടെ ഒത്താശയോടെയാണ് ഈ ക്ഷേത്രങ്ങൾ കേരളത്തിൽ ഉണ്ടായതെന്ന് കരുതാൻ തെളിവുകളില്ല. ഏതെങ്കിലും ഒരു സാമ്പത്തികശക്തിയുടെ പിൻബലം ക്ഷേത്രനിർമാണത്തിന് പ്രേരണയായിട്ട് ഉണ്ടാകാതെ തരമില്ല. അത് തെളിയിച്ചെടുക്കാൻ ചരിത്രപ്രമാണങ്ങൾ ഇല്ലെന്നതാണ് മലയാളത്തിന്റെ ശാപം.

ഭാവാവിഷ്കരണത്തിന് അനുയോജ്യമായ വിധം ശില്പനിർമിതിയിൽ നൈപുണ്യമാർജിച്ച ഒരു കലാപാരമ്പര്യം കേരളത്തിനുണ്ട്. ഓരോ മാധ്യമത്തിലും അത് എങ്ങനെ പെരുമാറുന്നുവെന്ന തിരിച്ചറിവ് പ്രധാനമാണ്. ഗുഹാക്ഷേത്രങ്ങളിൽ നിന്ന് കല്ലും കുമ്മായവും മരവും കൊണ്ട് കെട്ടിപ്പടുത്ത ക്ഷേത്രങ്ങളിലേക്കും കോൺക്രീറ്റ് വാസ്തുശില്പത്തിലേക്കും നിർമാണവിദ്യ പരിണമിച്ചപ്പോഴും നിലനില്ക്കുന്ന കേരളീയതയുടെ സാരാംശങ്ങൾ തിരിച്ചറിയാൻ പഴയ ഈടുവയ്പുകൾ സംരക്ഷിക്കുക തന്നെ വേണം.

ശശികുമാർ സി. തലശ്ശേരി

# അനശ്വരസംഗീതത്തിന്റെ സ്രഷ്ടാവ്

**ആറു പതിറ്റാണ്ടുകാലം നമ്മുടെ ആത്മാവിന്റെ തന്ത്രികളിൽ ഭാവതീവ്രവും അനുഭൂതികരവുമായ ഗാനങ്ങൾ വിരിയിച്ച രാഗങ്ങളുടെ രാജശില്പി നൗഷാദ് അലി യാത്രയായി. അദ്ദേഹത്തിന്റെ സംഗീത സപര്യയിലേക്ക് ഒരു തിരനോട്ടം.**

ഹിന്ദുസ്ഥാനി ക്ലാസിക്കൽ രാഗങ്ങളെ സൃഷ്ടികളിലേക്ക് സന്നിവേശിപ്പിച്ച് തന്റെ രാഗാർദ്രസംഗീതത്താൽ ഹിന്ദി ചലച്ചിത്ര പ്രേമികളെ കോരിത്തരിപ്പിച്ച രാഗങ്ങളുടെ രാജശില്പി നൗഷാദ് അലി വിട ചൊല്ലിയപ്പോൾ ഹിന്ദി സിനിമയിലെ ഭാവസാന്ദ്രവും സമ്മോഹനവുമായ മെലഡികൾക്ക് തിരശ്ശീല വീഴുകയാണ്. ആറ് പതിറ്റാണ്ട് കാലം ആത്മാവിന്റെ തന്ത്രികളെ പിടിച്ചുകുലുക്കിയ അനുഭൂതിദായകമായ, ഭാവതീവ്രമായ ഗാനങ്ങൾ ശ്രോതാക്കളുടെ ചുണ്ടുകളിൽ നിറച്ചിട്ടാണ് നൗഷാദ് യാത്രയായത്. 1940-ൽ പ്രേംനഗറിൽ തുടങ്ങി താജ്മഹൽ വരെ 65-ൽ പരം സിനിമകളിലൂടെ കടന്ന് 'സ്വോർഡ് ഓഫ് ടിപ്പു സുൽത്താൻ', 'അക്ബർ ദി ഗ്രേറ്റ്' തുടങ്ങിയ ടെലിസീരിയലുകൾക്ക് പശ്ചാത്തല സംഗീതം നിർവഹിച്ച ഈണങ്ങളുടെ കുലപതി മുംബൈയിൽ ബാന്ദ്രയിലെ കടൽതീരത്ത്, ഒരു റെക്കോർഡിംഗ് സ്റ്റുഡിയോയുടെ പ്രതീതി ജനിപ്പിക്കുന്ന അദ്ദേഹത്തിന്റെ വസതിയായ 'ആഷിയാന'യിൽ ശുദ്ധസംഗീതത്തിന്റെ മഞ്ജീരധ്വനികൾ മാത്രം മനസ്സിൽ സൂക്ഷിച്ച് വിശ്രമ ജീവിതം നയിക്കുകയായിരുന്നു.



നാല്പത് മുതൽ എഴുപത് വരെയുള്ള കാലഘട്ടങ്ങളിൽ ഇന്ത്യൻ ജനത നെഞ്ചിലേറ്റിയ നൗഷാദിന്റെ ഈണങ്ങൾക്ക് പിൻബലമായിരുന്നത് അദ്ദേഹത്തിന്റെ ഹൃദയസ്പർശിയായ ജീവിതാനുഭവങ്ങളായിരുന്നു. ദുരന്തപര്യയായി അവസാനിക്കുന്ന അക്കാലത്തെ ഹിന്ദി സിനിമകൾക്ക് ശോകാർദ്രത കലർന്ന ഗാനങ്ങൾ ഒരുക്കിയതിന് പിന്നിൽ അദ്ദേഹത്തിന്റെ വേദനാജനകമായ ജീവിതത്തിന്റെ നിഴൽ ദൃശ്യമാണ്. നൗഷാദ് പകർന്നു നല്കിയ മേഘരാഗസ്പർശത്തിന്റെ അടിത്തട്ടിൽ ശോകത്തിന്റെ ഛായ ദർശിക്കുന്നെങ്കിൽ ഓർക്കുക, ദാരിദ്ര്യത്തിൽ നിന്നാണ് നൗഷാദ് തുടങ്ങിയത്. ദുരന്തമായ ജീവിതാനുഭ



വങ്ങൾ ദർശിക്കാൻ കഴിയുന്ന 'മേള', 'ബാബുൽ' എന്നീ ചിത്രങ്ങൾക്ക് നല്കിയ ഈണങ്ങൾ വേദനയിൽ കുതിർന്നതായിരുന്നു. ഷംഷാദ്ബീഗം പാടിയ മേളയിലെ 'ദർതികോ ആകാശ് പുകാരേ' എന്ന ഗാനമാകട്ടെ അദ്ദേഹത്തിന്റെ ഭാര്യ ആസ്യയുടെ വേർപാടിന് ശേഷമാണ് സൃഷ്ടിക്കപ്പെട്ടത്. ദുഃഖഭാരത്താൽ വിങ്ങിപ്പൊട്ടുന്ന ഹൃദയത്തിന്റെ നെടുവീർപ്പുകളാണ് നാം നൗഷാദിന്റെ സംഗീതത്തിൽ കേൾക്കുന്നത്. ദിലീപ്കുമാറിനെ ഒരു ട്രാജഡി കിങ്ങായി മാറ്റിയത് നൗഷാദിന്റെ ഹൃദയവേദനയിൽ നിന്നും ചാലിച്ചെടുത്ത ഗാനങ്ങളായിരുന്നു. മുഹമ്മദ് റാഫിയുടെ സർഗശക്തി പൂർണമായും പുറത്ത് കൊണ്ടുവന്നത് നൗഷാദിന്റെ ശോകഗാനങ്ങൾ തന്നെ. ഹിന്ദിസിനിമയിലെ ശോകരംഗങ്ങൾക്ക് ഭൈരവിരാഗത്തിൽ നൗഷാദ് പകർന്ന ഈണങ്ങൾ അനശ്വരമായ മെലഡികളായി. ദുഃഖസ്മൃതികളുടെ നിഴലിലാണ് ഗാനങ്ങൾക്ക് മാധുര്യമേറുന്നത് എന്ന ആംഗലേയ കവിയുടെ വരികൾ എത്ര വാസ്തവം!

നൗഷാദിന്റെ ബാല്യകൗമാരങ്ങൾ സംഗീതനിർഭരമായിരുന്നു. ലഖ്നൗവിലെ ദേവഷരീഫ് എന്ന സ്ഥലത്തെ ദർഗയിലെ ഉത്സവത്തിന് പുല്ലാങ്കുഴൽ വിറ്റു നടന്നിരുന്ന ഒരു പുല്ലാങ്കുഴലൂത്തുകാരന്റെ ഗാനമാണ് നൗഷാദിന്റെ മനസ്സിൽ സംഗീതത്തിന്റെ വേലിയേറ്റം സൃഷ്ടിച്ചത്. രാഗമേത്, താളമേത് എന്ന് തിരിച്ചറിയാൻ കഴിയാതിരുന്ന ആ പ്രായത്തിൽ സ്വയം മറന്ന് അദ്ദേഹം അത് കേട്ട് നിന്നിട്ടുണ്ട്. കുഞ്ഞുനാളിൽ തന്നെ തന്റെ മനസ്സിൽ മുള പൊട്ടിയ ആ സംഗീതവാസനയെ പിതാവിന്റെ കടുത്ത എതിർപ്പിനെ നേരിട്ടു കൊണ്ടാണ് അദ്ദേഹം വളർത്തിയെടുത്തത്. നൗഷാദിന്റെ വീടിന്റെ എതിർവശത്ത് സ്ഥിതി ചെയ്തിരുന്ന സിനിമാകൊട്ടകയിൽ നിന്നും നിശ്ശബ്ദസിനിമകൾക്ക് വേണ്ടി സംഗീതജ്ഞന്മാർ ആലപിക്കുന്ന സംഗീതം കേട്ടാണ് നൗഷാദ് വളർന്നത്. നിശ്ശബ്ദസിനിമയുടെ ലൈവ് പ്രോഗ്രാമിന്റെ ഒരു സ്ഥിരം ശ്രോതാവായി മാറിയ നൗഷാദ് സിനിമയിലെ ഓരോ ചലനങ്ങൾക്കും ഉസ്താദ് ലാബ്ബൻ സാഹിബ് ചിട്ടപ്പെടുത്തുന്ന സംഗീതം കേട്ടു മതിമറന്നു, വൈകി വീട്ടിലെത്തുന്ന ആ ബാലനെ എതിരേല്ക്കുന്നത് പിതാവ് വാഹിദ് അലിയുടെ ചൂരലായിരുന്നു. ഒരു മുസ്ലിം യാഥാസ്ഥിതിക കുടുംബത്തിലെ അംഗവും ലഖ്നൗ ദർബാറിലെ കോടതി മുൻഷിയുമായിരുന്ന വാഹിദ് അലി മകന്റെ സംഗീതതാത്പര്യത്തെ നഖശിഖാന്തം എതിർത്തു. സംഗീതത്തോടുള്ള വാസന കാരണം നൗഷാദ് സംഗീതോപകരണങ്ങൾ വില്ക്കുന്ന ഇർബത്ത് അലിയുടെ കടയിൽ സഹായിയായി. ഹാർമോണിയപ്പെട്ടി പൊടി തട്ടി വയ്ക്കുമ്പോൾ അവയിൽ നിന്നുള്ള മാന്ത്രികചലനങ്ങൾ അദ്ദേഹത്തെ പിടിച്ചുകുലുക്കി. വില്ക്കാൻ വച്ച ഹാർമോണിയം ഒരിക്കൽ നൗഷാദ് വായിക്കുന്നത് കാണാനിടയായ ഗുർബത് അലി, ഒരു ഹാർമോണിയപ്പെട്ടി അദ്ദേഹത്തിന് സമ്മാനിച്ചു. പിതാവറിയാതെ തന്റെ ഹാർമോണിയത്തിൽ ഉസ്താദ് ലാബ്ബൻ സാഹിബിന്റെ സംഗീതം അദ്ദേഹം പുനഃസൃഷ്ടിക്കാൻ തുടങ്ങി. ഉസ്താദ് യൂസുഫ്ഖാൻ, ബബ്ബൻസാഹിബ് തുടങ്ങിയവരിൽനിന്നും രഹസ്യമായി ക്ലാസിക്കൽ സംഗീതവും അദ്ദേഹം വശത്താക്കി. ഒരിക്കൽ വാഹിദ് അലി വീട്ടിലില്ലാതിരുന്ന സമയത്ത് ഹാർമോണിയം വായിച്ചിരുന്ന നൗഷാദിനെ തിരിച്ചെത്തിയ അദ്ദേഹം പിടികൂടി. രോഷാകുലനായ അദ്ദേഹം ഹാർമോണിയം പെട്ടി എറിഞ്ഞുടച്ചു. സംഗീതപഠനം നിർത്താൻ കർശന നിർദേശവും നല്കി. സംഗീതം കുടികൊള്ളുന്ന ആ കുരുന്നു മനസ്സ് കാണാൻ ആ പിതാവിനായില്ല.

ലഖ്നൗവിലെ ജുമാറാത്ത് ഉത്സവത്തിന് എല്ലാ വെള്ളിയാഴ്ചയും സംഘടിപ്പിച്ചു വന്നിരുന്ന സംഗീതമത്സരത്തിൽ വാഹിദ് അലി തന്റെ പുത്രൻ ഹാർമോണിയം വായിക്കുന്നത് കാണാനിടയായി. അന്നു രാത്രി വീടോ സംഗീതമോ ഏതെന്നു തീരുമാനിക്കാൻ ആ ബാലൻ നിർബന്ധിതനായി. തന്റെ ജീവിതത്തെ ഏറെ സ്വാധീനിച്ചതും രൂപപ്പെടുത്തിയതുമായ സംഗീതത്തെ സ്വീകരിക്കുവാൻ നൗഷാദ് എന്ന 17 വയസ്സുകാരൻ തീരുമാനിച്ചു. ചെറുപ്പത്തിൽത്തന്നെ ഹിന്ദുസ്ഥാനി സംഗീത

**കുഞ്ഞുനാളിൽ തന്നെ തന്റെ മനസ്സിൽ മുള പൊട്ടിയ സംഗീതവാസനയെ പിതാവിന്റെ കടുത്ത എതിർപ്പിനെ നേരിട്ടു കൊണ്ടാണ് അദ്ദേഹം വളർത്തിയെടുത്തത്. നൗഷാദിന്റെ വീടിന്റെ എതിർവശത്ത് സ്ഥിതി ചെയ്തിരുന്ന സിനിമാകൊട്ടകയിൽ നിന്നും നിശ്ശബ്ദസിനിമകൾക്ക് വേണ്ടി സംഗീതജ്ഞന്മാർ ആലപിക്കുന്ന സംഗീതം കേട്ടാണ് നൗഷാദ് വളർന്നത്.**

**1938–ൽ മുസ്താഫ് ഹുസൈന്റെ ഓർക്കസ്ട്രേഷനിൽ നൗഷാദ് ചേർന്നു. പഞ്ചാബിചിത്രമായ മിർസാഹിബാനിൽ സംഗീതം കംബോസ് ചെയ്യാൻ നിയോഗിക്കപ്പെട്ട നൗഷാദിന്റെ കഴിവിനെ ഡയറക്ടർ ഡി.എൻ. മഥോക്ക് ശ്രദ്ധിക്കുകയും അത് നീണ്ട ഒരു സൗഹൃദത്തിന്റെ തുടക്കമാവുകയും ചെയ്തു.**


സാഗരത്തെ ഹൃദയത്തിലേക്കാവാഹിച്ച നൗഷാദ് വീടുവിട്ടിറങ്ങി.

സ്വന്തം നാട്ടിൽ രൂപംകൊണ്ട 'വിൻഡ് ഡോർ എന്റർടെയിനേഴ്സ്' എന്ന ട്രൂപ്പിന്റെ കൂടെ ഉത്തരേന്ത്യയിലെ പല നഗരങ്ങളിലും നൗഷാദ് കറങ്ങി. ഇടയ്ക്ക് വച്ച് ട്രൂപ്പിന്റെ പ്രവർത്തനം നിലച്ചതിനാൽ തന്റെ സ്വപ്നത്തിലെ സ്വർഗഭൂമിയായ ബോംബെയിലേക്ക് ആ ചെറുപ്പക്കാരൻ വണ്ടികയറി. കൈയിൽ കാശില്ലാതെ പട്ടിണികിടന്നും പാതവക്കിൽ കിടന്നുറങ്ങിയും നാളുകൾ നീക്കിയ അദ്ദേഹം ഒരു പ്രവാസിയുടെ വ്യഥകൾ വേണ്ടുവോളം അനുഭവിച്ചു. ഒറ്റപ്പെടലിന്റെയും കഷ്ടപ്പാടിന്റെയും ദുരിതങ്ങളുമായി പാതവക്കിൽ ഒട്ടിയ വയറുമായി ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്ന രാവുകൾ. വിവരം അറിഞ്ഞ് നൗഷാദിന്റെ സുഹൃത്ത് ആദിൽ കോളാബയിൽ ഡോ. നാനിയുടെ വീട്ടിൽ നൗഷാദിന് താമസവും ഭക്ഷണവും ഏർപ്പാടാക്കി. ദിവസവും കോളാബയിൽ നിന്നു ദാദറിലേക്ക് അദ്ദേഹം ജോലി അന്വേഷിച്ചിറങ്ങി. ആദിൽ നല്കിയ പണം പോക്കറ്റടിച്ചു പോയതിനാൽ പിന്നെ നിത്യേന നടന്നായിരുന്നു നൗഷാദ് ദാദറിലെത്തിയിരുന്നത്. ഇതറിയാനിടയായ ഡോ. നാനി നൗഷാദിനെ അനുഗ്രഹിച്ചു പറഞ്ഞു 'നീ വലിയവനാകും'. പിൽക്കാലത്ത് നൗഷാദ് ഹിന്ദിചലച്ചിത്ര സംഗീത സാമ്രാജ്യത്തിലെ ചക്രവർത്തിയായി.

1937–ൽ ന്യൂ ഇന്ത്യാ പിക്ചേഴ്സ് കമ്പനിയിൽ 40 രൂപ ശമ്പളത്തിൽ പിയാനോ വായനക്കാരനായി നൗഷാദ് ജോലിക്ക് ചേർന്നു. ഡോ. നാനിയെ ഇനിയും ബുദ്ധിമുട്ടിക്കേണ്ട എന്നു കരുതി ദാദറിൽ സ്വന്തം നാട്ടുകാരനായ ഒരാളുടെ കടയുടെ പിന്നിൽ താമസിക്കാൻ ഇടം തേടി. മുറിയിൽ നേരെ നിവർന്നു നിൽക്കാൻ പോലും സൗകര്യമില്ലാത്തതിനാലും രാത്രിയിൽ ചൂട് അസഹ്യ മായതിനാലും ഉറക്കം പാതവക്കിലാക്കി. അന്നത്തെ പ്രശസ്ത നടി ലിലചിറ്റ്നിസിന്റെ ഫ്ളാറ്റിന്റെ താഴെയുള്ള പാതവക്കിലായിരുന്നു നൗഷാദ് ഉറങ്ങിയിരുന്നത്. പിൽക്കാലത്ത് ആ നടിയുടെ പടത്തിന്റെ സംഗീതസംവിധായകനായത് വിധിയുടെ മറ്റൊരു തമാശ. ബ്രോഡ്‌വെ തിയേറ്ററിന്റെ എതിർവശത്തുള്ള നടപ്പാതയിൽ പട്ടിണിയുടെ ചൂളയിൽ വെന്തുരുകിയ തെരുവിലെ ദുരിതപൂർണമായ നാളുകളെപ്പറ്റി നൗഷാദ് എപ്പോഴും ഓർക്കാറുണ്ട്.

1938–ൽ മുസ്താഫ് ഹുസൈന്റെ ഓർക്കസ്ട്രേഷനിൽ നൗഷാദ് ചേർന്നു. പഞ്ചാബിചിത്രമായ മിർസാഹിബാനിൽ സംഗീതം കംബോസ് ചെയ്യാൻ നിയോഗിക്കപ്പെട്ട നൗഷാദിന്റെ കഴിവിനെ ഡയറക്ടർ ഡി.എൻ. മഥോക്ക് ശ്രദ്ധിക്കുകയും അത് നീണ്ട ഒരു സൗഹൃദത്തിന്റെ തുടക്കമാവുകയും ചെയ്തു. ചിത്രത്തിന്റെ നിർമാണത്തിനിടയിൽ രഞ്ജിസ്റ്റുഡിയോവിന്റെ ഉടമസ്ഥൻ ചന്ദുലാൽ ഷാ യുടെ നിർദേശാനുസരണം രഞ്ജിസ്റ്റുഡിയോവിലെ മ്യൂസിക്ക് ഡയറക്ടറായ നിയാൻദത്തിന്റെ കൂടെ പ്രവർത്തിക്കുകയുണ്ടായി. തുടർന്നു ഖേംചന്ദ് പ്രകാശിന്റെ കൂടെ മൂന്നു ചിത്രങ്ങളിൽ സഹായിയായും പ്രവർത്തിച്ചു. മോഹൻ ബെവ്നാനിയുടെ പ്രേംനഗർ എന്ന ചിത്രത്തിലൂടെയാണ് നൗഷാദ് സ്വതന്ത്ര സംഗീത സംവിധായകനാകുന്നത്, അതും കേവലം 20 വയസ്സുള്ളപ്പോൾ. ഇന്ത്യൻ സിനിമയിലെ ഏറ്റവും പ്രായം കുറഞ്ഞ സംഗീത സംവിധായകനാകാനുള്ള ഭാഗ്യം നൗഷാദിന് ലഭിച്ചു. ഗുജറാത്തി നാടോടി ശൈലിയിൽ ഭൈരവിരാഗത്തിൽ ചിട്ടപ്പെടുത്തിയ 'മൻകേ ദുർ ഫിലാജേ' എന്ന ഗാനം പിറവിയെടുത്തു. ഫിലിമിന്റെ ബോക്സാഫീസ് വിജയം, കാഞ്ചൻ, മാല, ദർശൻ, സ്റ്റേഷൻ മാസ്റ്റർ തുടങ്ങിയ ചിത്രങ്ങളും നൗഷാദിനെ ഏല്പിക്കുവാൻ നിർമാതാക്കളെ പ്രേരിപ്പിച്ചു. പിന്നീട് പിൻതിരിഞ്ഞു നോക്കാൻ കഴിയാത്ത ദൂരത്തിൽ ഹിന്ദിചലച്ചിത്രലോകം നൗഷാദിനെ എത്തിച്ചു.

1944–ൽ റിലീസ് ചെയ്ത 'രത്തനി'ലെ ഗാനങ്ങൾ നൗഷാദിനെ പ്രശസ്തിയിലേക്കുയർത്തി. ഉത്തർപ്രദേശിലെ നാടോടിപ്പാട്ടുകളുടെ ഈണങ്ങൾ ഹിന്ദി സിനിമയിൽ നടാടെയായിരുന്നു പരീക്ഷിക്കപ്പെട്ടത്. രത്തനിലെ സൊഹറഭായ് പാടിയ 'അഖിയാൻ മിലേഗാ', അമീർഭായി പാടിയ 'മിൽകേ ബിച്ഛ്ഡ് ഗയേ', 'സാവൻകോ ബാദലോൻ' തുടങ്ങിയ പാട്ടുകൾ ബോംബെയിലെ സ്ട്രീറ്റുകളിൽ റിക്ഷാവണ്ടിക്കാർ വരെ പാടി നടന്നു. രത്തനിലെ മ്യൂസിക് കംബോസിഷനു നൗഷാദിന് നിർമാതാക്കൾ നല്കിയത് 8000 രൂപയായിരുന്നു. എന്നാൽ നിർമാതാക്കൾക്ക് ഗ്രാമഫോൺ കമ്പനിയിൽ നിന്നും റോയൽറ്റി ഇനത്തിൽ 3 ലക്ഷം രൂപയാണ് ലഭിച്ചത്. അന്ന് റോയൽറ്റിയെക്കുറിച്ച് നൗഷാദിന് അറിയില്ലായിരുന്നു. റോയൽറ്റിക്ക് നൗഷാദ് ആദ്യമായി ആവശ്യപ്പെടുന്നത് 'മദർഇന്ത്യ'യ്ക്ക് വേണ്ടി മെഹബൂബ്ഖാനോടായിരുന്നു. അദ്ദേഹം അതിന് സമ്മി



തിക്കുകയും തുടർന്ന് മെഹബൂബ്ഖാന്റെ അൻമോൽഘടി, അനോകി അഡാ, അന്താസ്, ആൻ, അമർ, സൺ ഓഫ് ഇന്ത്യ തുടങ്ങിയ ചിത്രങ്ങൾക്ക് നൗഷാദ് സംഗീതം പകരുകയുണ്ടായി. രത്തന്റെ സംഗീതത്തിന് ഗ്രാമഫോൺ കമ്പനി നൗഷാദിന് സ്വർണമെഡൽ നല്കി ആദരിച്ചു. പിന്നീട് എത്രയെത്ര പുരസ്കാരങ്ങൾ! മഹാരാഷ്ട്ര സർക്കാരിന്റെ ഗൗരവ് പുരസ്കാരം, ലതാമങ്കേഷ്കർ അവാർഡ്, പത്മഭൂഷൺ,ബി.ബി.സി. കംപോസർ ഓഫ് ദി മില്ലേനിയം അവാർഡ്, സിനിമാരംഗത്ത് രാഷ്ട്രം നൽകുന്ന പരമോന്നത ബഹുമതിയായ ദാദാസാഹിബ് ഫാൽക്കേ അവാർഡ് തുടങ്ങി 60-ൽ പരം പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തി.

രത്തനുശേഷം അദ്ദേഹം സംഗീതസാക്ഷാത്കാരം നിർവഹിച്ച പടങ്ങളിൽ മിക്കതും ജൂബിലി കൊണ്ടാടിയവയായിരുന്നു. ഷാജഹാൻ, ദർദ്, ദില്ലഗി, ദുലാരി, സോണിമഹിപാൽ, ലീഡർ, ഖരാന, ബൈജുബാവ്ര, മേരേമെഹബൂബ്, ദിൽദിയ ദർദ്ലിയ, കോഹിന്നൂർ, ഗംഗാജമുന, മുഗളേ അസം, ഉരൻഖട്ടോല, ദീവാന, ദാസ്താൻ, രാം ഔർ ശ്യാം എന്നിവ. 1972-ൽ സാഥിയുടെ സംഗീതത്തിന് അദ്ദേഹത്തിന് വേഗത കൂട്ടേണ്ടി വന്നു. കാലത്തിന്റെ മാറ്റം അദ്ദേഹം തിരിച്ചറിഞ്ഞു. എഴുപതോടെ ഇന്ത്യൻ പിന്നണിരംഗത്ത്  ചരിത്രവിസ്മയം സൃഷ്ടിച്ച നൗഷാദിന്റെ പിൻമാറ്റം, ശ്രോതാക്കളെ ഏറെ വേദനിപ്പിച്ചിരുന്നു.

1945-ൽ സ്വന്തം ഗ്രാമത്തിൽ തിരിച്ചെത്തിയതിന് ശേഷമായിരുന്നു നൗഷാദിന്റെ വിവാഹം. അതും പ്രശസ്തിയുടെ കൊടുമുടിയിൽ നില്ക്കുമ്പോൾ. സിനിമാക്കാരനെന്നു പറഞ്ഞാൽ വിവാഹം നടക്കില്ലെന്ന് ബോധ്യപ്പെട്ടതിനാൽ ബോംബെയിൽ തുന്നൽപ്പണിക്കാരനാണെന്ന് ഭാര്യാ പിതാവിനെ തെറ്റിദ്ധരിപ്പിച്ചായിരുന്നു വിവാഹം വീട്ടുകാർ നിശ്ചയിച്ചത്. വിവാഹത്തിനും സദ്യയ്ക്കും ഹരം പകരാനെത്തിയ വാദ്യസംഘം നൗഷാദിന്റെ രത്തനിലെ ട്യൂണുകളാണ് വായിച്ചിരുന്നത് എന്ന് ഭാര്യവീട്ടുകാർ അറിഞ്ഞില്ല എന്നതാണ് വാസ്തവം.

നൂർജഹാൻ, മുഹമ്മദ് റാഫി, സുരയ്യ ലത, ഷംഷാദ്ബീഗം തുടങ്ങിയവർക്ക് സോളോ പാടാൻ അവസരമൊരുക്കിയത് നൗഷാദാണ്. ഹിന്ദിചലച്ചിത്രഗാനരംഗത്ത് ഏതൊരു മികച്ച ഗായകനും ഗായികയ്ക്കും നൗഷാദ് ചിത്രങ്ങളിൽ ഏറ്റവും മികച്ച സൃഷ്ടിയാണ് ലഭിച്ചത്. ശബ്ദത്തിൽ പ്രേമവും ഗാനത്തിൽ സൗന്ദര്യവും ഉൾക്കൊള്ളിച്ച നൂർജഹാൻ നൗഷാദിന് ആദർശ ഗായികയായിരുന്നു. അൻമോൽഘടിയിലെ നൂർജഹാൻ സ്വരമഹിമ നല്കിയ 'ആവാസ് ദേ കഹാൻ ഹേ' (സുരേന്ദ്രയോടൊപ്പം) 'ആജാമേരിബർബാത്ത്', 'ക്യാമിൽഗയാ ഭഗവാൻ' തുടങ്ങിയ ഗാനങ്ങൾ കാലത്തെ അതിജീവിച്ച സംഗീതശില്പങ്ങളാണ്. ഇരുപതാം നൂറ്റാണ്ടിലെ ടാൻസൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന സൈഗാൾ ഷാജഹാനിൽ 'ജബ്ദിൽഹി ട്യൂട്ട് ഗയാ' പാടാൻ മദ്യപിച്ചെത്തിയപ്പോൾ മദ്യപിക്കാതെ ഈ ഗാനം പാടാനും നന്നായത് തെരഞ്ഞെടുക്കാനുമുള്ള സ്വാതന്ത്ര്യം സൈഗാളിന് നൗഷാദ് നല്കി. മദ്യപിക്കാതെ പാടിയ ജബ്ദിൽഹി ട്യൂട്ട് ഗയാ ആണ് നല്ലതെന്ന് സൈഗാളിന് ബോധ്യപ്പെടുകയും അത് ചിത്രത്തിൽ നൗഷാദ് ഉപയോഗിക്കുകയും ചെയ്തു. പാടണമെങ്കിൽ ലഹരിയുടെ പിൻബലം വേണമെന്ന് അതുവരെ വിശ്വസിച്ചിരുന്ന സൈഗാൾ വെറും വയറ്റിൽ പാടിയ ഈ ഗാനം കേട്ട് കണ്ണീർ വാർത്തു. ഈ സംഭവം സൈഗാളിനെ ഏറെ ദുഃഖിപ്പിച്ചു. നൗഷാദിനോട് അഭ്യർത്ഥിച്ചതനുസരിച്ച് 1947-ൽ 42-ാം വയസ്സിൽ സൈഗാൾ അന്തരിച്ചപ്പോൾ അദ്ദേഹത്തിന്റെ ശവഘോഷയാത്രയ്ക്ക് അകമ്പടി സേവിച്ചത് ഈ പാട്ടിന്റെ ട്യൂണുകളായിരുന്നു.

ഭാരതത്തിന്റെ ഗാനസൗന്ദര്യത്തിന്റെയും സ്വരമധുരിമയുടെയും വ്യത്യസ്തവികാര മേഖലകൾ ശ്രോതാക്കൾക്ക് പകർന്നു നല്കിയ സുരയ്യ എന്ന പാട്ടുകാരിയെ കണ്ടെത്തിയതും നൗഷാദാണ്. ജമാൽ ഷെയ്ക്കിന്റെ താജ്മഹലിൽ മുംതാസ് മഹലിന്റെ കുട്ടിക്കാലം അവതരിപ്പിച്ച ലാഹോർകാരിയായ സുരയ്യ 42-ൽ ശാരദയിൽ 'പഞ്ചിജാച്ചേരഹേ' എന്ന ഗാനം പാടാനെത്തി. തുടർന്ന് 'ബീച്ച് ബഡ്വർമേൻ' (ദർദ്) 'തൂമേരാചാന്ദ്മേ തേരി ചാന്ദ്നി' (ശ്യാമോടൊപ്പം ദില്ലഗിയിൽ) 'മൻലേത്താഹേ അങ്ഡായി'(അൻമോൽ ഘടി) എന്നീ നൗഷാദ്ഗാനങ്ങൾക്ക് ശബ്ദം നല്കി അവിസ്മരണീയമാക്കി.

ശ്യാംസുന്ദറിന്റെ സംഗീതസംവിധാനത്തിൽ പാടിയാണ് റാഫി പിന്നണിഗാനരംഗത്തെത്തിയതെങ്കിലും റാഫിയെ ഉയർത്തിക്കൊണ്ടുവന്നത് നൗഷാദാണ്. 1944-ൽ പെഹലേ ആവ് എന്ന ചിത്രത്തിൽ 'ഹിന്ദുസ്ഥാൻ കേ ഹം ഹേൻ' റാഫി പാടിയെങ്കിലും തുടർന്ന് വന്ന ഗീത്, രത്തൻ, ജീവൻ എന്നിവയിൽ പാടാൻ റാഫിക്ക് നൗഷാദ് അവസരം നല്കിയിട്ടില്ല. 47-ൽ ദുലാരിയിൽ 'സുഹാനിരാത്ത്ഢൽചുകി' റാഫിയുടെ കണ്ഠത്തിലൂടെ വിരിയിച്ചതിന് ശേഷമാണ് റാഫി നൗഷാദിന് പ്രിയ ഗായകനാവുന്നത്. തുടർന്ന് 'മേരികഹാനിസുൽനേ വാലേ' (ദീദാർ) 'ഇൻസാഫ് കാ മന്ദിർ' (അമർ) 'യേ സിന്ദഗി കേ മേലേ' (മേല) 'ഉസ്നേപാലെ തേരാ ജവാബ്' (ഘരാന) 'മേരാ മെഹബൂബ്  തുച്ചേ' (മേരേ മെഹബൂബ്) 'ദിൽതോഢ്നേ വാലെ' (സൺ ഓഫ് ഇന്ത്യ) 'ആജ് പുരാനി രാഹോം' (ആദ്മി) 'ദിൽഹോ ഉനേൻ മുബാറക്' (ചാന്ദ്നി രാത്ത്) എസ്.ഡി. ബർമൻ പ്രശംസിച്ച 'തു ഗംഗാകിമോജ്മേ' (ബൈജുബാവ്ര) 'മധു സൻമേ രാധികാനോം' (കോഹിന്നൂർ) തുടങ്ങിയ നൗഷാദിന്റെ ദേവരാഗങ്ങൾക്ക് നാദം നല്കിയ സ്മൃതികളിലെ ദേവഗായകനായ റാഫിയുമായി അഗാധമായ ആത്മബന്ധമായിരുന്നു നൗഷാദിന്. ഷക്കീൽസദായിനി രചിച്ച ഭാവബന്ധുരമായ ഒരു നിരാലംബന്റെ ദുഃഖഗാഥയായ 'ഓ ദുനിയാ കേരഖ്വാലേ' എന്ന ബൈജുബാവ്രയിലെ ഗാനം ഇന്ത്യൻ സിനിമയിൽ മുമ്പൊരിക്കലും കേൾക്കാത്ത രീതിയിലുള്ള ഈണങ്ങൾ ചേർത്താണ്  നൗഷാദ് സൃഷ്ടിച്ചത്. റാഫിയുടെ ആത്മാലാപം പ്രകടമാക്കുന്ന ഈ ഗാനം ശ്രോതാക്കളുടെ മനസ്സിനെ ഇളക്കിമറിച്ച എക്കാലത്തെയും ഹിറ്റായി നിലനിൽക്കുന്നു. ഗാനത്തിന്റെ റെക്കോർഡിങ്ങ് കഴിഞ്ഞപ്പോൾ റാഫി പറഞ്ഞു "ഞാനിത്രയും നാൾ ജീവിച്ചത് ഈ ഗാനം പാടാനാണ്". റാഫിയുടെ മരണശേഷം നൗഷാദ് പറയുകയുണ്ടായി. "റാഫിയുടെ മരണത്തോടെ എന്റെ ശരീരത്തിന്റെ ഒരു ഭാഗവും മരിച്ചു".

**നൂർജഹാൻ, മുഹമ്മദ് റാഫി, സുരയ്യ ലത, ഷംഷാദ്ബീഗം തുടങ്ങിയവർക്ക് സോളോ പാടാൻ അവസരമൊരുക്കിയത് നൗഷാദാണ്. ഹിന്ദിചലച്ചിത്രഗാനരംഗത്ത് ഏതൊരു മികച്ച ഗായകനും ഗായികയ്ക്കും നൗഷാദ് ചിത്രങ്ങളിൽ ഏറ്റവും മികച്ച സൃഷ്ടിയാണ് ലഭിച്ചത്. ശബ്ദത്തിൽ പ്രേമവും ഗാനത്തിൽ സൗന്ദര്യവും ഉൾക്കൊള്ളിച്ച നൂർജഹാൻ നൗഷാദിന് ആദർശ ഗായികയായിരുന്നു.**

അന്താസിലെ 'ഉഡായേജാ ഇൻകേ സിതം' നൂർജഹാനെ ഓർത്ത് പാടാനായിരുന്നു നൗഷാദ് ലതയ്ക്ക് നല്കിയ

നിർദേശം. പിൽക്കാലത്ത് സ്വന്തം ശൈലിയിൽ പാടാനായിരുന്നു നിർദേശിക്കാറ്. ലതയുടെ ശബ്ദം നൂർജഹാനേക്കാൾ മധുരവും ആർദ്രവുമാണെന്ന് അദ്ദേഹം മനസ്സിലാക്കി ക്കഴിഞ്ഞിരുന്നു.

മദൻമോഹൻ ഗസലുകളിലും, റോഷൻ കവ്വാലികളിലും, ശങ്കർജയ്കിഷൻ സംഘഗാനങ്ങളിലും, ഒ.പി. നെയ്യർ പ്രണയഗാനങ്ങളിലും, എസ്.ഡി. ബർമൻ മെലഡികളിലും വിഖ്യാതി നേടിയപ്പോൾ നൗഷാദാകട്ടെ സമസ്ത മേഖലകളിലും തന്റെ വൈഭവം തെളിയിച്ചു. മുഗളേ അസമിൽ ലത പാടിയ ഗാന്ധാനു രാഗത്തിന്റെ സാന്ദ്രസംഗീതമായ 'മൊഹബത്ത് ഐസി ഡഡ്വൻ' മദർ ഇന്ത്യയിൽ റാഫി, മന്നാഡെ, ആശ, ഷംഷാദ് എന്നിവർ പാടിയ ഗ്രാമീണത്തു ടിപ്പു ശ്രോതാക്കളിലേക്ക് പകർന്ന ദുഖ്ഭരേദിൻ, മുഗളേ അസമിലെ തന്നെ 'തേരി മെഹഫിൽ മേൻ കിസ്മത്ത്' ആനിലെ റാഫി പാടിയ 'ദിൽമേചുപ്പാകേ പ്യാർ കാ', 'സിന്ദഗി ആജ് മേരേ' (സൺ ഓഫ് ഇന്ത്യ) തുടങ്ങിയ വൈവിധ്യം പുലർത്തിയ ഗാനങ്ങൾ വിസ്മയിപ്പിക്കുന്ന ഈണങ്ങൾ നല്കിയാണ് അദ്ദേഹം സൃഷ്ടിച്ചത്. ചലച്ചിത്രഗാനരംഗത്ത് നൂതനമായ പല പരിഷ്കാരങ്ങൾക്കും നൗഷാദ് തുടക്കം കുറിച്ചു. പല പരീക്ഷണങ്ങളും അദ്ദേഹം നടപ്പിലാക്കി. കോഹിന്നൂരിൽ, അമർ ബൈജുബാവ്ര മുഗളേ അസം തുടങ്ങിയ ചിത്രങ്ങളിൽ ക്ലാസിക്കൽ സംഗീതം സന്നിവേശിപ്പിച്ച് അവയെ ശാസ്ത്രീയ ബന്ധിതമാക്കി ഗാനത്തിന്റെയും സൗണ്ട് ട്രാക്കിന്റെയും വെവ്വേറെയുള്ള റെക്കാർഡിംഗ് വഴി ഗാനമിശ്രണത്തിന് ഒരു നൂതന രീതിയും ആവിഷ്കരിച്ചു. ദോലക്ക്, ഫ്ളൂട്ട് എന്നിവ രത്തനിലും മക്ട (മൺകുടം) ശാരദയിലും വൈബ്രാഫോൺ ബൈജുബാവ്രയിലും ആദ്യമായി സംഗീതത്തിന് അകമ്പടിയായി. ക്ലാരനറ്റ്, സിത്താർ, മൻഡോയിൽ തുടങ്ങിയ ഉപകരണങ്ങളും നടാടെ സിനിമാസംഗീതത്തിൽ ഉപയോഗിച്ചു തുടങ്ങി. ഇന്ത്യൻ സിനിമയിൽ കോറസ് ആദ്യമായി ഉപയോഗിച്ച് തുടങ്ങിയതും നൗഷാദ് തന്നെ. ഉരൻഖട്ടോല, ആൻ മേള അമർ മദർബ്രു, ബാബുൾ, ഗംഗാജമുന, ബൈജുബാവ്ര തുടങ്ങിയ ചിത്രങ്ങൾ കോറസിന്റെ അകമ്പടിയാൽ ശ്രദ്ധേയമായിരുന്നു. പശ്ചാത്തലസംഗീതം കൊണ്ട് ചിത്രത്തിന്റെ മേന്മയും സൗന്ദര്യവും എത്രമാത്രം വർധിപ്പിക്കാമെന്നും നമുക്ക് കാട്ടിത്തന്നതും നൗഷാദ് തന്നെ. കഥാപാത്രത്തിന്റെ സംഭാഷണ രീതിക്കും ഭാവത്തിനും അനുസരിച്ച് പശ്ചാത്തല സംഗീതം ചിട്ടപ്പെടുത്തുന്ന രീതിയും പുതുമയാർന്ന ഒരു അനുഭവമാക്കി. ദിലീപ് കുമാറും മധുബാലയും അഭിനയിച്ച മുഗളേ അസമിലെ പ്രേമരംഗത്തിനും പശ്ചാത്തലമായി ബഡേ ഗുലാം അലിഖാൻ പാടിയ 'ശുഭ്ദിൻ ആയേ' എന്ന ശുദ്ധസംഗീതത്തിലുള്ള ഗാനം അവതരിപ്പിക്കാൻ ധൈര്യം കാട്ടിയ നൗഷാദ്, അതേചിത്രത്തിലെ ഗാനങ്ങൾക്ക് തനിക്ക് ഏറ്റവും പ്രിയപ്പെട്ട പേർഷ്യൻ സംഗീതവും മിശ്രണം ചെയ്ത് ഉപയോഗിച്ചു. 'യേ മൊഹബത്ത് സിന്ദാബാദ്' എന്ന ഗാനത്തിന് നൂറ് പീസ് ഓർക്കസ്ട്ര ഒരുക്കി പ്രണയത്തിന്റെ സമരഗാനമാക്കി. കമ്പോസ് ചെയ്യുന്ന മ്യൂസിക് പീസുകൾക്കെല്ലാം നൊട്ടേഷൻ തയ്യാറാക്കുന്ന രീതി നൗഷാദ് തുടങ്ങി വച്ചു. ആൻ എന്ന ചിത്രത്തിന്റെ നൊട്ടേഷൻ ലണ്ടനിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. മുഗളേ അസമിൽ 20 ഗാനങ്ങൾ റെക്കോർഡ് ചെയ്തെങ്കിലും പത്തെണ്ണം മാത്രമേ ഉൾപ്പെടുത്തുകയുണ്ടായുള്ളൂ. 'ഉസ്നേബാദ് ചലീ' (ഷംഷദ് ബീഗം, മുബാറക് ബീഗം) 'ചലേ ജാരേ' (ഷംഷദ് ബീഗം) എന്നിവ ചിത്രത്തിൽ ഉൾപ്പെടുത്തിയിരുന്നെങ്കിൽ അത് കാലത്തെ അതിജീവിക്കുമായിരുന്നു എന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞു. ദർബാരി കാനഡയിലുള്ള 'മൊഹബത്ത്കീ ജൂട്ടി'യും ജയ് ജയ്പന്ത് രാഗത്തിലുള്ള 'മോഹേബൻഘട്ടും' കേദാർ രാഗത്തിലുള്ള 'ബേകസ് കരേ സേകരംകീജിയേ'യും യമൻ രാഗത്തിലുള്ള ക്ലൈമാക്സ് രാഗമായ 'ഖുദാനി ഗേ ബാൻഹോ' എന്നിവയും ആസ്വാദകർക്ക് ഇന്നും ദീപ്തമായ ഓർമയാണ്. 'യേ ദിൽകി ലഗിക്യാകംഹോഗേ' നൗഷാദിന് പ്രിയപ്പെട്ട ഗാനമാണെന്നും അദ്ദേഹം പറയാറുണ്ട്. ഒരു കാലഘട്ടത്തിന്റെ സുഗന്ധം പേറിയ ഗാനങ്ങളായിരുന്നു മുഗളേഅസമിലേത്. നൗഷാദ് ഹൃദയം നല്കി ആത്മാവ് സമർപ്പിച്ച ഈ ചിത്രത്തിന് പക്ഷേ ആ വർഷത്തെ ഫിലിം ഫെയർ അവാർഡ് ലഭിച്ചില്ല. അവാർഡ് തുണച്ചത് ശങ്കർ ജയ് കിഷന്റെ ദിൽ അപ്നാ ഔർ പ്രീത് എന്ന ചിത്രത്തിനായിരുന്നു. ഇതും നൗഷാദിനെ വേദനിപ്പിച്ച ഒരു സംഭവമായിരുന്നു. ഇന്ത്യൻ സംഗീതത്തിലെ ഇതിഹാസമായ അക്ബറിന്റെ കൊട്ടാരത്തിലെ ആസ്ഥാന കവി മിയാൻ ടാൻസനെ പറ്റി ഒരു ടെലിഫിലിം നൗഷാദിന്റെ നടക്കാതെ പോയ സ്വപ്നത്തിൽ ഒന്നായിരുന്നു.



ബോംബെയിൽ ബൈജുബാവ്രയുടെ ജൂബിലി ആഘോഷിച്ചപ്പോൾ അതിൽ പങ്കെടുത്ത നൗഷാദിന്റെ കണ്ണുകൾ നിറഞ്ഞു. കാര്യം തിരക്കിയ സംവിധായകൻ വിജയ് ഭട്ടിനോട് ആ കഥ നൗഷാദ് പറഞ്ഞു. "നേരെ എതിർവശത്തെ നടപ്പാതയിൽ ഞാൻ എത്രയോ നാൾ കിടന്നുറങ്ങിയിട്ടുണ്ട്. എന്റെ സിനിമ ഈ തിയേറ്ററിൽ പ്രദർശിപ്പിക്കുന്നതിനെപ്പറ്റി ഞാൻ സ്വപ്നം കണ്ടിട്ടുണ്ട്. എന്റെ ജീവിതത്തിൽ എന്നെങ്കിലും ഈ വെളിച്ചം വരുമോ? എന്റെ സംഗീതം എന്നെങ്കിലും ഇവിടെ നിന്നും ഒഴുകുമോ? ഇന്ന് ഞാനീ വെളിച്ചത്തിൽ നിൽക്കുന്നു. ദൈവത്തിന് നന്ദി". ബ്രോഡ്‌വേ പാതയിലിരുന്നുകൊണ്ട് എതിർവശത്തെ തിയേറ്ററിലെ ലൈറ്റുകൾ പ്രകാശിക്കുന്നത് കൗതുകത്തോടെ നോക്കിയിരുന്ന നൗഷാദ് എന്ന ബാലൻ പതിനാല് വർഷങ്ങൾക്കു ശേഷം തന്റെ പേർ വലിയ അക്ഷരത്തിൽ അടിച്ച ബൈജുബാവ്രയുടെ പോസ്റ്റർ കൺകുളിർക്കെ കണ്ടു. ദുഃഖസാന്ദ്രമായ ആ രംഗത്തിന് സാക്ഷിയായി വിജയ്ഭട്ടും. മലയാളിക്കും സംഗീതം ഒരു മാസ്മരികാനുഭൂതിയാക്കി തന്നു, അനുഗ്രഹിച്ചു ശുദ്ധസംഗീതത്തിന്റെ കാവൽക്കാരനായ നൗഷാദ്. എ.ടി. അബു സംവിധാനം ചെയ്ത് യൂസഫ് അലി കേച്ചേരി ഗാനങ്ങൾ എഴുതിയ ധ്വനിയിൽ നൗഷാദിന്റെ മുദ്ര വീണ ഗാനങ്ങൾ ഉണ്ട്. 'ഒരു രാഗമാല കോർത്തു സഖീ നിൻ ബാഷ്പധാരയിൽ' എന്ന യേശുദാസിന്റെ ഒരു ഗസലിലൂടെയും 'രാമ രാമ, ജാനകീ രാമ' എന്ന സുശീലയുടെ ഭക്തിഗാനത്തിലൂടെയും ഈണങ്ങളുടെ മാധുര്യം നാം അനുഭവിച്ചു. നൗഷാദിന്റെ അസംഖ്യം മരിക്കാത്ത ഗാനങ്ങളിൽ നമുക്ക് ഇതും ഉൾപ്പെടുത്താം. നൗഷാദിന്റെ മാന്ത്രിക വിരൽസ്പർശം ഈ ഗാനത്തിലൂടെ മലയാളി ശ്രോതാക്കൾക്കും അനുഭവിക്കാം.

**ബോംബെയിൽ ബൈജുബാവ്രയുടെ ജൂബിലി ആഘോഷിച്ചപ്പോൾ അതിൽ പങ്കെടുത്ത നൗഷാദിന്റെ കണ്ണുകൾ നിറഞ്ഞു. കാര്യം തിരക്കിയ സംവിധായകൻ വിജയ് ഭട്ടിനോട് ആ കഥ നൗഷാദ് പറഞ്ഞു.**

നിലീൻ കിള്ളൂർ

# വർണ്ണനാവൈഭവത്തിന്റെ ചന്ദ്രോത്സവം

**എ.ഡി. 1500 – നടുത്ത് രചിച്ചതെന്ന് കരുതപ്പെടുന്ന ചന്ദ്രോത്സവമെന്ന മണിപ്രവാളകാവ്യത്തെക്കുറിച്ച്.....**

സാഹിത്യവിശാരദന്മാരുടെ സവിശേഷ ശ്രദ്ധയ്ക്ക് പാത്രീഭൂതമായ ഒരു കൃതിയാണ് ചന്ദ്രോത്സവം. എ.ഡി.1500-നടുത്ത് ഉണ്ടായതെന്ന് ഉള്ളൂരും ഇളംകുളവും കണക്കാക്കിയിട്ടുള്ള ചന്ദ്രോത്സവത്തിൽ അഞ്ച് സർഗങ്ങളാണുള്ളത്. ഉത്സവങ്ങളുടെ സമാപനദിവസത്തെ ഒടുവിലത്തെ പരിപാടിയായി കൂട്ടവെടി ഉണ്ടാകാറുള്ളതുപോലെ ഗണികവർണ്ണനാ പ്രധാനമായ കാവ്യങ്ങളുടെ ഉത്സമവമേളയിലുണ്ടായ ഒടുക്കത്തെ കൂട്ടവെടിയാണ് ചന്ദ്രോത്സവമെന്നു വേണം കണക്കാക്കാൻ. മണിപ്രവാള സാഹിത്യശാഖയുടെ നടുനായകമായി ശോഭിക്കുന്ന ഒരു മനോഹരകാവ്യമാണ് ചന്ദ്രോത്സവം എന്ന ഉള്ളൂരിന്റെ അഭിപ്രായം പൂർണമായി ശരിയാണെന്ന് പ്രസ്തുത കാവ്യം അപഗ്രഥിച്ചു പഠിച്ചാൽ ബോധ്യമാകും. മണിപ്രവാളത്തിന്റെ എല്ലാ ലക്ഷണങ്ങളും ചന്ദ്രോത്സവത്തിൽ സമന്വയിക്കപ്പെട്ടിരിക്കുന്നു.

ചന്ദ്രൻ എക്കാലത്തെയും കാമുകീകാമുകന്മാരെ പ്രചോദിപ്പിക്കുകയും പ്രലോഭിപ്പിക്കുകയും ചെയ്യുമല്ലോ? അപ്രകാരമുള്ള ചന്ദ്രനെ പുരസ്കരിച്ചു നടത്തുന്ന ഉത്സവമാണ് ചന്ദ്രോത്സവം.

ചന്ദ്രോത്സവം ഒരു മണിപ്രവാള കാവ്യമെന്ന നിലയിൽ മണിപ്രവാളത്തിൽ വർണനാവിഷയമായ രതി എന്ന അന്തർഭാവത്തെ വളരെ പച്ചയായി ഈ കൃതിയിൽ ആവിഷ്കരിച്ചിട്ടുണ്ട്. ചന്ദ്രോത്സവത്തിൽ അവതീർണമായിട്ടുള്ള അന്തരീക്ഷം ആരെയും മത്തുപിടിപ്പിക്കും. വേശ്യാവൃത്തിക്ക് കേരളത്തിലുണ്ടായിരുന്ന അതിപ്രാധാന്യം, വേശ്യകളുടെ സാമ്രാജ്യമായിരുന്നു കേരളം എന്നു തോന്നിപ്പിക്കുംവിധമാണ് ഇതിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇത്തരം ഒരു കാലഘട്ടം എന്നെങ്കിലും കേരളത്തിലുണ്ടായിരുന്നോ എന്ന് നമുക്ക് തീർപ്പു കല്പിക്കാൻ കഴിയില്ല. സമകാല സദാചാരച്യുതിയിൽ രോഷം പൂണ്ട ഏതോ കവി അതിനെ ഉപഹസിക്കാൻ വേണ്ടി രചിച്ച കൃതിയാകും ചന്ദ്രോത്സവം എന്ന അഭിപ്രായത്തെക്കുറിച്ചും പക്ഷാന്തരങ്ങളുണ്ട്.

ചന്ദ്രോത്സവത്തിലെ വർണനകളെല്ലാം തന്നെ കവിഭാവനയുടെ അങ്ങേയറ്റത്തുള്ളതാണ്. അതുകൊണ്ട് ഒരു ഉപഹാസകവനമെന്ന് ഈ കൃതിയെ വിശേഷിപ്പിക്കാൻ ബുദ്ധിമുട്ടുണ്ട്. ഏതു വിധത്തിലായാലും ഒരു നായികാപ്രശസ്തികാവ്യം എന്ന് ഇതിനെ വിളിക്കുന്നതാകും ഉചിതം. മണിപ്രവാളകവിതകളെ വിലയിരുത്തുന്നതിനുള്ള പ്രധാന മാനദണ്ഡം അവയിലെ വർണനകളാണെന്നതിൽ സംശയിക്കേണ്ടതില്ലല്ലോ.

മേദിനീ വെണ്ണിലാവ് എന്ന നായികയുടെ സൗന്ദര്യാതിശയവും വേശ്യാസമൂഹത്തിൽ അവൾക്കുള്ള സ്വാധീനവും വർണിച്ചു ഫലിപ്പിക്കുന്നതിനാണ് കാവ്യകർത്താവ് പ്രധാനമായും ശ്രദ്ധിച്ചിട്ടുള്ളത്. അതിന് അച്ചീചരിതങ്ങളുടെ മാതൃക ചന്ദ്രോത്സവകാരൻ സ്വീകരിച്ചെങ്കിലും അവയെക്കാൾ മികച്ച കാവ്യസങ്കല്പം ചന്ദ്രോത്സവത്തിൽ കാണാം. അച്ചീചരിതങ്ങളെ അപേക്ഷിച്ച് ഇതിവൃത്ത പൂർണത ഈ കാവ്യത്തിന്റെ മേന്മയാണ്. അച്ചീചരിതങ്ങളിൽ നായികാവർണന കൂടുമ്പോൾ ഏകാഗ്രതയും കെട്ടുറപ്പും അന്യമാകുന്നു. എന്നാൽ ഏകാഗ്രതയും കെട്ടുറപ്പുമുള്ള സമഗ്രമായ ഒരു സാഹിത്യകൃതിയായി ചന്ദ്രോത്സവത്തെ അംഗീകരിക്കാം. ഇതിലെ വർണനാവൈഭവത്തിന്റെ മകുടോദാഹരണമെന്ന് വിശേഷിപ്പിക്കാവുന്ന അഞ്ചാം സർഗത്തിലൂടെ കടന്നുപോകുമ്പോൾ മനസ്സിലാവുന്ന വസ്തുതകൾ ഇനി പരിഗണിക്കാം.

ചന്ദ്രോത്സവദിവസം പ്രഭാതമാകുന്നതോടെയാണ് അഞ്ചാം സർഗം ആരംഭിക്കുന്നത്. വർണനാസാമ്രാട്ട് എന്ന് വിശേഷിപ്പിക്കാവുന്ന കവിയെയാണ് ഇവിടെ കാണാൻ കഴിയുന്നത്. നേരമ്പോക്കിനായി ചന്ദ്രോത്സവദർശനമെന്ന വ്യാജേന ചുറ്റിക്കറങ്ങുന്ന യുവാക്കൾ, ദേവദാസികൾ, രാജാക്കന്മാരുടെ എഴുന്നള്ളത്ത്, വാദ്യഘോഷങ്ങളുടെ മുഴക്കം, മഹാകവികളെക്കൊണ്ട് ജയഭേരി മുഴക്കിയെത്തുന്ന വാരനാരികൾ എന്നിവരെയാണ് നാമിവിടെ കാണുന്നത്.

അഞ്ചാം സർഗത്തിലെ വർണനകളിൽ പ്രധാനം പതിനെട്ട് സംഘക്കാരായ ശ്രാവണബ്രാഹ്മണരുടെ വരവാണ്. വാദിത്രഘോഷത്തോടെ കൊടി വലംവച്ച വൈയാകരണന്മാരായ പുരുവനനിലയത്തിലെ ബ്രാഹ്മണർ ചോകിരം ഗ്രാമത്തിലെ ഗ്രാമീണരുടെ സമീപത്തെത്തിയിരിക്കുന്നു. അരിയന്നൂർ ഗ്രാമക്കാരുടെ വരവ് കണ്ടപ്പോൾ സ്വർഗ സ്ത്രീകളടക്കമുള്ള മാലോകർ എഴുന്നേറ്റ് അവർക്ക് വഴിമാറിക്കൊടുത്തു. ഈശാനമംഗലം ഗ്രാമക്കാരായ നമ്പൂതിരിമാർ കുങ്കുമപ്പൂകൊണ്ട് ഉടൽമിനുക്കി പുടവയുടുത്ത് സുന്ദരിമാരോടൊപ്പമാണ് ചന്ദ്രോത്സവപ്പന്തലിൽ എത്തിയത്. പരമശിവന്റെ പാദകമലങ്ങളെ എപ്പോഴും സേവിക്കുന്നവരും സുന്ദരിമാരാൽ ആലിംഗനം ചെയ്യപ്പെടുന്നവരും ബാലസൂര്യനെപ്പോലെ ശോഭിക്കുന്നവരുമാണ് തൃശ്ശിവപേരൂർ നിവാസികൾ. പുതിയ സ്വർണാഭരണങ്ങളുടെ ശോഭ കൊണ്ട് തിളങ്ങുന്ന ചെങ്ങന്നൂർ നിവാസികളായ ബ്രാഹ്മണർ രാജാക്കന്മാർക്ക് തുല്യരാണ്.

മാനിനിമാരുടെ നവകുവലയമാല മാറിലണിഞ്ഞാണ് തിരുവല്ല വാസികളായ ബ്രാഹ്മണരുടെ വരവ്. കാമദേവന്റെ പുനരവതാരമാണ് തങ്ങളെന്ന് കാട്ടിയാണ് ഐരാണിക്കുളം ബ്രാഹ്മണർ വന്നെത്തുന്നത്. ഉത്തമജനങ്ങൾക്ക് ഉൾത്തൂണാണ് പന്നിയൂർ വാസികൾ. ആഭരണങ്ങളുടെ കനകപ്രഭ കൊണ്ടും വസ്തുക്കളുടെ പരിമളം കൊണ്ടും ലോകത്തെ ആലോലമാടിക്കൊണ്ടാണ് കോഴിക്കോട് വാസികളായ ബ്രാഹ്മണർ വന്നെത്തിയത്.

അഞ്ചാം സർഗത്തിലെ സന്ധ്യാവർണനയും മനോഹരമാണ്.

അപരജലധിമീതേ ഹന്തചെന്തീകണക്കേ...
അഖിലഭുവനഭാജാമന്തിയാം മന്ത്രവാദി

വൈകുന്നേരം സൂര്യബിംബം ചുവന്നത് ചന്ദ്രോത്സവത്തിൽ പങ്കെടുക്കാനെത്തിയ സുന്ദരിമാരുടെ ആഭരണങ്ങളുടെ ശോഭ പ്രതിഫലിക്കുന്നതു കൊണ്ടാണെന്നാണ് കവിഭാവന. പടിഞ്ഞാറേ ചക്രവാളത്തിൽ കാണപ്പെടുന്ന ചുവപ്പുനിറം കടലിനു നടുവിൽ വിളങ്ങുന്ന പവിഴപ്പുറ്റ് ഉയർന്നുവരുന്നതാണെന്നാണ് കവിയുടെ ഉത്പ്രേക്ഷ. അസ്തമയപർവതത്തിന്റെ ശിരസ്സിൽ ശോഭിക്കുന്ന സൂര്യബിംബം ഇല വേർപെട്ട ചെമ്പരത്തിയിൽ പൂക്കൾ തിങ്ങിനിൽക്കുന്ന തോന്നലാണ് കവിയിൽ ഉണ്ടാക്കിയത്. കടലിൽ പകുതി താണ സൂര്യബിംബം കൊട്ടാര അന്തഃപുരത്തിന്റെ പൊൻതാഴികക്കുടമാണെന്ന വർണനയും സൂര്യബിംബത്തിന്റെ

ചൂട് കുറയ്ക്കാൻ സന്ധ്യയാകുന്ന മന്ത്രവാദി ചുവപ്പുനിറമാകുന്ന രക്തം കൊണ്ട് അഭിഷേകം ചെയ്യുകയാണെന്ന വർണനയും ഹൃദ്യം തന്നെ.

പൂനിലാവിൽ മുങ്ങിനിൽക്കുന്ന ജനക്കൂട്ടത്തെ കവി വർണിച്ചിരിക്കുന്നത് നോക്കുക.

ജനനഘം പാൽക്കുഴമ്പിൽ കലമ്പി
പരിചൊടുപെരുമാറും വർണമാസിതശേഷം

ചന്ദ്രോത്സവത്തിന്റെ രക്ഷാധികാരിയായ വരകപ്പള്ളി നമ്പൂതിരിയുടെ ഉപദേശ മനുസരിച്ച് നായിക പൂജാമണ്ഡലത്തിൽ കടന്ന് ചന്ദ്രനെ നമസ്കരിക്കുന്നു. മാരചേമന്തികയുടെയും മാരലേഖയുടെയും നേതൃത്വത്തിൽ സർവാഭരണവിഭൂഷകളായ സുന്ദരിമാർ നായികയെ സേവിക്കുന്നു. അനന്തരം അശ്വതി, ഭരണി എന്നീ ഭാര്യമാരോടുകൂടി ചന്ദ്രൻ നായികയായ മേദിനീവെണ്ണിലാവിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ട് അവളെയും ഉത്സവത്തിൽ പങ്കെടുത്ത മറ്റുള്ളവരെയും ആശംസിക്കുന്നു. ചന്ദ്രൻ അപ്രത്യക്ഷനായതോടെ ഹസ്തതാഡനത്തോടെ സദസ്സ് പിരിഞ്ഞതായി കവി പ്രസ്താവിക്കുന്നു.

സാധാരണ മണിപ്രവാള കവികളിൽ നിന്ന് ഭിന്നനാണ് ചന്ദ്രോത്സവകർത്താവെന്ന് അദ്ദേഹത്തിന്റെ വർണനകൾ നമ്മെ ബോധ്യപ്പെടുത്തുന്നു. മഹിളാളി മഹാസ്പദമാണെങ്കിലും അവതരണരീതി കൊണ്ടും വർണനകൾകൊണ്ടും അനുവാചകഹൃദയത്തോട് ഒട്ടിനിൽക്കാൻ ചന്ദ്രോത്സവത്തിന് കഴിയും. കവിതാരചനയെ ലാഘവബുദ്ധിയോടെ കണ്ടിരുന്ന മണിപ്രവാള കവികളുടെ ഭാവചാപല്യങ്ങൾ ചന്ദ്രോത്സവത്തിൽ താരതമ്യേന വിരളവുമാണ്.


## ചന്ദ്രോത്സവത്തിൽ പ്രതിഫലിക്കുന്ന സമൂഹം

മണിപ്രവാളകാവ്യകാലം സാംസ്കാരിക അരാജകത്വത്തിന്റെ മൂർദ്ധന്യദശയിലായിരുന്നെന്ന് വിശ്വസിക്കുന്ന സാഹിത്യചരിത്രകാരന്മാരും പണ്ഡിതന്മാരുമാണ് അധികവും. ഈ വാദത്തെ ശരിവയ്ക്കുന്ന ധാരാളം തെളിവുകൾ മണിപ്രവാളകവിതകളിൽ നിന്ന് നമുക്ക് ലഭിച്ചിട്ടുമുണ്ട്. ചന്ദ്രോത്സവം മനസ്സിരുത്തി വായിച്ചാൽ ഇതിൽ പ്രതിഫലിക്കുന്ന സമൂഹം കവിയുടെ ഭാവനാസൃഷ്ടിയാണെന്ന വാദവും ഇവിടം ഓർക്കാവുന്നതാണ്. കൊല്ലം ആദിശതകത്തിലെ നമ്പൂതിരിമാർ സർവകലാവല്ലഭന്മാരായിരുന്നുവെന്ന് ഈ കൃതി തെളിവു നൽകുന്നു. പതിനെട്ട് സംഘക്കാരായ ബ്രാഹ്മണരെ വർണിക്കുമ്പോൾ അവർ ആയുധ പ്രയോഗത്തിലും സമർത്ഥരായിരുന്നുവെന്ന് ചന്ദ്രോത്സവകാരൻ പറയുന്നു. പരസ്ത്രീഗമനം അന്ന് വലിയ പാപമായി കരുതിയിരുന്നില്ല. അന്നത്തെ പ്രഭുക്കളെല്ലാം ഭോഗലാലസരായിരുന്നു. അമ്മാനമാട്ടം, പമ്പരംകറക്കൽ, ചിന്തുപാടൽ എന്നിവയായിരുന്നു അന്നത്തെ ബാല്യകാല വിനോദങ്ങൾ. ദേവന്മാർക്ക് വഴിപാട് നടത്തുക, നോമ്പുനോക്കുക എന്നിവ അന്ന് സാധാരണമായിരുന്നു. അന്നപ്രകാശനം, നാമകരണം എന്നിവ അന്ന് ഏതു ജാതിക്കാർക്കും ചെയ്യാമായിരുന്നു. സദ്കവികളും പണ്ഡിതന്മാരും വിരളമായിരുന്നു. ചന്ദ്രോത്സവക്കാലത്ത് നർത്തകിമാർക്കും ഗണികകൾക്കും സമൂഹത്തിൽ അമിത സ്ഥാനമുണ്ടായിരുന്നു. അവർ അഭ്യസ്തവിദ്യരുമായിരുന്നു. കുടുംബസ്ത്രീകൾക്ക് വിദ്യാഭ്യാസം കുറവായിരുന്നു. സമകാലികാവസ്ഥയുമായി തട്ടിച്ചുനോക്കുമ്പോൾ അറപ്പും വെറുപ്പും തോന്നുന്ന ഒരു സമൂഹമാണ് ഈ കൃതിയിൽ പ്രതിഫലിക്കുന്നത്.

വേശ്യകൾക്കു പിന്നാലെ അവരെ പുകഴ്ത്തി നടക്കുന്ന കവികൾ, അവരുടെ ആജ്ഞാനുവർത്തികളായ രാജാക്കന്മാർ, അവർ നടത്തുന്ന ചടങ്ങുകളിൽ കാർമികത്വം വഹിക്കാൻ താത്പര്യം കാട്ടുന്ന നമ്പൂതിരിമാർ എന്നിവയാണ് അക്കാലത്തെ പ്രത്യേകതകൾ. ഒരു സ്ത്രീക്ക് അനേകം ഭർത്താക്കന്മാരും അതിലുപരി ഉപകാന്തന്മാരും ഉണ്ടായിരുന്നുവെന്ന് ചന്ദ്രോത്സവം അഞ്ചാംസർഗം നമുക്ക് തെളിവ് തരുന്നു.

## സ്ത്രീക്ക് സമൂഹത്തിൽ ഇത്രമാത്രം പ്രാധാന്യം കൈവന്നതെന്തുകൊണ്ട്?

സ്ത്രീകളെ ഉപഭോഗവസ്തുക്കളായി കാണാൻ മേലാളർ സ്വീകരിച്ച മാർഗം അനി



യന്ത്രിതമാകുന്നതിന്റെ അനന്തരഫലമാണിത്. ഇത്തരമൊരു കുത്തഴിഞ്ഞ സാമൂഹികാവസ്ഥ എന്നെങ്കിലും കേരളത്തിൽ നിലനിന്നിരുന്നോ എന്ന് തീർത്ത് പറയാൻ കഴിയില്ല. സമൂഹത്തിലെ അനാചാരങ്ങളും അമിതമായ സുഖാസക്തിയും കണ്ട് വേദനിച്ച ഒരു കവി സമൂഹത്തെ നന്നാക്കാൻ അല്പം അതിശയോക്തി കലർന്ന സ്വരത്തിൽ ഉപഹാസകവനം ഉണ്ടാക്കി എന്നു വിചാരിക്കാമെന്ന് ഇളംകുളത്തെപ്പോലെയുള്ള സാഹിത്യകാരന്മാരും ഭാഷാഗവേഷകരും പറയുന്നുണ്ട്.

എന്നാൽ രചനാരീതിയിലും വർണനാവൈഭവം നിമിത്തം ചന്ദ്രോത്സവം പൂർണമായും ഒരു ഉപഹാസകവനമാണെന്ന് തീർത്തു പറയാനും വയ്യ. വേശ്യകളെ പൂർണമായി പ്രതിസ്ഥാനത്ത് നിർത്താൻ ചന്ദ്രോത്സവകാരൻ ശ്രമിച്ചിട്ടില്ല. `യുവജനമുതുകേറി' ഇത്യാദിപ്രയോഗങ്ങളെ അന്നത്തെയും ഇന്നത്തെയും സാമൂഹിക വ്യവസ്ഥിതികളുമായി താരതമ്യം ചെയ്യുമ്പോൾ മാത്രമാണ് ചിരിക്ക് വക നൽകുന്നത്. എന്നാൽ അന്നത്തെ സാമൂഹിക വ്യവസ്ഥിതിയെ ഇന്നത്തെ മാനദണ്ഡം ഉപയോഗിച്ച് വിലയിരുത്തുന്നതിൽ ശാസ്ത്രീയതയുണ്ടോ എന്നും ചിന്തിക്കണം.

ചന്ദ്രോത്സവം അഞ്ചാംഭാഗം ഏറെ ഗൗരവത്തോടെയാണ് രചിച്ചിട്ടുള്ളതെന്നതിന് ധാരാളം തെളിവുണ്ട്. വർണനാരീതിയിൽ സൂക്ഷ്മതയും അടക്കവും പാലിച്ചിട്ടുണ്ട്. സൂര്യോദയത്തിന്റെയും അസ്തമയത്തിന്റെയും വർണനകൾ എന്തിന് അസ്തമയ സൂര്യന്റെ നിറം മാറിവരുന്നതുപോലും കവി നമുക്ക് അനുഭവവേദ്യമാക്കുന്നുണ്ട്. ശൃംഗാരത്തിന്റെ പച്ചയായ ആവിഷ്കാരം ആദ്യ നാല് ഭാഗങ്ങളിൽ കാണാമെങ്കിലും അഞ്ചാം ഭാഗത്തിൽ ശൃംഗാരം തൊട്ടുതീണ്ടിയിട്ടേയില്ല. ഒരു കവിയെന്ന നിലയിൽ ആദ്യ നാല് ഭാഗങ്ങളിൽ തനിക്ക് സംഭവിച്ചിട്ടുള്ള ചെറിയ പ്രമാദങ്ങൾ അഞ്ചാം ഭാഗത്തിൽ ഇല്ലാതാക്കാൻ കാവ്യകർത്താവ് ശ്രമിച്ചിട്ടുണ്ട്.

ഹാസകവനമായാലും ഗൗരവകാവ്യമായാലും അതിലെ അലങ്കാരപ്രയോഗനൈപുണ്യം, കല്പനാഭാസുരത, പദപ്രവാഹത്തിന്റെ അനർഗളത, ശയ്യാഗുണം എന്നിവകൊണ്ട് ഏത് നിർദയവിമർശകനും ചന്ദ്രോത്സവത്തെക്കുറിച്ച് കുറ്റം പറയുമെന്ന് തോന്നുന്നില്ല.

## ഭാഷാരീതി

മധ്യമമലയാളത്തിന്റെ സവിശേഷതകളെല്ലാം ചന്ദ്രോത്സവഭാഷയിൽ കാണാം. എന്നാൽ അപൂർവം ചില ഭാഗങ്ങളിൽ യതിഭംഗം പോലുള്ള ദോഷങ്ങൾ കാണുന്നു. വൈദർഭീരീതിയിലാണ് പ്രതിപാദനം. വൈദർഭീരീതിയിലും ശയ്യാഗുണം, അലങ്കാരപ്രൗഢി എന്നിവ ഒത്തിണങ്ങിയിരിക്കുന്നതിനാൽ ഈ കൃതി ആരെയും കീഴടക്കും. ഒറ്റയിരിപ്പിന് വായിച്ചു തീർക്കാൻ പ്രേരിപ്പിക്കുന്ന ആകാംഷ ഈ കൃതിയുടെ സവിശേഷതയത്രെ. മണിപ്രാവാള കവികളെല്ലാം പാണ്ഡിത്യപ്രകടനത്തിൽ താത്പര്യം കാണിച്ചിട്ടുള്ളവരാണെങ്കിലും ആ രീതി വിട്ട് പൊതുവെ ലളിതഭാഷയാണ് ചന്ദ്രോത്സവകാരൻ സ്വീകരിച്ചിട്ടുള്ളത്. ഇന്ന് പ്രചാരത്തിലില്ലാത്ത ധാരാളം പദങ്ങൾ ചന്ദ്രോത്സവത്തിൽ കാണാം. സംസ്കൃത പ്രത്യയാന്തങ്ങളായ മലയാളപദങ്ങളാണ് അപൂർവമായി ചന്ദ്രോത്സവത്തിൽ കാണുന്നത്. ദ്വിതീയാ ക്ഷരപ്രാസത്തോട് കവിക്ക് വലിയ പ്രതിപത്തിയൊന്നും കാണുന്നില്ല. ശബ്ദാലങ്കാരത്തെക്കാൾ അർത്ഥാലങ്കാരത്തിനാണ് കവി പ്രാധാന്യം നൽകിയിട്ടുള്ളത്. എങ്കിലും ഭാഷാപ്രാധാന്യം കുറഞ്ഞ് സംസ്കൃതപ്രാധാന്യം കൂടിയാണ് കാണുന്നത്. മധ്യകാലചമ്പുക്കളിലെ ഭാഷാരീതിയും ഇപ്രകാരമുള്ളതാണെന്ന് കാണാം.

## ചന്ദ്രോത്സവത്തിന്റെ കാലം

ചന്ദ്രോത്സവത്തിലെ പതുമരഹൂണർ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് പോർച്ചുഗീസുകാരെയാണെങ്കിലും അതിന്റെ കാലം എ.ഡി. 1500നുമുമ്പാകാൻ തരമില്ല. അങ്ങനെ ആയിക്കൊള്ളണമെന്നുമില്ല. രാഘവൻ, പുനം, ശങ്കരൻ എന്നീ കവികളുടെ സമകാലികനാണ് ചന്ദ്രോത്സവകാരനെന്നും അതിന്റെ നിർമാണകാലം 1600 നടുത്താണെന്നും ഉള്ളൂർ പറയുന്നു. എന്നാൽ ചന്ദ്രോത്സവകാരൻ മറ്റേതെങ്കിലും കവിയുടെ സമകാലികനാണെന്ന് അദ്ദേഹം പറയുന്നുമില്ല. ചന്ദ്രോത്സവം ഒരു പരിഹാസകാവ്യമാണെന്ന് ആദ്യം അഭിപ്രായപ്പെട്ടത് ഇളംകുളമാണ്. കേരളത്തിലെ സമുദായജീവിതത്തിന്റെ പ്രതിഫലനമാണ് ചന്ദ്രോത്സവത്തിൽ കാണുന്നതെന്ന് തെറ്റിദ്ധരിക്കരുത്. ക്ഷേത്രസ്വത്തുക്കളുടെ ഭരണംവഴി ജന്മികളായ നമ്പൂതിരിമാരുടെ സുഖലോലുപതയാൽ ഒരു വിഭാഗം ജനസമുദായത്തെ ബാധിച്ച സാന്മാർഗികാധഃപതനത്തെ വലുതാക്കി കാണിക്കുകയാണ് ചന്ദ്രോത്സവകാരൻ. അതിനുപയോഗിച്ച വർണനകൾ ഒരിക്കലും ആ സമുദായത്തിന്റെ യഥാർത്ഥ ചിത്രമായിരുന്നില്ലെന്നോർക്കണം. ◘

39 സ്മരണ

# ഒടുവിൽ ഇനി ഓർമ മാത്രം



മലയാളിയുടെ മനസ്സിൽ മായാത്ത ഓർമകൾ ബാക്കിയാക്കി ഒടുവിൽ ഉണ്ണിക്കൃഷ്ണൻ യാത്രയായി. വൃക്കസംബന്ധമായ രോഗം മൂലം ഏറെ നാളായി ചികിത്സയിലായിരുന്നു ഇദ്ദേഹം. മരിക്കുമ്പോൾ 62 വയസ്സായിരുന്നു.

കാരണവരായും കാര്യസ്ഥനായും പ്രേക്ഷകരുടെ കരളലിയിച്ചും മൃദുഹാസ്യത്തിന്റേതായ തനതായ ശൈലി കുറിച്ചും മലയാള സിനിമയിൽ പകരം വയ്ക്കാനാവാത്ത അഭിനയത്തികവിന്റെ ഉടമയായിരുന്നു ഒടുവിൽ ഉണ്ണിക്കൃഷ്ണൻ. സിനിമ കണ്ട് ഇറങ്ങുമ്പോഴും അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ പലപ്പോഴും നമ്മോടൊപ്പം കൂടിയിരുന്നു. ഗ്രാമീണതയുടെ നന്മയും സ്നേഹവും നിഷ്കളങ്കതയും മനസ്സിലേക്കെത്തുമ്പോൾ ഇതിനൊരു ആൾരൂപമായി ഏതു മലയാളിയുടെ മുന്നിലും നിറയുന്നത് ഒടുവിലിന്റെ ചിത്രമായിരിക്കും. ഒരു നാട്ടിൻപുറത്തുകാരന്റെ ശരീരഭാഷ അത്രയധികം ഒടുവിലിന് വഴങ്ങിയിരുന്നു.

കഥാപാത്രത്തിന്റെ വേദന പ്രേക്ഷകന്റെ മനസ്സിലേക്ക് പകർത്താൻ ഒടുവിലിന്റെ അഭിനയശൈലിക്ക് കഴിഞ്ഞു. മനോവിഷമം ചെണ്ടകൊട്ടി തീർക്കുന്ന 'തൂവൽക്കൊട്ടാര'ത്തിലെ കഥാപാത്രം ഇന്നും മലയാളിയുടെ മനസ്സിലെ വിങ്ങുന്ന ഓർമയാണ്. 'നിഴൽക്കുത്തി'ലെ ആരാച്ചാരും 'ദേവാസുര'ത്തിലെ പെരിങ്ങോടരും 'പൊൻമുട്ടയിടുന്ന താറാവി'ലെ മാടുവില്പനക്കാരനും 'ഒരു ചെറുപുഞ്ചിരിയി'ലെ കുറുപ്പും ഏത് സിനിമാസ്വാദകനാണ് മറക്കാൻ കഴിയുക. ചെറിയ ചെറിയ വേഷങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ പോലും തന്റെ സജീവ സാന്നിധ്യം പ്രേക്ഷകമനസ്സിൽ നിറയ്ക്കാനുള്ള അസാധാരണമായ കഴിവ് ഒടുവിലിനെ മറ്റ് നടന്മാരിൽ നിന്നും വ്യത്യസ്തനാക്കുന്നു.

വടക്കാഞ്ചേരി എങ്കക്കാട് ദേശത്ത് ഒടുവിൽ പാറുക്കുട്ടിയമ്മയുടെയും കൃഷ്ണമേനോന്റെയും മകനായി ജനിച്ചു. അച്ഛനും അമ്മയും ബാല്യത്തിലേ മരിച്ചു. ജ്യേഷ്ഠന്മാരുടെ തണലിലായി പിന്നീടുള്ള ജീവിതം. നാടകവും തബലയുമായി പ്രണയം മൂത്തപ്പോൾ ചെന്നൈയിലേക്ക് വണ്ടി കയറി.

ഭരതൻ കലാസംവിധായകനായ വിൻസെന്റിന്റെ 'ചെണ്ട'യിലാണ് ചെറുതെങ്കിലും ശ്രദ്ധേയമായ വേഷം കിട്ടിയത്. പി.എൻ. മേനോൻ സംവിധാനം ചെയ്ത 'ദർശന'മാണ് ആദ്യ സിനിമയെങ്കിലും 'ചെണ്ട'യാണ് ആദ്യം പുറത്തുവന്നത്.

'കഥാപുരുഷൻ', 'തൂവൽക്കൊട്ടാരം' എന്നീ സിനിമകളിലെ അഭിനയത്തിന് സഹനടനുള്ള സംസ്ഥാന പുരസ്കാരം ലഭിച്ചു. 'നിഴൽക്കുത്തി'ലെ അഭിനയത്തിന് മികച്ച നടനുള്ള പുരസ്കാരവും ലഭിച്ചു.

# ഒടുവിൽ ഇനി ഓർമ മാത്രം



മലയാളിയുടെ മനസ്സിൽ മായാത്ത ഓർമകൾ ബാക്കിയാക്കി ഒടുവിൽ ഉണ്ണിക്കൃഷ്ണൻ യാത്രയായി. വൃക്കസംബന്ധമായ രോഗം മൂലം ഏറെ നാളായി ചികിത്സയിലായിരുന്നു ഇദ്ദേഹം. മരിക്കുമ്പോൾ 62 വയസ്സായിരുന്നു.

കാരണവരായും കാര്യസ്ഥനായും പ്രേക്ഷകരുടെ കരളലിയിച്ചും മൃദുഹാസ്യത്തിന്റേതായ തനതായ ശൈലി കുറിച്ചും മലയാള സിനിമയിൽ പകരം വയ്ക്കാനാവാത്ത അഭിനയത്തികവിന്റെ ഉടമയായിരുന്നു ഒടുവിൽ ഉണ്ണിക്കൃഷ്ണൻ. സിനിമ കണ്ട് ഇറങ്ങുമ്പോഴും അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ പലപ്പോഴും നമ്മോടൊപ്പം കൂടിയിരുന്നു. ഗ്രാമീണതയുടെ നന്മയും സ്നേഹവും നിഷ്കളങ്കതയും മനസ്സിലേക്കെത്തുമ്പോൾ ഇതിനൊരു ആൾരൂപമായി ഏതു മലയാളിയുടെ മുന്നിലും നിറയുന്നത് ഒടുവിലിന്റെ ചിത്രമായിരിക്കും. ഒരു നാട്ടിൻപുറത്തുകാരന്റെ ശരീരഭാഷ അത്രയധികം ഒടുവിലിന് വഴങ്ങിയിരുന്നു.

കഥാപാത്രത്തിന്റെ വേദന പ്രേക്ഷകന്റെ മനസ്സിലേക്ക് പകർത്താൻ ഒടുവിലിന്റെ അഭിനയശൈലിക്ക് കഴിഞ്ഞു. മനോവിഷമം ചെണ്ടകൊട്ടി തീർക്കുന്ന 'തൂവൽക്കൊട്ടാര'ത്തിലെ കഥാപാത്രം ഇന്നും മലയാളിയുടെ മനസ്സിലെ വിങ്ങുന്ന ഓർമയാണ്. 'നിഴൽക്കുത്തി'ലെ ആരാച്ചാരും 'ദേവാസുര'ത്തിലെ പെരിങ്ങോടരും 'പൊൻമുട്ടയിടുന്ന താറാവി'ലെ മാടുവില്പനക്കാരനും 'ഒരു ചെറുപുഞ്ചിരിയി'ലെ കുറുപ്പും ഏത് സിനിമാസ്വാദകനാണ് മറക്കാൻ കഴിയുക. ചെറിയ ചെറിയ വേഷങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ പോലും തന്റെ സജീവ സാന്നിധ്യം പ്രേക്ഷകമനസ്സിൽ നിറയ്ക്കാനുള്ള അസാധാരണമായ കഴിവ് ഒടുവിലിനെ മറ്റ് നടന്മാരിൽ നിന്നും വ്യത്യസ്തനാക്കുന്നു.

വടക്കാഞ്ചേരി എങ്കക്കാട് ദേശത്ത് ഒടുവിൽ പാറുക്കുട്ടിയമ്മയുടെയും കൃഷ്ണമേനോന്റെയും മകനായി ജനിച്ചു. അച്ഛനും അമ്മയും ബാല്യത്തിലേ മരിച്ചു. ജ്യേഷ്ഠന്മാരുടെ തണലിലായി പിന്നീടുള്ള ജീവിതം. നാടകവും തബലയുമായി പ്രണയം മൂത്തപ്പോൾ ചെന്നൈയിലേക്ക് വണ്ടി കയറി.

ഭരതൻ കലാസംവിധായകനായ വിൻസെന്റിന്റെ 'ചെണ്ട'യിലാണ് ചെറുതെങ്കിലും ശ്രദ്ധേയമായ വേഷം കിട്ടിയത്. പി.എൻ. മേനോൻ സംവിധാനം ചെയ്ത 'ദർശന'മാണ് ആദ്യ സിനിമയെങ്കിലും 'ചെണ്ട'യാണ് ആദ്യം പുറത്തുവന്നത്.

'കഥാപുരുഷൻ', 'തൂവൽക്കൊട്ടാരം' എന്നീ സിനിമകളിലെ അഭിനയത്തിന് സഹനടനുള്ള സംസ്ഥാന പുരസ്കാരം ലഭിച്ചു. 'നിഴൽക്കുത്തി'ലെ അഭിനയത്തിന് മികച്ച നടനുള്ള പുരസ്കാരവും ലഭിച്ചു.

യന്ത്രിതമാകുന്നതിന്റെ അനന്തരഫലമാണിത്. ഇത്തരമൊരു കുത്തഴിഞ്ഞ സാമൂഹികാവസ്ഥ എന്നെങ്കിലും കേരളത്തിൽ നിലനിന്നിരുന്നോ എന്ന് തീർത്ത് പറയാൻ കഴിയില്ല. സമൂഹത്തിലെ അനാചാരങ്ങളും അമിതമായ സുഖാസക്തിയും കണ്ട് വേദനിച്ച ഒരു കവി സമൂഹത്തെ നന്നാക്കാൻ അല്പം അതിശയോക്തി കലർന്ന സ്വരത്തിൽ ഉപഹാസകവനം ഉണ്ടാക്കി എന്നു വിചാരിക്കാമെന്ന് ഇളംകുളത്തെപ്പോലെയുള്ള സാഹിത്യകാരന്മാരും ഭാഷാഗവേഷകരും പറയുന്നുണ്ട്.

എന്നാൽ രചനാരീതിയിലും വർണനാവൈഭവം നിമിത്തം ചന്ദ്രോത്സവം പൂർണമായും ഒരു ഉപഹാസകവനമാണെന്ന് തീർത്തു പറയാനും വയ്യ. വേശ്യകളെ പൂർണമായി പ്രതിസ്ഥാനത്ത് നിർത്താൻ ചന്ദ്രോത്സവകാരൻ ശ്രമിച്ചിട്ടില്ല. `യുവജനമുതുകേറി' ഇത്യാദിപ്രയോഗങ്ങളെ അന്നത്തെയും ഇന്നത്തെയും സാമൂഹിക വ്യവസ്ഥിതികളുമായി താരതമ്യം ചെയ്യുമ്പോൾ മാത്രമാണ് ചിരിക്ക് വക നൽകുന്നത്. എന്നാൽ അന്നത്തെ സാമൂഹിക വ്യവസ്ഥിതിയെ ഇന്നത്തെ മാനദണ്ഡം ഉപയോഗിച്ച് വിലയിരുത്തുന്നതിൽ ശാസ്ത്രീയതയുണ്ടോ എന്നും ചിന്തിക്കണം.

ചന്ദ്രോത്സവം അഞ്ചാംഭാഗം ഏറെ ഗൗരവത്തോടെയാണ് രചിച്ചിട്ടുള്ളതെന്നതിന് ധാരാളം തെളിവുണ്ട്. വർണനാരീതിയിൽ സൂക്ഷ്മതയും അടക്കവും പാലിച്ചിട്ടുണ്ട്. സൂര്യോദയത്തിന്റെയും അസ്തമയത്തിന്റെയും വർണനകൾ എന്തിന് അസ്തമയ സൂര്യന്റെ നിറം മാറിവരുന്നതുപോലും കവി നമുക്ക് അനുഭവവേദ്യമാക്കുന്നുണ്ട്. ശൃംഗാരത്തിന്റെ പച്ചയായ ആവിഷ്കാരം ആദ്യ നാല് ഭാഗങ്ങളിൽ കാണാമെങ്കിലും അഞ്ചാം ഭാഗത്തിൽ ശൃംഗാരം തൊട്ടുതീണ്ടിയിട്ടേയില്ല. ഒരു കവിയെന്ന നിലയിൽ ആദ്യ നാല് ഭാഗങ്ങളിൽ തനിക്ക് സംഭവിച്ചിട്ടുള്ള ചെറിയ പ്രമാദങ്ങൾ അഞ്ചാം ഭാഗത്തിൽ ഇല്ലാതാക്കാൻ കാവ്യകർത്താവ് ശ്രമിച്ചിട്ടുണ്ട്.

ഹാസകവനമായാലും ഗൗരവകാവ്യമായാലും അതിലെ അലങ്കാരപ്രയോഗനൈപുണ്യം, കല്പനാഭാസുരത, പദപ്രവാഹത്തിന്റെ അനർഗളത, ശയ്യാഗുണം എന്നിവകൊണ്ട് ഏത് നിർദയവിമർശകനും ചന്ദ്രോത്സവത്തെക്കുറിച്ച് കുറ്റം പറയുമെന്ന് തോന്നുന്നില്ല.

## ഭാഷാരീതി

മധ്യമമലയാളത്തിന്റെ സവിശേഷതകളെല്ലാം ചന്ദ്രോത്സവഭാഷയിൽ കാണാം. എന്നാൽ അപൂർവം ചില ഭാഗങ്ങളിൽ യതിഭംഗം പോലുള്ള ദോഷങ്ങൾ കാണുന്നു. വൈദർഭീരീതിയിലാണ് പ്രതിപാദനം. വൈദർഭീരീതിയിലും ശയ്യാഗുണം, അലങ്കാരപ്രൗഢി എന്നിവ ഒത്തിണങ്ങിയിരിക്കുന്നതിനാൽ ഈ കൃതി ആരെയും കീഴടക്കും. ഒറ്റയിരിപ്പിന് വായിച്ചു തീർക്കാൻ പ്രേരിപ്പിക്കുന്ന ആകാംഷ ഈ കൃതിയുടെ സവിശേഷതയത്രെ. മണിപ്രവാള കവികളെല്ലാം പാണ്ഡിത്യപ്രകടനത്തിൽ താത്പര്യം കാണിച്ചിട്ടുള്ളവരാണെങ്കിലും ആ രീതി വിട്ട് പൊതുവെ ലളിതഭാഷയാണ് ചന്ദ്രോത്സവകാരൻ സ്വീകരിച്ചിട്ടുള്ളത്. ഇന്ന് പ്രചാരത്തിലില്ലാത്ത ധാരാളം പദങ്ങൾ ചന്ദ്രോത്സവത്തിൽ കാണാം. സംസ്കൃത പ്രത്യയാന്തങ്ങളായ മലയാളപദങ്ങളാണ് അപൂർവമായി ചന്ദ്രോത്സവത്തിൽ കാണുന്നത്. ദ്വിതീയാ ക്ഷരപ്രാസത്തോട് കവിക്ക് വലിയ പ്രതിപത്തിയൊന്നും കാണുന്നില്ല. ശബ്ദാലങ്കാരത്തെക്കാൾ അർത്ഥാലങ്കാരത്തിനാണ് കവി പ്രാധാന്യം നൽകിയിട്ടുള്ളത്. എങ്കിലും ഭാഷാപ്രാധാന്യം കുറഞ്ഞ് സംസ്കൃതപ്രാധാന്യം കൂടിയാണ് കാണുന്നത്. മധ്യകാലചമ്പുക്കളിലെ ഭാഷാരീതിയും ഇപ്രകാരമുള്ളതാണെന്ന് കാണാം.

## ചന്ദ്രോത്സവത്തിന്റെ കാലം

ചന്ദ്രോത്സവത്തിലെ പതുമരഹൂണർ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് പോർച്ചുഗീസുകാരെയാണെങ്കിലും അതിന്റെ കാലം എ.ഡി. 1500നുമുമ്പാകാൻ തരമില്ല. അങ്ങനെ ആയിക്കൊള്ളണമെന്നുമില്ല. രാഘവൻ, പുനം, ശങ്കരൻ എന്നീ കവികളുടെ സമകാലികനാണ് ചന്ദ്രോത്സവകാരനെന്നും അതിന്റെ നിർമാണകാലം 1600 നടുത്താണെന്നും ഉള്ളൂർ പറയുന്നു. എന്നാൽ ചന്ദ്രോത്സവകാരൻ മറ്റേതെങ്കിലും കവിയുടെ സമകാലികനാണെന്ന് അദ്ദേഹം പറയുന്നുമില്ല. ചന്ദ്രോത്സവം ഒരു പരിഹാസകാവ്യമാണെന്ന് ആദ്യം അഭിപ്രായപ്പെട്ടത് ഇളംകുളമാണ്. കേരളത്തിലെ സമുദായജീവിതത്തിന്റെ പ്രതിഫലനമാണ് ചന്ദ്രോത്സവത്തിൽ കാണുന്നതെന്ന് തെറ്റിദ്ധരിക്കരുത്. ക്ഷേത്രസ്വത്തുക്കളുടെ ഭരണംവഴി ജന്മികളായ നമ്പൂതിരിമാരുടെ സുഖലോലുപതയാൽ ഒരു വിഭാഗം ജനസമുദായത്തെ ബാധിച്ച സാന്മാർഗികാധഃപതനത്തെ വലുതാക്കി കാണിക്കുകയാണ് ചന്ദ്രോത്സവകാരൻ. അതിനുപയോഗിച്ച വർണനകൾ ഒരിക്കലും ആ സമുദായത്തിന്റെ യഥാർത്ഥ ചിത്രമായിരുന്നില്ലെന്നോർക്കണം.

വി.രാജഗോപാൽ

# പടയണി
# അതിജീവനത്തിന്റെ അനുഷ്ഠാനകല

**കുംഭമാസം മുതൽ മേടം പകുതിവരെ മലയോര മേഖലയിലും മധ്യ തിരുവിതാംകൂറിലും ചില ദേവീക്ഷേത്രങ്ങളിൽ അരങ്ങേറുന്ന പടയണി ഒരു പ്രത്യേക ഭൂവിഭാഗത്തിന്റെ സംസ്കാരവും ആചാരവും പ്രതിഫലിപ്പിക്കുന്നു.**

ഒട്ടുമിക്ക പ്രാചീനകലകളും നിലനിലല്പിനെ നേരിടുന്ന കാലഘട്ടമാണിത്. എങ്കിലും തെയ്യവും, തിറയും പടയണിയും മാറ്റങ്ങൾക്ക് വിധേയമായി നിലനില്ക്കുമെന്ന് നാം വിശ്വസിക്കേണ്ടിയിരിക്കുന്നു. തീവ്രമായ ഭക്തിയും അനുഷ്ഠാനത്തിലുള്ള വിശ്വാസവും പടയണിയെന്ന കലാരൂപത്തെ നിലനിർത്തുമെന്നതാണ് ഇതിന് കാരണം. മലയാള വർഷം കുംഭമാസം മുതൽ മേടം പകുതി വരെ മലയോര മേഖലയിലും മധ്യതിരുവിതാംകൂറിലും ചില ദേവീക്ഷേത്രങ്ങളിൽ പടയണി അരങ്ങേറുന്നു. തീവെട്ടി വെളിച്ചത്തിന്റെ അകമ്പടിയോടെ അരങ്ങേറുന്ന പടയണി ഒരു അനുഷ്ഠാന കലയാണ്.

## ഐതിഹ്യം

ദാരികനെന്ന അസുരനെ വധിച്ച ഭദ്രകാളി കലികൊണ്ടു തുള്ളിയലറിയപ്പോൾ കാളിയുടെ കോപം ശമിപ്പിക്കുന്നതിന് പരമശിവനും ദേവഗണങ്ങളും പല മാർഗങ്ങളും അവലംബിച്ചു. വാദ്യമേളങ്ങളും, ഹാസ്യ സന്ദർഭങ്ങളും, പ്രാർത്ഥനയും അങ്ങനെ പല മാർഗങ്ങളും സ്വീകരിച്ചു. അവസാനം, ദേവഗണങ്ങൾ കോലം കെട്ടിയാടുകയും, ദേവിയുടെ രൂപം കളമെഴുതി പാടുകയും ചെയ്തു. കലിയടങ്ങിയ കാളിയുടെ പ്രീതിയ്ക്കായി വർഷംതോറും ചോര നല്കാമെന്ന വാഗ്ദാനത്തിന്റെ വിശ്വാസമാണ് ചൂരൽ ഉരുളിച്ചയും പടയണിയും കളമെഴുത്തും നടത്തുന്നതിന് പിന്നിലുള്ള വിശ്വാസം. നന്മയാഗ്രഹിക്കുന്ന ജനങ്ങൾ തങ്ങളുടെ പരദേവതയെ പ്രീതിപ്പെടുത്തി മഹാവ്യാധികളിൽ നിന്നും ദുരിതങ്ങളിൽ നിന്നും രക്ഷ നേടാൻ പടയണി നടത്തി.

## ഗ്രാമീണജനതയുടെ കല

സംഗീതവും താളവും നൃത്തവും കായികാഭ്യാസവും നർമവും സാമൂഹികവിമർശനവും ചേർന്ന കലയാണ് പടയണി. അധ്വാനിക്കുന്ന ജനതയുടെ കലയും കാർഷിക സംസ്കാരത്തിന്റെ പ്രതീകവുമാണ് പടയണിയിലുടനീളം കാണാൻ കഴിയുന്നത്. പടയണിയുടെ അവതരണത്തിന് തന്നെ കായികാധ്വാനം ആവശ്യമാണ്. കൽത്തറകളോ പീഠമോ വച്ച് കാവുകളിൽ ആരാധന നടത്തിയിരുന്ന രീതി ആദ്യകാലങ്ങളിൽ പ്രബലമായിരുന്നു. പതിനൊന്നാം നൂറ്റാണ്ടിലും മറ്റും നിലനിന്നിരുന്ന ഇത്തരം ആചാരങ്ങൾ പിന്നീട് വിഗ്രഹപ്രതിഷ്ഠയും ക്ഷേത്രനിർമാണവുമൊക്കെയായി പരിണമിച്ചു. ഇത്തരം ക്ഷേത്രനിർമിതിയെ പടയണിവിനോദത്തിൽ നിശിതമായി വിമർശിക്കാറുണ്ട്. കാവുകൾ കേന്ദ്രമാക്കി നിലനിന്നിരുന്ന ചൂരലുരുളിച്ചയും പടയണിയും ക്ഷേത്രങ്ങളിലും പിന്തുടരുന്നു. പന്തളം കൂരമ്പാല പുത്തൻകാവ്, തെള്ളിയൂർക്കാവ് തുടങ്ങിയ ക്ഷേത്രങ്ങളിൽ നരബലിയുടെ സ്മരണയുണർത്തുന്ന ചൂരലുരുളിച്ച ഇക്കാലത്തും നടന്നുവരുന്നു. ചൂരലിന്റെ കൂർത്തഭാഗങ്ങൾ ശരീരത്തിൽ തറച്ച് രക്തമുണ്ടാവുന്നത് ഭദ്രകാളി പ്രീതിക്കാണെന്നാണ് വിശ്വാസം. വേലൻപാറ, പാനയടി, കരിക്കടിക്കൽ തുടങ്ങിയ ചടങ്ങുകളും അടവിയുടെ ഭാഗമായി നടക്കും. അടവിയും പടയണിയും നടക്കുന്ന മിക്ക ക്ഷേത്രങ്ങളുടെയും പേരിനൊപ്പം കാവ് എന്ന പദവും കാണാം. ആലപ്പുഴ ജില്ലയിലെ വടശ്ശേരിക്കാവ്, അഴകിയകാവ്, പത്തനംതിട്ട ജില്ലയിലെ കടമ്മനിട്ടക്കാവ്, തെള്ളിയൂർക്കാവ്, മഠത്തിൽക്കാവ്, ഓതറ പുതുക്കുളങ്ങര കദളിമംഗലം, പനമറ്റത്തുകാവ്, പോരട്ടിക്കാവ് തുടങ്ങിയ ക്ഷേത്രങ്ങളിൽ പടയണി അനുഷ്ഠിച്ചു വരുന്നു. ചങ്ങനാശ്ശേരിക്കടുത്തുള്ള നീലംപേരൂർ പടയണിയും പ്രസിദ്ധമാണ്. ക്ഷേത്രത്തിലെ അത്താഴപൂജയ്ക്ക് ശേഷം തപ്പുമേളത്തോടെയാണ് പടയണിയുടെ ചടങ്ങുകൾ ആരംഭി



ക്കുന്നത്. തടി കൊണ്ടുള്ള വട്ടത്തിന്റെ ഒരു വശത്ത് മൃഗത്തോൽ മുറുക്കി നിർമിക്കുന്ന തപ്പിനെ അപൂർവമായ വാദ്യം എന്നു തന്നെ വിശേഷിപ്പിക്കാം. തപ്പുമേളത്തിന് ശേഷം കാപ്പൊലി, താവടി, പുലനൃത്തം, ഏറ്റുകാപ്പൊലി, ആണ്ടിക്കോലം (ശിവകോലം), കുതിരക്കോലം എന്നിവ പടയണിക്കളത്തിലവതരിപ്പിക്കും. ഗണപതി, കരിമറുത, സുന്ദരയക്ഷി, അന്തരയക്ഷി, അരക്കിയക്ഷി, കാലയക്ഷി, മായയക്ഷി, കുറത്തി, കാലമാടൻ, പുള്ളുമാടൻ, പക്ഷി, കാലൻ, കാഞ്ഞിരമാല, ഭൈരവി, രക്ത ചാമുണ്ടി തുടങ്ങിയ കോലങ്ങളാണ് തപ്പുമേളത്തിന്റെയും പടയണിപ്പാട്ടിന്റെയും അകമ്പടിയോടെ അവതരിപ്പിച്ചുവരുന്നത്.

പഞ്ചഭൂത സങ്കല്പത്തിൽ അഞ്ചു നിറങ്ങളാണ് കോലമെഴുതുന്നതിന് ഉപയോഗിക്കുന്നത്. പ്രകൃതിദത്തമായ വർണങ്ങളിലാണ് കോലമെഴുതുന്നത്. കറുപ്പ്, മഞ്ഞ, ചുവപ്പ്, വെള്ള, പച്ച എന്നിങ്ങനെയുള്ള നിറങ്ങൾ ചെത്തിമിനുക്കിയ പച്ച കമുകിൻപാളയിലാണ് വരയ്ക്കുന്നത്. മാവില വാട്ടിക്കരിച്ച് അരച്ചെടുത്ത് കറുപ്പും മഞ്ഞളോ മഞ്ഞചണ്ണയോ ഇടിച്ചുപിഴിഞ്ഞ് മഞ്ഞനിറവും ചെങ്കല്ലരച്ച് ചുവപ്പ് നിറവും പച്ചപ്പാളയുടെ പുറം ഉപയോഗിച്ച് പച്ചനിറവും രൂപപ്പെടുത്തുന്നു. കോലം വരയ്ക്കുന്നതിനുള്ള ചായക്കോലുകൾ കുരുത്തോലയുടെ മടൽ ചതച്ചാണ് ഉണ്ടാക്കുന്നത്. പച്ചപ്പാളകൾ കൂട്ടിത്തയ്ക്കുന്നതിന് പച്ച ഈർക്കിലും ഉപയോഗിക്കുന്നു. ഗണക സമുദായത്തിൽപ്പെട്ടവരാണ് പരമ്പരാഗതമായി കോലം വരയ്ക്കുന്നത്. ഇവർ കരക്കണിയാന്മാരെന്നാണറിയപ്പെടുന്നത്.

സമൂഹത്തിലെ ഊതിബാധാ ദുരിതങ്ങൾക്കറുതിവരുത്താനാണ് കോലം കെട്ടിയാടുന്നത്. അതുകൊണ്ടായിരിക്കാം പടയണിയുടെ രംഗപശ്ചാത്തലവും പ്രതീകാത്മകമായത്. ഇരുട്ടിന്റെ മേൽ ആധിപത്യമുറപ്പിക്കുന്ന വെളിച്ചമായി തീവെട്ടിയും ചൂട്ടുകറ്റയും തീപന്തങ്ങളും കോലങ്ങൾക്ക് അകമ്പടി സേവിക്കുന്നു. നാശത്തിന്റെ നടുക്കം നീങ്ങി നന്മയുടെ വെളിച്ചമായി മാറുന്ന പടയണിയുടെ ചടങ്ങുകൾ രാത്രിയിൽ ആരംഭിച്ച് സൂര്യോദയം കണ്ടാണ് അവസാനിക്കുന്നത്. കൃഷി ജീവനോപാധിയായി സ്വീകരിച്ച ഒരു സമൂഹത്തിൽ നല്ല വിളവിനായുള്ള പ്രാർത്ഥനയും ഈ ചടങ്ങുകളിൽ നിറഞ്ഞിരിക്കുന്നു. നിഴൽ നോക്കിയടിച്ചു കൊല്ലുന്ന ദുഷ്ടമൂർത്തിയായ മാടൻ, വസൂരിയുടെ കാരകനായ മറുത, കുഞ്ഞുങ്ങളുടെ രക്തമൂറ്റുന്ന പക്ഷി, പിശാചുക്കൾ, യക്ഷി, ഇവയുടെ കോലം കെട്ടിയാടുന്നതിലൂടെ സമൂഹത്തിന് രക്ഷ കിട്ടുമെന്നാണ് വിശ്വാസം. ശൈവവും ശാക്തേയവും, വൈഷ്ണവവുമായ സങ്കല്പകഥകൾ പടയണിപ്പാട്ടുകളിൽ കാണാം. ശ്രീകൃഷ്ണനെ നിഗ്രഹിക്കാൻ കംസൻ പക്ഷിരൂപത്തിലയച്ച അസുരനെ കംസന്റെ മായയാലുണ്ടായ പക്ഷി എന്നാണ് പക്ഷിക്കോലത്തിൽ അവതരിപ്പിക്കുന്നത്. കാലന്റെ കാലനായി മാറിയ പരമശിവനെ മാർക്കണ്ഡേയചരിതം പാടി കാലൻ കോലത്തിൽ അവതരിപ്പിക്കുന്നു. ഒറ്റക്കലാശം, ഇരട്ടക്കലാശം, പന്തക്കലാശം തുടങ്ങിയ ചടുലമായ ചുവടുകളിൽ 'കേശാദിപാദത്തേന്നും കാലപാശം' തീർന്നൊഴിയാൻ പാടിസ്തുതിച്ച് കാലൻകോലം അരങ്ങുവിട്ടതിനു ശേഷം ഭദ്രകാളിയുടെ വിരാടരൂപത്തെ ആവാഹിച്ച് ഭൈരവിക്കോലം എഴുന്നള്ളും. 51, 101, 1001 എന്നീ ക്രമത്തിലുള്ള പച്ച കമുകിൻപാളകൾ ഉപയോഗിച്ചാണ് ഭൈരവിക്കോലങ്ങൾ തയ്യാറാക്കുന്നത്. 1001 പാളയിൽ തീർത്ത ഭൈരവിക്കോലം തടികൊണ്ടു നിർമിച്ച ചട്ടവും ചാടും ഉപയോഗിച്ചാണ് പടയണിക്കളത്തിലെത്തിക്കുന്നത്. പത്തനംതിട്ട ജില്ലയിലെ ഓതറ പുതുക്കുളങ്ങര ദേവീക്ഷേത്രത്തിൽ മാത്രമാണ് 1001 പാളയിൽ തീർത്ത ഭൈരവിക്കോലമുള്ളത്. ഭൈരവിക്കോലത്തിൽ കിമ്പിരി-കൃഷ്ണ-നാഗമുഖങ്ങളും ആനയും, സിംഹവും വരച്ചു ചേർക്കുന്നു. ഏറ്റവും പുറമെയുള്ള ഭാഗത്ത് കുരുത്തോലയല്ലികൾ ദേവിയുടെ തിരുമുടിയായി സങ്കല്പിച്ചിരിക്കുന്നു. അതിന്റെ ഉൾഭാഗത്ത് ഇരട്ടനാഗമുഖങ്ങൾ, അതിനുള്ളിലായി ഭൂതഗണങ്ങൾ, ദേവി, ദേവിയുടെ കർണഭാരമായി ആന, സിംഹം എന്നിവയും സങ്കല്പിച്ചിരിക്കുന്നു. ഭൈരവിക്കോലം ചൂട്ടുകറ്റയുടെയും പന്തങ്ങളുടെയും അകമ്പടിയിൽ ദൃശ്യമനോഹരമാണ്.



ഭൈരവിക്കോലത്തിന് ശേഷം സൂര്യോദയത്തോടെ പൂപ്പടവാരൽ എന്ന ചടങ്ങ് നടക്കും. കന്യകമാരെ ബാധിക്കുന്ന ഗന്ധർവനെ ഒഴിപ്പിക്കുക എന്ന സങ്കല്പമാണ് പൂപ്പട. കമുകിൻ പൂക്കുല പിടിച്ച് തലയിൽ മൂടിയിട്ടിരിക്കുന്ന ഒരാളിന് ചുറ്റും പാട്ടും കുരവയും നടത്തുന്നു. ഇതിനിടയിലേക്ക് ഹാസ്യാത്മകമായി കണിയാനും രംഗത്തെത്തുന്നു. ഇതിന് ശേഷം വീണ്ടും ഭൈരവിക്കോലം പൂപ്പടഭൈരവി എന്ന പേരിൽ ചുവടുവയ്ക്കുമ്പോൾ സർവദോഷങ്ങളുമകലാൻ വിളിച്ചു പ്രാർത്ഥിച്ച് ചടങ്ങുകൾ അവസാനിക്കും.

പന്തളം കുരമ്പാല പുത്തൻകാവിൽ പടയണിയിൽ കാലൻ കോലത്തിന് മുമ്പാണ് പൂപ്പടവാരൽ ചടങ്ങ്. ഇവിടെ ഭൈരവിക്കോലത്തിന് ശേഷം കരിങ്കോഴിയെ ബലി നല്കിയാണ് ചടങ്ങവസാനിക്കുന്നത്.

## പടയണിവിനോദം


പടയണിആസ്വാദകരെ ചിരിപ്പിച്ചും ചിന്തിപ്പിച്ചും അരങ്ങുതകർക്കുന്ന പടയണി വിനോദങ്ങൾ സമകാലിക വിഷയങ്ങളിലേക്കും ഒളിയമ്പുകൾ എയ്യുന്നു. പൊയ്മുഖമണിഞ്ഞ്, പാളത്തൊപ്പിയും വച്ച് താവടിയുടെ ചുവടുകൾ വികൃതമാക്കി പന്നത്താവടി രംഗത്ത് വരും. തുടർന്ന് വെളിച്ചപ്പാടിനെയും, കണിയാന്മാരെയുമൊക്കെ ഹാസ്യാത്മകമായി അവതരിപ്പിക്കും. നാടകീയമായ ചില സ്ഥിരം സന്ദർഭങ്ങളും പടയണി വിനോദത്തിലുണ്ട്. നമ്പൂതിരിയും വാല്യക്കാരനും ശർക്കരക്കുടവും മാസപ്പടിയും കുഞ്ഞിരിക്കാമഹർഷിയും അവയിൽ ചിലതാണ്. തത്ത്വശാസ്ത്രങ്ങൾ വിളമ്പിയെത്തുന്ന പരദേശിയും പടയണി വിനോദത്തിന്റെ ഭാഗമാണ്.

ഒരു പ്രത്യേക ഭൂവിഭാഗത്തിന്റെ സംസ്കാരവും ആചാരവും പ്രതിഫലിപ്പിക്കുന്ന പടയണി അതിജീവനത്തിന്റെ വഴിയിലാണ്. ആധുനിക മാധ്യമസംസ്കാരവും ആസ്വാദനത്തിൽ കൈവന്ന മാറ്റങ്ങളും ഇതിന്റെ നിലനില്പിനെ തന്നെ ചോദ്യം ചെയ്യുന്നുണ്ട്. കലാകാരന്മാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി അതിലൊന്നാണ്. സമൂഹത്തിലെ രോഗദുരിതങ്ങളെ അതിജീവിക്കാനരങ്ങേറിയ കലയും അതിജീവിക്കപ്പെടും എന്ന് പ്രതീക്ഷിക്കാം.

# ഫോട്ടോഫീച്ചർ



മന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേല്ക്കുന്നു.



പാലൊളി മുഹമ്മദ് കുട്ടി




സി. ദിവാകരൻ



മാത്യു ടി. തോമസ്



പി.ജെ. ജോസഫ്



എൻ.കെ.



ഡോ. തോമസ് ഐസക്




എ.കെ. ബാലൻ



എം. വിജയകുമാർ




ജി. സുധാകരൻ




എസ്.

# പ്രതിബദ്ധതയോടെ തുടക്കം



മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനും മന്ത്രിമാരും ഗവർണർ ആർ.എൽ. ഭാട്ട്യയ്ക്കൊപ്പം.




പ്രേമചന്ദ്രൻ



കോടിയേരി ബാലകൃഷ്ണൻ




എം.എ. ബേബി




പി.കെ. ഗുരുദാസൻ



പി.കെ. ശ്രീമതിടീച്ചർ



ശർമ



എളമരം കരീം



കെ.പി. രാജേന്ദ്രൻ



മുല്ലക്കര രത്നാകരൻ



ബിനോയ് വിശ്വം



# അന്യാധീനപ്പെട്ട പൊതുസ്വത്ത് വീണ്ടെടുക്കും

യു.ഡി.എഫ്. ഭരണകാലത്ത് അന്യാധീനപ്പെട്ട ഭൂമി ഉൾപ്പെടെയുള്ള പൊതുസ്വത്തുക്കൾ വീണ്ടെടുക്കുമെന്ന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ വ്യക്തമാക്കി. സ്മാർട്ട് സിറ്റി പദ്ധതി സംസ്ഥാനത്തിന് പ്രയോജനകരമാകുമെങ്കിൽ മാത്രമേ ദുബായ് കമ്പനിയുമായി ചർച്ച നടത്തൂ എന്നും അദ്ദേഹം പറഞ്ഞു. മൂന്നാറിൽ ടാറ്റ കൈവശപ്പെടുത്തിയ അമ്പതിനായിരം ഏക്കറും കോവളത്ത് വൻകിട സ്വകാര്യ ഹോട്ടലുടമകൾ കയ്യടക്കിയ ഭൂമിയും വീണ്ടെടുക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് വി.എസ്. പറഞ്ഞു.

സ്മാർട്ട് സിറ്റി കരാറിൽ സംസ്ഥാനത്തിന് അപകടകരമായ വ്യവസ്ഥകളാണുള്ളത്. ഇവ മാറ്റി സംസ്ഥാനത്തിന് ഗുണകരമാകുമെങ്കിൽ മാത്രം പദ്ധതിയെക്കുറിച്ച് ആലോചിക്കും. ദുബായ് കമ്പനിക്ക് ഐ.ടിയിൽ പരിചയമില്ല. റിയൽ എസ്റ്റേറ്റ് കമ്പനിയാണ്. ഭൂമി വാങ്ങി കെട്ടിടം പണിത് വിൽക്കൽ മാത്രമാണ് ഇടപാട്. ഇക്കൂട്ടരെയാണ് ഒരു സെക്രട്ടറി കണ്ടുപിടിച്ചു കൊണ്ടുവന്നത്. വിഴിഞ്ഞം തുറമുഖം, കേരള എയർലൈൻസ് തുടങ്ങി മുൻ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളും ഉണ്ടാക്കിയ കരാറുകളും പരിശോധിച്ച് ആവശ്യമായ നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്തിന് അർഹമായ വെള്ളം കിട്ടുന്നതിനാവശ്യമായ തരത്തിൽ അന്തർ സംസ്ഥാന നദീജല കരാറുകളെക്കുറിച്ച് പുനഃപരിശോധന വേണം. ഇപ്പോൾ കേരളത്തിന് അർഹമായ വെള്ളം കിട്ടുന്നില്ല. കരാറുകൾ പാലിക്കപ്പെടുന്നുണ്ടോ എന്നു നോക്കേണ്ടവരിലൊരാളെയാണ് കോഴ വാങ്ങുമ്പോൾ പിടിച്ചത്. അവകാശപ്പെട്ട വെള്ളം കിട്ടുമെന്ന് ഉറപ്പുവരുത്താൻ നയത്തിലും നടപടിക്രമങ്ങളിലും മാറ്റം വരണം.

പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്തെ പ്രതിസന്ധിയെക്കുറിച്ച് മുതിർന്ന അഭിഭാഷകരും വിദ്യാഭ്യാസ വിദഗ്ധരുമായി ചർച്ച ചെയ്ത്

## ഉയർന്ന ഭൂരിപക്ഷം

പുതിയ മന്ത്രിസഭയിലെ ഭരണസാരഥികളിൽ ഏറ്റവും ഉയർന്ന ഭൂരിപക്ഷത്തോടെ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത് മന്ത്രിസഭയിലെ ഏക വനിതാ സാന്നിധ്യമായ പി.കെ. ശ്രീമതിടീച്ചറാണ്. 36092. തൊട്ടടുത്ത സ്ഥാനം പാലൊളി മുഹമ്മദ്കുട്ടിയ്ക്കാണ്-28347 വോട്ടുകളുടെ ഭൂരിപക്ഷം. മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ 20017 വോട്ടുകളുടെ ഭൂരിപക്ഷത്തോടെ തൊട്ടുപിറകെയുണ്ട്.



വി.എസ്. അച്യുതാനന്ദൻ



പി.കെ. ശ്രീമതി



പാലൊളി മുഹമ്മദ്കുട്ടി

## നായനാർ

ഏവർക്കും പ്രിയങ്കരനായിരുന്ന നായനാർ അന്തരിച്ചിട്ട് മേയ് 19ന് രണ്ട് വർഷം തികഞ്ഞു. 1980-81, 1987-91, 1996-2001 എന്നീ കാലഘട്ടങ്ങളിൽ കേരളമുഖ്യമന്ത്രിയായിരുന്ന ഏറമ്പാല കൃഷ്ണൻ നായനാർ 1919 ഡിസംബർ 9നാണ് ജനിച്ചത്. ഏറ്റവും കൂടുതൽകാലം മുഖ്യമന്ത്രിയായിരുന്നു എന്ന ബഹുമതിയും നായനാർക്കുള്ളതാണ്-4009 ദിവസം. കണ്ണൂരിലെ കല്യാശ്ശേരിയിൽ ഗോവിന്ദൻ നമ്പ്യാരുടെ മകനാണ്. ഇരിക്കൂർ, മലമ്പുഴ, തൃക്കരിപ്പൂർ, തലശ്ശേരി എന്നീ മണ്ഡലങ്ങളിൽ നിന്നായി കേരള നിയമസഭയിലേക്ക് 6 തവണ തെരഞ്ഞെടുക്കപ്പെട്ടു. ദേശാഭിമാനിപ്പത്രത്തിന്റെ പത്രാധിപരും കൂടിയായിരുന്ന അദ്ദേഹം ഹൃദയാഘാതത്തെ തുടർന്നാണ് 2004 മെയ് 19ന് ന്യൂദൽഹിയിൽ അന്തരിച്ചത്.



## വാമപക്ഷം

ഇത്തവണ നിയമസഭാ തെരഞ്ഞെടുപ്പിൽ മത്സരിച്ച സ്ത്രീകളുടെ എണ്ണം 70 ആണ്. വിജയിച്ചത് 7 പേർ.

പി.കെ. ശ്രീമതി ടീച്ചർ, കെ.കെ. ശൈലജടീച്ചർ, കെ.കെ. ലതിക, കെ.എസ്. സലീഖ, അയിഷാപോറ്റി, ജെ. അരുന്ധതി, എന്നിവർ സി.പി.ഐ.(എം)-ൽ നിന്നും ഇ.എസ്. ബിജിമോൾ സി.പി.ഐ.യിൽ നിന്നുമാണ് തെരഞ്ഞെടുക്കപ്പെട്ടത്.

നടപടി കൈക്കൊള്ളും. നിലവിലുള്ള കേന്ദ്ര നിയമം സംസ്ഥാന താത്പര്യത്തിന് പറ്റുന്നതല്ല. അനധികൃത സ്കൂളുകളുടെ പെരുപ്പം പൊതു വിദ്യാഭ്യാസരംഗത്തുണ്ടാക്കിയ പ്രതിസന്ധി ഗൗരവമായി കാണും. ഓരോ പ്രദേശത്തെയും സ്കൂളുകളുടെ ആവശ്യകതയെക്കുറിച്ച് പഠനം നടത്തും. കോഴ വാങ്ങി ചോദിക്കുന്നവർക്കെല്ലാം സ്കൂളുകൾ കൊടുത്തതാണ് പ്രതിസന്ധി രൂക്ഷമാക്കിയത്.

സംസ്ഥാനത്തിന്റെ താത്പര്യത്തിന് ഹിതകരമല്ലാത്ത വിദേശ വായ്പകൾ ഒഴിവാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ചരടുകളില്ലാത്ത വായ്പ വാങ്ങുന്നതിൽ വിരോധമില്ല. എ.ഡി.ബി വായ്പയ്ക്ക് യു.ഡി.എഫ്. ഗവൺമെന്റ് ഉണ്ടാക്കിയ കരാറിലെ വ്യവസ്ഥകൾ പരിശോധിച്ച് ഉചിതമായ നടപടിയെടുക്കും. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാണ്. ഖജനാവിൽ കാര്യമായി ഒന്നുമില്ല. നയപ്രഖ്യാപന വേളയിൽ ധനമന്ത്രി യഥാർത്ഥ വസ്തുത ജനങ്ങളെ അറിയിക്കും.

പിന്നോക്ക വിഭാഗങ്ങളുടെ ഉദ്യോഗ നഷ്ടം നികത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് നരേന്ദ്രൻ കമ്മീഷനുമായും സമുദായ സംഘടനകളുമായും ചർച്ച നടത്തും. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് യു.ഡി.എഫ്. കൊണ്ടുവന്ന പാക്കേജ് തൊഴിൽ നഷ്ടം വർധിക്കാനിടയാക്കി. തൊഴിൽ നഷ്ടം റിപ്പോർട്ട് ചെയ്യാനായിരുന്നു കമ്മീഷനോട് നിർദേശിച്ചത്. കമ്മീഷൻ പരിഹാര നിർദേശം വച്ചിട്ടില്ല.


അഴിമതി തടയാൻ കർശന നടപടിയുണ്ടാകും. പൗരന്മാരുടെ ജീവനും സ്വത്തിനും മാനത്തിനും സംരക്ഷണം ഉറപ്പുവരുത്തുന്ന തരത്തിൽ പൊലീസ് സംവിധാനത്തിൽ മാറ്റം വരുത്തും. വർഗീയ-സാമുദായിക സംഘർഷം സൃഷ്ടിക്കുന്നവരെ കർശനമായി നേരിടും. അഴിമതിക്കേസുകളിലും പെൺവാണിഭക്കേസുകളിലും പ്രതികൾ രക്ഷപ്പെടുന്നതും സാക്ഷികൾ കൂറുമാറുന്നതുമൊക്കെ തടയും. മുൻ സർക്കാരിന്റെ കാലത്തെ അഴിമതികളെക്കുറിച്ച് പരിശോധിക്കും. എസ്.എൻ.സി. ലാവ്‌ലിൻ കേസ് സി.ബി.ഐ. അന്വേഷിക്കുകയാണെന്നും സംസ്ഥാന സർക്കാരിന് ഒന്നും ചെയ്യാനില്ലെന്നും മുഖ്യമന്ത്രി ചോദ്യത്തിന് മറുപടിയായി പറഞ്ഞു. യു.ഡി.എഫാണ് കേസ് വിജിലൻസിനെ ഏല്പിച്ചത്. അഞ്ചുവർഷം അവർ അന്വേഷിച്ചു. ഇടയ്ക്കിടെ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റി. പിന്നീട് അവർ തന്നെ അന്വേഷണം സി.ബി.ഐക്ക് വിട്ടു. മുഖ്യമന്ത്രി പറഞ്ഞു. തിരുവനന്തപുരം പ്രസ് ക്ലബ്ബിന്റെ 'മീറ്റ് ദ പ്രസ്സി'ൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

## മുഖ്യമന്ത്രിയുടെ പ്രഖ്യാപനം
# തുടികൊട്ടിപ്പാടുന്നു കാടിന്റെ മക്കൾ

"പെരുത്ത് സന്തോഷം. എനി നമ്മക്ക് ആരം പേടിക്കാതെ കൂരേൽ കെടന്നൊറങ്ങാലോ, അന്ന് വി.എസ്. വന്നപ്പോൾ പറഞ്ഞത് വെറുതെയായില്ല. മുഖ്യമന്ത്രിയായ ദെവസം തന്നെ ഞങ്ങക്ക് ഭൂമി തരുന്ന ഒറപ്പ് തന്നല്ലോ. ഈ ഭൂമിയന്നെ കിട്ടണം. നല്ല മണ്ണാ..." മുട്ടിൽമലയിൽ ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ അവകാശം സ്ഥാപിച്ച ഭൂമിയിൽ കുടിൽകെട്ടി താമസിക്കുന്ന പാർവതി ആവേശത്തിലാണ്. നാലു വർഷമായി കൃഷി ചെയ്ത് താമസിക്കുന്ന ഭൂമിയിൽ നിന്ന് ഇറങ്ങിപ്പോകണ്ടല്ലോ എന്ന ആശ്വാസമാണ് ഈ വീട്ടമ്മയുടെ മുഖത്ത്.

നിക്ഷിപ്ത വനഭൂമിയിൽ അവകാശം സ്ഥാപിച്ച ആദിവാസി കുടുംബങ്ങൾ മുഖ്യമന്ത്രി വി.എസിന്റെ പ്രഖ്യാപനം ആവേശത്തോടെയാണ് സ്വാഗതം ചെയ്തത്. പ്രഖ്യാപനം അറിഞ്ഞ ഉടൻ തുടി കൊട്ടിപ്പാടിയും നൃത്തം ചെയ്തും മുദ്രാവാക്യം മുഴക്കിയും പടക്കം പൊട്ടിച്ചും കാടിന്റെ മക്കൾ ആഘോഷിക്കുകയായിരുന്നു.


കൽപ്പറ്റയിൽ നിന്നും എട്ട് കിലോമീറ്റർ അകലെയുള്ള മുട്ടിൽമലയിലെ എ.കെ.എസിന്റെ സമര കേന്ദ്രത്തിൽ നാല്പത് കുടുംബങ്ങൾ നാലു വർഷമായി താമസിക്കുന്നു. 90 ഏക്കർ വനഭൂമിയിലാണ് കുടിൽ കെട്ടി കൃഷി ആരംഭിച്ചത്. നാല് ദിവസം മുമ്പ് വി.എസ്. ഇവിടെ സന്ദർശിക്കുകയും എൽ.ഡി.എഫ് അധികാരത്തിൽ വന്നാൽ ഭൂമിക്ക് പട്ടയം നൽകുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.



വയനാട്ടിലെ 19 കേന്ദ്രങ്ങളിലായി അയ്യായിരം ഏക്കർ നിക്ഷിപ്ത വനഭൂമിയിലാണ് ആദിവാസി ക്ഷേമനിധിയുടെ നേതൃത്വത്തിൽ രണ്ടായിരത്തോളം കുടുംബങ്ങൾ അവകാശം സ്ഥാപിച്ചത്. ഓരോ കുടുംബവും ഒരേക്കറോളം ഭൂമിയിലാണ് അവകാശം സ്ഥാപിച്ചതെന്ന് ഭൂസമരസഹായസമിതി ജില്ലാ കൺവീനർ സി.കെ. ശശീന്ദ്രൻ പറഞ്ഞു.

2002 മാർച്ച് ഒമ്പതിന് തിരുനെല്ലി പഞ്ചായത്തിലെ പനവല്ലിയിലാണ് ഭൂസമരം ആരംഭിച്ചത്. സമരത്തെ മൃഗീയമായാണ് യു.ഡി.എഫ്. സർക്കാർ നേരിട്ടത്. 1476 പേരെ അറസ്റ്റ് ചെയ്ത് ദിവസങ്ങളോളം ജയിലിലടച്ചു. അയ്യായിരത്തോളം ആദിവാസികളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തു. ഗൗരവമുള്ള കേസുകൾ ഒഴികെയുള്ള എല്ലാ കേസുകളും പിൻവലിക്കുമെന്ന സർക്കാരിന്റെ പ്രഖ്യാപനവും ഈ ജനവിഭാഗത്തിനിടയിൽ ആശ്വാസം പകർന്നു.

(കടപ്പാട്- ***ദേശാഭിമാനി***)



## ഓസോൺ പാളി

സമീപകാലത്തെ ഏറ്റവും വലിയ പരിസ്ഥിതി ഭീഷണിയാണ് ഓസോൺ പാളിയിലെ ശോഷണം. എന്നാൽ ഓസോൺ പാളിയിലെ വിള്ളൽ ക്രമേണ ഇല്ലാതായി വരുന്നുവെന്നാണ് പുതിയ കണ്ടെത്തൽ. ജപ്പാനിലെ വിദഗ്ധരാണ് പഠനത്തിലൂടെ ഈ സത്യം പുറത്തുവിട്ടിരിക്കുന്നത്. സൂര്യനിൽ നിന്നുള്ള അപകടകാരിയായ അൾട്രാവയലറ്റ് രശ്മികളെ തടയുന്ന ഓസോൺ പാളി ജീവന്റെ നിലനില്പിന് അനിവാര്യമാണ്. ഓസോൺ പാളിയെ ശോഷിപ്പിക്കുന്ന വ്യവസായ വാതകങ്ങൾ അടുത്ത 50 വർഷത്തിനിടയിൽ വലിയ അളവിൽ കുറയുമെന്നാണ് നിഗമനം. 2050 ആകുമ്പോഴേക്കും ഓസോൺ പാളിയിലെ വിള്ളൽ അപ്രത്യക്ഷമാകുമത്രെ! അന്റാർട്ടിക്കയ്ക്ക് മുകളിലാണ് ഇപ്പോൾ ഓസോൺ പാളിയിൽ കാര്യമായ വിള്ളലുള്ളതായി കണ്ടെത്തിയിട്ടുള്ളത്.



## ഇഗ്വാന

ഒരിക്കൽ വളർന്നാൽ പിന്നെ ചെറുതാവുക അസാധ്യം. എന്നാൽ ഗാലപാഗസ് ദ്വീപിലെ കടൽജീവിയായ ഇഗ്വാനയ്ക്ക് കാലാവസ്ഥയ്ക്കനുസൃതമായി ചുരുങ്ങാൻ കഴിയുമത്രെ.

പ്രിൻസ്ടൺ യൂണിവേഴ്സിറ്റിയിലെ പരിസ്ഥിതി ശാസ്ത്രജ്ഞനായ മാർട്ടിൻ വിക്കെൽസ്കി 20 വർഷത്തോളം നടത്തിയ ഗവേഷണത്തിനൊടുവിലാണ് വിശ്വസിക്കാനാവാത്ത ഈ വസ്തുത സത്യമാണെന്ന് കണ്ടെത്തിയത്. ഈ ചെറുതാവൽ 6 സെ.മീ. വരെയായിട്ടുണ്ട് എന്നും മാർട്ടിൻ വിക്കെൽസ്കി വെളിപ്പെടുത്തുന്നു.




## എ. പ്രഭാകരന് എൻ.വി. വിജ്ഞാന പുരസ്കാരം

ഭാഷാപണ്ഡിതനും സ്വാതന്ത്ര്യ സമരസേനാനിയും പത്രപ്രവർത്തകനും അധ്യാപകശ്രേഷ്ഠനുമായ എൻ.വി. കൃഷ്ണവാര്യരുടെ പേരിൽ എൻ.വി. സാഹിത്യവേദി നൽകിവരുന്ന വിജ്ഞാന സാഹിത്യപുരസ്കാരത്തിന് ഈ വർഷം അർഹനായത് പ്രശസ്ത മാധ്യമ പ്രവർത്തകനും എഴുത്തുകാരനുമായ എ.പ്രഭാകരനാണ്. മലയാളികളുടെ അഭിമാനവും ബഹിരാകാശ യത്നങ്ങളുടെ അധ്യക്ഷനും ആയ ജി. മാധവൻനായരുടെയും ബഹിരാകാശയത്നങ്ങളുടെയും കഥയായ 'മാധവ കഥ മാനത്തെ വിജയഗാഥ' എന്ന പുസ്തകത്തിനാണ് അവാർഡ് ലഭിച്ചത്. സർവകലാശാല വൈസ് ചാലൻസലർ ഡോ. എം.കെ. രാമചന്ദ്രൻനായർ പുരസ്കാരം സമർപ്പിച്ചു.




## തേജസ് പറന്നു തുടങ്ങി

ശബ്ദാതിവേഗ മിസൈൽവാഹകവിമാനമായ തേജസ് പറന്നുതുടങ്ങി. തേജസ്സിന്റെ ആദ്യരൂപം ബാംഗ്ലൂരിൽ പരീക്ഷണപ്പറക്കൽ നടത്തി. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഭാരം കുറഞ്ഞ വിമാനമാണിത്. വ്യോമസേനയുടെ ഉപയോഗത്തിനായി നിർമിക്കുന്നതാണ് തേജസ്സ്. പരീക്ഷണപ്പറക്കലിനുശേഷം ആവശ്യമായ മാറ്റങ്ങൾ വരുത്തും. രണ്ട് മിസൈലും വഹിച്ചുകൊണ്ടാണ് പരീക്ഷണപ്പറക്കൽ നടത്തിയത്. വ്യോമസേനയിൽ നിലവിലുള്ള മറ്റ് വിമാനങ്ങൾക്ക് പകരമായിരിക്കും തേജസ്സ്.



## പാസീവ് സ്മോക്കിങ്

പുകവലിക്കാർ മാത്രമല്ല പുകവലിക്കാരുടെ അടുത്തിരിക്കുന്നവരും ജാഗ്രതൈ! അവൻ ഏതു നിമിഷവും വരാം– 'ഡയബറ്റിസ്' എന്ന ഭീകരൻ. പാസീവ് സ്മോക്കിങ് ഡയബറ്റിസിന് കാരണമാകുമെന്നാണ് പുതിയ കണ്ടുപിടിത്തം. ബർമിങ്ഹാം, അലബാമ, ചിക്കാഗോ, മിന്നെപോളിസ്, മിന്നെസോട്ടെ, ഓക്‌ലന്റ്, കാലിഫോർണിയ എന്നിവിടങ്ങളിൽ നിന്നുള്ള 4500 സ്ത്രീപുരുഷന്മാരിൽ അമേരിക്കൻ ഗവേഷകർ നടത്തിയ പരീക്ഷണങ്ങളാണ് ഈ കണ്ടെത്തലിന് പിന്നിൽ. പാസീവ് സ്മോക്കിങ്ങിന് വിധേയരാകുന്നവരിൽ ഇൻസുലിന്റെ ഉത്പാദനം കുറയുമെന്നാണ് ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിരിക്കുന്നത്.



## നേപ്പാളിൽ പുതിയ പ്രധാനമന്ത്രി



നേപ്പാളിലെ പുതിയ പ്രധാനമന്ത്രിയായി നേപ്പാളി കോൺഗ്രസ് നേതാവ് ഗിരിജാ പ്രസാദ് കൊയിരാള നിയമിതനായി. 2006 ഏപ്രിൽ 30ന് ഇദ്ദേഹം അധികാരമേറ്റു. 2002-ൽ പിരിച്ചുവിട്ട പാർലമെന്റ് തിരികെക്കൊണ്ടുവരണമെന്ന ജനങ്ങളുടെ സമ്മർദത്തിന് നേപ്പാൾ രാജാവ് ജയ്നേന്ദ്ര വഴങ്ങുകയായിരുന്നു.

## സുനിത ലിൻ വില്യംസ്



ഇൻഡോ-അമേരിക്കക്കാരിയായ സുനിത ലിൻ വില്യംസിനെ ഇന്റർനാഷണൽ സ്പേയ്സ് സ്റ്റേഷൻ എക്സ്പെഡിഷൻ-10 ലേക്ക് നിയോഗിക്കപ്പെട്ട സംഘത്തിലെ അംഗമായി തെരഞ്ഞെടുത്തു. യു.എസ്. സ്പെയ്സ് ഏജൻസിയായ നാസയാണ് ഈ തെരഞ്ഞെടുപ്പ് നടത്തിയത്.

## ബി. രാമലിംഗരാജു



നാഷണൽ അസോസിയേഷൻ ഓഫ് സോഫ്റ്റ് വെയർ ആന്റ് സർവീസ് കമ്പനികളുടെ (NASSCOM) 2006-07 ലെ ചെയർമാനായി സത്യം കമ്പ്യൂട്ടർ സർവീസസ് ചെയർമാൻ ബി. രാമലിംഗരാജു നിയമിതനായി. കിരൺ കാർത്തികിന് ശേഷമാണ് ഇദ്ദേഹം ആ സ്ഥാനത്തെത്തുന്നത്.

## കിംഗ് ഫൈസൽ ഇന്റർനാഷണൽ പുരസ്കാരം



പ്രശസ്ത ഗണിതശാസ്ത്രജ്ഞൻ പ്രൊഫ. എം.എസ്. നരസിംഹൻ 2006-ലെ കിംഗ് ഫൈസൽ ഇന്റർനാഷണൽ പുരസ്കാരത്തിന് അർഹനായി. ഗണിതശാസ്ത്രവും ഭൗതികശാസ്ത്രവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന സിദ്ധാന്തങ്ങളിലുള്ള ഇദ്ദേഹത്തിന്റെ സംഭാവനകൾക്കാണ് അവാർഡ്.

## മിസിസ് വേൾഡ്

2006-ലെ മിസിസ്. വേൾഡായി അർഴക്കോവ്സ്ക്യ തെരഞ്ഞെടുക്കപ്പെട്ടു. റഷ്യക്കാരിയാണ് ഇവർ. ഏപ്രിൽ 29ന് സെന്റ് പീറ്റേർസ് ബർഗിലാണ് (റഷ്യ) മത്സരം സംഘടിപ്പിച്ചത്. ലോകത്തെമ്പാടും നിന്നുള്ള 34 സുന്ദരികളിൽ നിന്നാണ് അർഴക്കോവ്സ്ക്യ തെരഞ്ഞെടുക്കപ്പെട്ടത്.



## നാലരവയസ്സുകാരന് ലോക റെക്കാർഡ്

നാലര വയസ്സുകാരന് ഓട്ടത്തിൽ ലോക റെക്കാർഡ്. ഒറീസ്സയിലെ ബുധിയാസിംഗ് ആണ് ഈ ബാലൻ. 2006 മേയ് 2ന് 7.02 മണിക്കൂർ കൊണ്ട് 65 കി.മീ. ദൂരം ഓടിയാണ് ഈ ബാലൻ റെക്കാർഡ് സൃഷ്ടിച്ചത്. 'ലിംക ബുക് ഓഫ് വേൾഡ് റെക്കാർഡ്സി'ന്റെ 2007എഡിഷനിൽ ഈ ബാലന്റെ പേര് കയറും.



## കൂടുതൽ ശക്തിയുള്ള ടെലസ്കോപ്പ്

ഇപ്പോഴുള്ളതിനെക്കാൾ 1,00,000 മടങ്ങ് ശക്തി കൂടിയ ടെലസ്കോപ്പ് കണ്ടുപിടിച്ചു. അമേരിക്കയിൽ മാസാച്ചുസെറ്റ്സിലെ പരീക്ഷണശാലയിലാണ് ഈ കണ്ടുപിടിത്തം നടന്നത്. ഭൂമിക്ക് പുറത്തെ ഗ്രഹങ്ങളിലും മറ്റും നിന്നുള്ള പ്രകാശരേണുക്കൾ ഭൂമിയിലേക്ക് സംപ്രേഷണം ചെയ്യുന്നത് കണ്ടുപിടിക്കാൻ ഈ ടെലസ്കോപ്പിലൂടെ കഴിയും. കാലിഫോർണിയയിലെ പ്ലാനറ്ററി സൊസൈറ്റിയാണ് ഈ ടെലസ്കോപ്പ് വികസിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നല്കുന്നത്. ഹാർവാഡ് യൂണിവേഴ്സിറ്റിയിലെ സ്മിത്ത് സോണിയൻ സെന്റർ ഫോർ ആസ്ട്രോ ഫിസിക്സ്, ഓക്റിഡ്ജ് നിരീക്ഷണ കേന്ദ്രത്തിലാണ് ഈ ടെലസ്കോപ്പ് വികസിപ്പിക്കുന്നത്.

## ലോകകപ്പ് ക്രിക്കറ്റ്

2011-ലെ ക്രിക്കറ്റ് വേൾഡ് കപ്പിന്റെ ആതിഥേയർ ഏഷ്യക്കാർ. 2006 ഏപ്രിൽ 30ന് ദുബായിൽ വച്ചു ചേർന്ന ഇന്റർനാഷണൽ ക്രിക്കറ്റ് കൗൺസിൽ യോഗത്തിൽ വച്ചാണ് ഈ തീരുമാനമുണ്ടായത്. ഇന്ത്യ, പാകിസ്ഥാൻ, ശ്രീലങ്ക, ബംഗ്ലാദേശ് സംയുക്ത സംരംഭമായിരിക്കും ക്രിക്കറ്റ് വേൾഡ് കപ്പ് - 2011. 1996ന് ശേഷമായിരിക്കും (15 വർഷങ്ങൾക്ക് ശേഷം) വീണ്ടും വേൾഡ്കപ്പ് ഏഷ്യയിലെത്തുക. 1996-ൽ ഇന്ത്യയും പാകിസ്ഥാനും ശ്രീലങ്കയുമായിരുന്നു ആതിഥേയർ. 2011-ലെ വേൾഡ്കപ്പിൽ ഇന്ത്യ 22 മാച്ചുകളിലും പാകിസ്ഥാൻ 14 മാച്ചുകളിലും ശ്രീലങ്ക 9 മാച്ചുകളിലും ബംഗ്ലാദേശ് 6 മാച്ചുകളിലും ആതിഥേയത്വം വഹിക്കും. 2015-ലെ വേൾഡ് കപ്പ് ആസ്ട്രേലിയയും ന്യൂസിലന്റും ചേർന്ന് സംഘടിപ്പിക്കും. 2019-ലേത് ഇംഗ്ലണ്ടും സംഘടിപ്പിക്കും.

